# അനന്ത മാഹാത്മ്യം

*(Dignitas Infinita)*



വിവർത്തനം : റവ. ഡോ. ജേക്കബ് പ്രസാദ്

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

# അനന്ത മാഹാത്മ്യം

## (*Dignitas Infinita*)

*ANANDHA MAHATHMYAM*: Malayalam version of the Declaration of the Dicastery for the Doctrine of the Faith
***Dignitas Infinita***

| | | |
|---|---|---|
| **Translated by** | **:** | Rev. Dr. Jacob Prasad |
| **Scrutinized by** | **:** | Rev. Dr. Michael Pulickal, CMI<br>Rev. Dr. Maria Michael Felix |
| **Malayalam Checked by** | **:** | Prof. Dr. Chev. Primus Perincherry |
| **Published by** | **:** | The Director, Pastoral Orientation Centre, The Secretariat, Kerala Catholic Bishops Council, Kochi - 682 025, Kerala, India<br>Phone: +914842 805722, 2805815<br>E-mail: pocpublications@gmail.com<br>Website: www.kcbc.in |
| **Copyright** | : | To the Publisher |
| **Published on** | : | 1 August 2024 |
| **Design and Layout** | : | Ambily Jose |
| **Printed at** | : | Viani Printers, Ernakulam |
| **Copies** | : | 1000 |
| **Price** | : | ₹ 130 |
| **ISBN** | : | 978-93-83423-72-9 |


@ Pastoral Orientation Centre

---

All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise, without prior written permission of the publisher.

വിശ്വാസപ്രബോധനസംബന്ധ മന്ത്രാലയം
പുറപ്പെടുവിച്ച മനുഷ്യമാഹാത്മ്യം സംബന്ധിച്ച
*Dignitas Infinita*
എന്ന പ്രഖ്യാപനം

# അനന്ത മാഹാത്മ്യം
## (*Dignitas Infinita*)

**വിവർത്തനം : റവ. ഡോ. ജേക്കബ് പ്രസാദ്**

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

# ഉള്ളടക്കം


അവതാരണം 13

ആമുഖം 19

അടിസ്ഥാനപരമായ ഒരു വിശദീകരണം 25

**1. മനുഷ്യമാഹാത്മ്യത്തിന്റെ കേന്ദ്രീയതയെക്കുറിച്ചു വർധിച്ചുവരുന്ന അവബോധം** 28

ബൈബിളിലെ കാഴ്ചപ്പാടുകൾ 29

ക്രൈസ്തവചിന്തയിലെ വികാസങ്ങൾ 32

സമകാലികം 34

**2. സഭ മനുഷ്യമാഹാത്മ്യം പ്രഖ്യാപിക്കുകയും പ്രോത്സാഹിപ്പിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുന്നു** 35

ദൈവത്തിന്റെ മായാത്ത ഛായ 36

ക്രിസ്തു മനുഷ്യമാഹാത്മ്യം ഉയർത്തുന്നു 36

സമ്പൂർണ മാഹാത്മ്യത്തിനായുള്ള വിളി 38

ഓരോരുത്തരുടെയും സ്വന്തമായ സ്വാതന്ത്ര്യത്തോടുള്ള പ്രതിജ്ഞാബദ്ധത 39

**3. മാഹാത്മ്യം, മനുഷ്യാവകാശങ്ങൾക്കും കടമകൾക്കും ആധാരം** 41

മനുഷ്യമാഹാത്മ്യത്തിന്, വ്യവസ്ഥകൾ ഇല്ലാത്ത ആദരം 41

മനുഷ്യസ്വാതന്ത്ര്യത്തിനുള്ള ഒരു വസ്തുനിഷ്ഠ
അടിസ്ഥാനം 42
മനുഷ്യവ്യക്തിയുടെ ബന്ധുത്വഘടന 43
ധാർമികവും സാമൂഹികവുമായ നിഷേധാത്മക
സ്വാധീനങ്ങളിൽനിന്ന് മനുഷ്യവ്യക്തിയെ
സ്വതന്ത്രമാക്കുന്നത് 46

**4. മനുഷ്യമാഹാത്മ്യത്തിന്റെ ഗുരുതരമായ ചില ലംഘനങ്ങൾ** 49

ക്ഷോഭജനകമായ ദാരിദ്ര്യം 52
യുദ്ധം 54
കുടിയേറ്റക്കാരുടെ ദുരവസ്ഥ 56
മനുഷ്യക്കടത്ത് 57
ലൈംഗിക അതിക്രമം 59
സ്ത്രീകൾക്കെതിരായ അതിക്രമം 60
ഭ്രൂണഹത്യ 62
വാടകഗർഭധാരണം (Surrogacy) 65
ദയാവധവും തുണയ്ക്കപ്പെട്ട ആത്മഹത്യയും 67
വൈകല്യങ്ങളുള്ളവരുടെ പാർശ്വവൽകരണം 69
ലിംഗസിദ്ധാന്തം (Gender Theory) 71
ലിംഗമാറ്റം (Sex Change) 74
വിവരവിതരണ സംബന്ധമായ അതിക്രമം
(Digital Violence) 75

# പ്രസാധകക്കുറിപ്പ്

മനുഷ്യമാഹാത്മ്യത്തെ സംബന്ധിച്ച അടിസ്ഥാനപരമായ കത്തോലിക്കാ പ്രബോധനം വ്യക്തമാക്കിക്കൊണ്ട് 2024 ഏപ്രിൽ 2-ാം തീയതി വിശ്വാസപ്രബോധനസംബന്ധ മന്ത്രാലയം (Dicastery for the Doctrine of the Faith) "അനന്ത മാഹാത്മ്യം" *(Dignitas Infinita)* എന്ന ഒരു ദൈവശാസ്ത്ര പ്രഖ്യാപനം (Declaration) പ്രസിദ്ധപ്പെടുത്തി. ഫ്രാൻസിസ് പാപ്പായുടെ അംഗീകാരത്തോടും അനുമതിയോടും കൂടെയാണ് മന്ത്രാലയം ഈ രേഖ പുറപ്പെടുവിച്ചത്.

"മനുഷ്യമാഹാത്മ്യം" എന്നാൽ എന്താണെന്നു രേഖ ആദ്യംതന്നെ വ്യക്തമാക്കുന്നു. ഓരോ മനുഷ്യവ്യക്തിയും അനന്തമായ മാഹാത്മ്യത്തിന്റെ ഉടമയാണ്. കാരണം, മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു (ഖ.1). ഓരോ മനുഷ്യവ്യക്തിയും ദൈവത്താൽ സ്നേഹിക്കപ്പെട്ടതും ആഗ്രഹിക്കപ്പെട്ടതുമായ ആളാണ്; അതിനാൽ ഹനിക്കപ്പെടാൻ പാടില്ലാത്ത ഒരു മാഹാത്മ്യം മനുഷ്യനുണ്ട് (11). യേശുതന്നെയും സാംസ്കാരികവും ആരാധനാപരവുമായ മതിൽക്കെട്ടുകൾ തകർത്തുകൊണ്ട്, നിരാകരിക്കപ്പെട്ടവരെന്നു മുദ്രകുത്തി സമൂഹത്തിന്റെ പാർശ്വങ്ങളിൽ മാറ്റിനിറുത്തിയിരുന്നവരുടെ ഔന്നത്യം ഉയർത്തിക്കാട്ടുകയുണ്ടായി (12). മനുഷ്യമാഹാത്മ്യം ഓരോ വ്യക്തിയുടെയും ഉണ്മയിൽ അഭേദ്യമാം വിധം ഇഴുകിച്ചേർന്നിരിക്കുന്നു; അത് ഏതു സാഹചര്യത്തിലും അവസ്ഥയിലും ഒരു വ്യക്തി നേരിടുന്ന എല്ലാ കാര്യങ്ങൾക്കും ഉപരിയായി നില്ക്കുന്നു. യുക്തി കൊണ്ടുമാത്രംപോലും പൂർണമായും തിരിച്ചറിയാനാകുന്ന ഈ തത്ത്വമാണ് മനുഷ്യവ്യക്തിത്വത്തിന്റെ

പ്രാമുഖ്യത്തിനും മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിനും ആധാരമായി നില്ക്കുന്നത് (14).

ഈ പശ്ചാത്തലത്തിലാണ് മനുഷ്യമാഹാത്മ്യത്തിനു വിരുദ്ധമായി നില്ക്കുന്ന 13 ഗുരുതരമായ അതിക്രമങ്ങളെകുറിച്ച് രേഖ പ്രതിപാദിക്കുന്നത്. അവയിൽ ചിലതിലേക്കു വിരൽചൂണ്ടുന്നത് ഈ രേഖയിലേക്കു പ്രവേശിക്കാൻ സഹായകമാകും. ദാരിദ്ര്യം മനുഷ്യമാഹാത്മ്യത്തിന്റെ നിഷേധം ആണെന്ന് രേഖ പറയുന്നു. ആധുനിക ലോകം ദാരിദ്ര്യം കുറച്ചു എന്ന അവകാശവാദം ഉണ്ട്. എന്നാൽ, ഇന്നത്തെ യാഥാർഥ്യങ്ങളോട് സമരസപ്പെടാത്ത കഴിഞ്ഞകാലത്തെ മാനദണ്ഡങ്ങൾകൊണ്ട് ദാരിദ്ര്യത്തെ അളക്കുന്നതുമൂലമാണ് ഈ അവകാശവാദം. അതിന്റെ ഫലമായി, ദാരിദ്ര്യം വിവിധ രൂപങ്ങൾ എടുക്കാൻ ഇടയാകുന്നു; അതായത്, കൂലിച്ചെലവ് എങ്ങനെയും കുറയ്ക്കണം എന്നുള്ള നിർബന്ധം അതിന്റെ ഗൗരവപൂണർമായ അനന്തരഫലങ്ങളെപ്പറ്റി ചിന്തിക്കുന്നതേയില്ല; അങ്ങനെ അത് നേരിട്ട് തൊഴിലില്ലായ്മ സൃഷ്ടിക്കുകയും, തുടർന്ന് ദാരിദ്ര്യം വർധിക്കാൻ ഇടയാകുകയും ചെയ്യുന്നു (37).

"ന്യായമായ യുദ്ധം" (just war) എന്ന തത്ത്വംപോലും ഇന്ന് നിലനില്ക്കില്ല. ന്യായമായ യുദ്ധത്തിന്റെ സാധ്യതയെപ്പറ്റി പറയാൻ കഴിഞ്ഞ നൂറ്റാണ്ടുകളിൽ രൂപംകൊടുത്ത യുക്തിസഹമായ മാനദണ്ഡങ്ങൾ അവലംബിക്കുകയെന്നത് ഇന്നു വളരെ പ്രയാസമുള്ള ഒന്നാണ്. ഭീകരവാദവും അക്രമവും യുദ്ധവും നിതീകരിക്കാൻ ദൈവനാമം ഉദ്ധരിക്കുന്നയാൾ ദൈവീകപാതയിലൂടെയല്ല സഞ്ചരിക്കുന്നത്. മതത്തിന്റെ പേരിലുള്ള യുദ്ധം മതത്തിനെതിരായിത്തന്നെ ഉള്ളതായി മാറുന്നു (39). കുടിയേറ്റക്കാർ മനുഷ്യരാണെന്നുള്ള കാര്യം ആരും പരസ്യമായി നിഷേധിച്ചേക്കില്ല; എന്നാലും പ്രയോഗത്തിൽ, തീരുമാനങ്ങൾകൊണ്ടും, പെരുമാറുന്ന രീതികൊണ്ടും, നമ്മൾ അവരെ യോഗ്യത കുറഞ്ഞവരും പ്രാധാന്യംകുറഞ്ഞവരും മനുഷ്യത്വം കുറഞ്ഞവരുമായി കരുതുന്നുവെന്ന് വ്യക്തമാക്കുന്നു (40).

മനുഷ്യക്കടത്ത് മനുഷ്യരാശിക്ക് എതിരായ ഒരു ക്രിമിനൽ കുറ്റമാണ്. അത് അതിനു വിധേയമാകുന്ന ഇരയുടെ മാനുഷികഭാവത്തെ ആഴത്തിൽ വികൃതമാക്കുന്നു; അത് അവന്റെയോ അവളുടെയോ

സ്വാതന്ത്ര്യവും മാഹാത്മ്യവും ഹനിക്കുന്നു. മറുവശത്ത്, അത് നിർവഹിക്കുന്ന ആളുകളുടെ മനുഷ്യത്വത്തെതന്നെ ഇല്ലാതാക്കുന്നു (42).

ലൈംഗികമായ അതിക്രമം അനുഭവിച്ചിട്ടുള്ളവരുടെ മാനുഷിക മാഹാത്മ്യത്തിനുമേൽ വലിയ മുറിവുകൾ ഉണ്ടാകുന്നു. ഇവയൊക്കെ ജീവിതകാലംമുഴുവൻ നീണ്ടുനിൽക്കുന്ന, ഒരുതരം പശ്ചാത്താപത്തിനും പരിഹാരം കണ്ടെത്താൻ സാധിക്കാത്ത, സഹനങ്ങളാണ് (43).

സ്ത്രീകൾക്കെതിരായ അതിക്രമവും മനുഷ്യമാഹാത്മ്യത്തിന് വിരുദ്ധമാണ്. ഒഴിവാക്കപ്പെടലിന്റെയും മോശമായ പെരുമാറ്റത്തിന്റെയും അക്രമത്തിന്റെയും ഇരകളാകുന്ന സ്ത്രീകൾ ഇരുമടങ്ങ് ദരിദ്രരാണ്; കാരണം, മിക്കപ്പോഴും തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ അവർ പൂർണമായും പ്രാപ്തരല്ല (44).

മനുഷ്യവ്യക്തിയുടെ മാഹാത്മ്യം ഗർഭധാരണനിമിഷം മുതൽ സാധാരണയുള്ള മരണംവരെ നിലനില്ക്കുന്നതിനാൽ ഭ്രൂണഹത്യയും ദയാവധവും മനുഷ്യമാഹാത്മ്യത്തിന് ഒട്ടും ചേർന്നതല്ല. മനഃപൂർവം നടത്തുന്ന ഗർഭച്ഛിദ്രം, അത് ഏതു മാർഗം ഉപയോഗിച്ചു നടത്തിയാലും, മനുഷ്യജീവൻ, അവന്റെ അല്ലെങ്കിൽ അവളുടെ അസ്തിത്വത്തിന്റെ ആദിമദിശയിൽ ആയിരിക്കുമ്പോൾ, അതിനെ ബോധപൂർവ്വം നേരിട്ടുകൊല്ലുന്ന പ്രവൃത്തിയാണ്. ഈ അസ്തിത്വം ഗർഭധാരണം മുതൽ മരണംവരെ വ്യാപിച്ചുകിടക്കുന്നതാണ് (47, 51, 52).

വാടകഗർഭധാരണ രീതിക്കെതിരായി സഭ നിലപാടെടുക്കുന്നു. കാരണം, അതുവഴിയായി അളക്കാനാവാത്ത മൂല്യമുള്ള ഒരു ശിശു കേവലം ഒരു വസ്തുവായി ഭവിക്കുന്നു. മാത്രമല്ല, അമ്മയുടെ ഭൗതിക ആവശ്യങ്ങളുടെ പശ്ചാത്തലത്തിൽ അതിനെ ചൂഷണം ചെയ്യുന്നതിന്റെ ഭാഗമായി സ്ത്രീയുടെയും മാഹാത്മ്യം ഗൗരവമായ രീതിയിൽ ധ്വംസിക്കുന്ന ഒന്നാണത് (48). ഒരു കുഞ്ഞ് ഉണ്ടായിരിക്കുക എന്ന ന്യായമായ ആഗ്രഹം ഒരു കുഞ്ഞ് ഉണ്ടായിരിക്കുക എന്ന അവകാശമായി രൂപാന്തരപ്പെടുത്താനാവില്ല; കാരണം, അത് ജീവന്റെ ദാനത്തിന്റെ സ്വീകർത്താവ് എന്ന നിലയിൽ ആ കുഞ്ഞിന്റെ മാഹാത്മ്യം ബഹുമാനിക്കുന്നതിൽ പരാജയപ്പെടുന്നു (49).

വൈകല്യങ്ങൾ ഉള്ളവരുടെ പാർശ്വവൽകരണവും മനുഷ്യ മാഹാത്മ്യത്തിന് ചേർന്നതല്ല. ഒരു സമൂഹത്തിൽ അതീവ പ്രതികൂല അവസ്ഥയിൽ ആയിരിക്കുന്ന ഓരോ ആളിനെയും തുണക്കുന്നുണ്ടോ എന്നതാണ് ആ സമൂഹം ഓരോ വ്യക്തിയുടെയും മാഹാത്മ്യം നില നിർത്തുന്നതിനായി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടോ എന്നതിന്റെ മാനദണ്ഡം (53).

ലൈംഗിക സിദ്ധാന്തത്തെ (gender theory)ക്കുറിച്ച് പ്രതിപാദിക്കുന്ന ഈ പ്രഖ്യാപനം L.G.B.T.Q.A.+ ആളുകളുടെ മനുഷ്യമാഹാത്മ്യം, ഈ ചുരുക്കെടുത്ത് ഉപയോഗിക്കാതെതന്നെ, ഊന്നിപ്പറയുന്നു. ലൈംഗിക ആഭിമുഖ്യം എന്തെന്ന് കണക്കിലെടുക്കാതെതന്നെ ഓരോ വ്യക്തിയും, അവന്റെയും അവളുടെയും മാഹാത്മ്യത്തിനൊത്തവിധം, ബഹുമാനിക്ക പ്പെടുകയും പരിഗണിക്കപ്പെടുകയും ചെയ്യണം; അന്യായമായ വിവേച നത്തിന്റേതായ എല്ലാ അടയാളങ്ങളും, പ്രത്യേകിച്ച് കൈയേറ്റത്തി ന്റെയും ആക്രമണത്തിന്റെയും സ്വഭാവമുള്ളവ, ഒഴിവാക്കപ്പെടണം. അക്കാരണത്താൽ, ചില സ്ഥലങ്ങളിൽ തങ്ങളുടെ ലൈംഗിക ആഭി മുഖ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വളരെപ്പേർ തടവിലാക്ക പ്പെട്ടിരിക്കുന്നതും മർദിക്കപ്പെട്ടിരിക്കുന്നതും, എന്നല്ല സ്വൈരജീവിത ത്തിനുള്ള എല്ലാ സാധ്യതകളും നിഷേധിക്കപ്പെട്ടിരിക്കുന്നതുമായ സാഹചര്യങ്ങൾ നിലനില്ക്കുന്നത്, മാനുഷികമാഹാത്മ്യത്തിന് വിരുദ്ധമാണെന്നവിധം അപലപിക്കപ്പെടേണ്ടതാണ് (55). അതേ സമയം, ലൈംഗിക സിദ്ധാന്തത്തിനെതിരായി ഈ പ്രഖ്യാപനം നിലപാടെടുക്കുന്നു. കാരണം, അത് ജീവികൾ തമ്മിൽ നിലനില്ക്കുന്ന ഏറ്റവും അടിസ്ഥാനപരമായ ലിംഗപരമായ വ്യത്യാസം നിഷേധിക്കാൻ താത്പര്യപ്പെടുന്നു (58). ലിംഗസിദ്ധാന്തം അനുശാസിക്കുന്നവിധ ത്തിൽ, വ്യക്തിപരമായ ഒരു സ്വയം നിർണയത്തിന് (self determination) ആഗ്രഹിക്കുമ്പോൾ, മനുഷ്യജീവിതം ഒരു ദാനമാണെന്ന മൗലിക സത്യം അവഗണിച്ചുകൊണ്ട്, സ്വയം ദൈവമാക്കാനുള്ള ആ പുരാതന പ്രലോഭനത്തിനു വഴങ്ങുന്നതിനു തുല്യമാണ് (57).

ഈ പ്രഖ്യാപനം ലിംഗമാറ്റത്തെ (sex change) യും എതിർക്കുന്നു. കാരണം, ലിംഗമാറ്റത്തിനായുള്ള ഏതൊരുതരം ശസ്ത്രക്രിയയും, യഥാർഥത്തിൽ വ്യക്തിക്ക് ഉദരത്തിൽ ഉരുവാക്കപ്പെട്ട നേരംമുതൽ

ലഭ്യമായിട്ടുള്ള അനിതരസാധാരണമായ മാഹാത്മ്യം അപകടപ്പെടുത്തുന്ന ഭീഷണി ഉയർത്തുന്നു. എന്നാൽ, ജന്മനാതന്നെയോ പിന്നീടോ ലൈംഗികമായി ക്രമരഹിതമായ പ്രശ്നങ്ങളുള്ളവർ ആരോഗ്യ പരിപാലന പ്രവർത്തകരുടെ സഹായംതേടുന്നത് ഇവിടെ ഒഴിവാക്കുന്നില്ല (60).

നമ്മുടെ ഈ കാലഘട്ടത്തിന്റെ പ്രത്യേകതയായ digital violence ("വിവരവിതരണസംബന്ധ അതിക്രമം") മനുഷ്യമാഹാത്മ്യത്തെ ഹനിക്കുന്നതാണ്. യഥാർഥമായ വ്യക്ത്യന്തരബന്ധങ്ങളുടെ വികസനം തടഞ്ഞുകൊണ്ട് ആസക്തി, ഒറ്റപ്പെടൽ, മൂർത്ത യാഥാർഥ്യവുമായുള്ള ബന്ധത്തിന്റെ ക്രമേണയുള്ള ശോഷണം എന്നീ അപകടങ്ങൾക്കു ആളുകളെ വിധേയരാക്കാൻ ഡിജിറ്റൽ മീഡിയായ്ക്ക് കഴിയും (61).

സന്മാർഗശാസ്ത്രത്തിലും ദൈനംദിനമുള്ള ക്രൈസ്തവജീവിതത്തിലും വളരെയേറെ പ്രസക്തിയുള്ള ഒരു രേഖയാണിത്. പല സമകാലിക ചോദ്യങ്ങൾക്കും വ്യക്തവും സമഗ്രവുമായ ഉത്തരങ്ങൾ ഇത് നല്കുന്നു. അതിനാൽ ഈ രേഖ ഒരു പ്രഭയാർന്ന മാർഗദീപമാണ്.

ഈ രേഖയുടെ പരിഭാഷ നടത്തിയ റവ. ഡോ. ജേക്കബ് പ്രസാദിനെ ഹൃദയപൂർവം അഭിനന്ദിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു. ഇതിന്റെ സൂക്ഷ്മപരിശോധന നടത്തിയ റവ. ഡോ. മൈക്കിൾ പുളിക്കൽ CMI, റവ. ഡോ. മരിയ മൈക്കിൾ ഫെലിക്സ്, മലയാള ഭാഷാസംശോധനം നടത്തിയ ഷെവലിയർ ഡോ. പ്രീമൂസ് പെരിഞ്ചേരി എന്നിവരോടുള്ള നന്ദിയും പ്രകാശിപ്പിക്കുന്നു.

ഇതിന്റെ ഡി. റ്റി. പി. ചെയ്ത ശ്രീമതി അമ്പിളി ജോസ്, അമ്മിണി ഫ്രാൻസിസ്, സിസ്റ്റർ കാർമൽ ബിയാട്രീസ് ASC എന്നിവരോടുള്ള കൃതജ്ഞതയും അറിയിക്കുന്നു. ഇതിന്റെ മുദ്രണം നിർവഹിച്ച വിയാനി പ്രിന്റിംഗ്സിനോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

**ഫാദർ ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ.സി.ബി.സി.,
ഡയറക്ടർ, പി.ഒ.സി.

പാലാരിവട്ടം, കൊച്ചി
ആഗസ്റ്റ് 1, 2024

**വിശ്വാസപ്രബോധനസംബന്ധ മന്ത്രാലയത്തിന്റെ മനുഷ്യമാഹാത്മ്യം സംബന്ധിച്ച "അനന്ത മാഹാത്മ്യം" (*Dignitas Infinita*) എന്ന പ്രഖ്യാപനം**

## അവതാരണം

2019 മാർച്ച് 15-ാം തീയതി കൂടിയ കോൺഗ്രസിൽ (*Congresso*) അന്നത്തെ വിശ്വാസപ്രബോധനസംബന്ധ തിരുസംഘം "ഒരു ടെക്സ്റ്റ് രൂപപ്പെടുത്തുന്നത് ആരംഭിക്കാൻ തീരുമാനിച്ചു; അതായത്, ക്രിസ്തീയ നരവംശ ശാസ്ത്രത്തിലധിഷ്ഠിതമായ മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തിന്റെ ഒഴിച്ചുകൂടാനാവാത്ത സ്വഭാവം ഉയർത്തിക്കാട്ടുന്ന ഒരു ടെക്സ്റ്റ് രൂപപ്പെടുത്താനും അതിൽ പ്രസ്തുത ചിന്തയുടെ അർഥവും അതുവഴിയായി സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക തലങ്ങളിൽ ഉണ്ടാകാവുന്ന ഗുണഗണങ്ങളെക്കുറിച്ച് വിചിന്തനം നടത്താനും; അതോടൊപ്പംതന്നെ പഠന-ഗവേഷണ രംഗങ്ങളിൽ തൽസംബന്ധമായി അക്കാദമികതലങ്ങളിൽ ഉണ്ടായിട്ടുള്ള വികാസപരിണാമങ്ങളിലെ ഏറ്റവും പുതിയ ചിന്താധാരയും അത് ഇന്ന് മനസ്സിലാക്കുന്നതിനുള്ള വ്യത്യസ്ത ഭാവങ്ങളും കണക്കിലെടുത്തുകൊണ്ടു തന്നെ." പ്രസ്തുത ടെക്സ്റ്റിന്റെ ആദ്യ കരടുരൂപം (initial draft) ചില വിദഗ്ധരുടെ സഹായത്തോടെ 2019-ൽതന്നെ തയ്യാറാക്കപ്പെട്ടു. എന്നാൽ, ആ വർഷംതന്നെ ഒക്ടോബർ 8-ാം തീയതി കൂടിയ "പരിമിതീകൃത സമ്മേളനത്തിൽ" (*Consulta Ristretta*) അത് പഠന വിഷയമാക്കുകയും ആ കരട് തൃപ്തികരമല്ലെന്ന് കണ്ടെത്തുകയും ചെയ്തു.

തുടർന്ന്, വിശ്വാസപ്രബോധനകാര്യാലയം പല വിദഗ്ധരുടെയും ചിന്തകൾ സ്വീകരിച്ചുകൊണ്ട് പുതിയൊരു (*ex novo*) കരടുരൂപം തയ്യാറാക്കുകയുണ്ടായി. അത് 2021 ഒക്ടോബർ 4-ാം തീയതി "പരിമിതീകൃതസമ്മേളനത്തിൽ" വീണ്ടും അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയുമുണ്ടായി. 2022 ജനുവരി മാസത്തിൽ പുതിയ കരടുരൂപം തിരുസംഘ

ത്തിന്റെ സമ്പൂർണസമ്മേളനത്തിൽ (Plenary Session) അവതരിപ്പിക്കപ്പെട്ടപ്പോൾ അംഗങ്ങൾ അത് അല്പം ഹ്രസ്വമാക്കാനും ലളിതവല്കരിക്കാനും മുതിരുകയുണ്ടായി.

അതിനെതുടർന്ന് 2023 ഫെബ്രുവരി 6-ാം തീയതി "പരിമിതീകൃത സമ്മേളനം" തിരുത്തപ്പെട്ട പുതിയ കരടുരൂപം വിലയിരുത്തുകയും ചില വ്യത്യാസങ്ങൾ കൂട്ടിച്ചേർക്കാനായി നിർദേശിക്കുകയും ചെയ്തു. 2023 മെയ് 3-ാം തീയതി ബുധനാഴ്ച പുതുക്കിയ രൂപം മന്ത്രാലയത്തിന്റെ സാധാരണ കൂടിവരവിൽ (Ordinary Session of the Dicastery) അംഗങ്ങളുടെ പരിഗണനയ്ക്കായി വയ്ക്കുകയുണ്ടായി; ചെറിയ വ്യത്യാസങ്ങളോടെ പ്രസ്തുതരേഖ പ്രസിദ്ധപ്പെടുത്താം എന്ന് അംഗങ്ങൾ സമ്മതിക്കുകയും ചെയ്തു. ആ കൂടിവരവിലെ വിചിന്തനങ്ങൾ ഫ്രാൻസിസ് പാപ്പാ 2023 നവംബർ 13-ാം തീയതി എനിക്കു നല്കിയ കൂടിക്കാഴ്ചയിൽ സ്ഥിരീകരിച്ചിട്ടുണ്ട്. അത്തരുണത്തിൽ, പരിശുദ്ധ പിതാവ് മനുഷ്യമാഹാത്മ്യത്തോട് ഏറെ ബന്ധപ്പെട്ടിരിക്കുന്ന ചില വിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കണമെന്ന് നിർദേശിക്കുകയുണ്ടായി; അതായത്, ദാരിദ്ര്യം, അഭയാർഥികളുടെ സാഹചര്യം, സ്ത്രീകൾക്കെതിരായ അതിക്രമം, മനുഷ്യക്കടത്ത്, യുദ്ധം എന്നിങ്ങനെയുള്ള വിഷയങ്ങൾ. പരിശുദ്ധ പിതാവിന്റെ നിർദേശങ്ങൾ വേണ്ടവിധം മാനിക്കുന്നതിന്റെ ഭാഗമായി ഈ മന്ത്രാലയത്തിന്റെ പ്രബോധനഭാഗം (Doctrinal Section) ഒരു കൂടിവരവ് (*Congresso*) "എല്ലാവരും സഹോദരർ" (*Fratelli Tutti*) എന്ന ചാക്രികലേഖനത്തിന്റെ ആഴത്തിലുള്ള ഒരു പഠനത്തിനായി മാറ്റിവച്ചു; പ്രസ്തുത ലേഖനം യഥാർഥത്തിൽ മനുഷ്യമാഹാത്മ്യം സംബന്ധിച്ച ഏറെ മൗലികവും "എല്ലാ സാഹചര്യങ്ങളെയും അതിലംഘിക്കുന്ന വിധത്തിൽ" ("beyond all circumstances") ഒരു തുടർ പരിഗണനയുടെ അവലോകനാർഹതയും ആണല്ലോ നല്കുന്നത്!

2024 ഫെബ്രുവരി 2-ാം തീയതി ഏറെ വ്യത്യാസപ്പെടുത്തിയ ഈ ടെക്സ്റ്റ് 2024 ഫെബ്രുവരി 28-ാം തീയതി ബുധനാഴ്ച നടക്കാനിരുന്ന സാധാരണയോഗത്തിനു (Ordinary Session) മുമ്പായി മന്ത്രാലയത്തിന്റെ അംഗങ്ങൾക്ക് അയച്ചുകൊടുത്തു. പ്രസ്തുത കരടുരേഖയോടുകൂടെ അയച്ച വിശദീകരണക്കത്തിലെ ഭാഗം ഇപ്രകാരമായിരുന്നു: "പരിശുദ്ധ

പിതാവിന്റെ പ്രത്യേകമായ അഭ്യർഥന പരിഗണിച്ചുകൊണ്ട് ഈ കരടു രേഖയിൽ ചിലകാര്യങ്ങൾ കൂട്ടിച്ചേർക്കേണ്ടിവന്നു. അതായത്, 'എല്ലാവരും സഹോദരർ' (*Fratelli Tutti*) എന്ന ചാക്രികലേഖനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ഈ കാലഘട്ടത്തിൽ നടമാടുന്ന മനുഷ്യമാഹാത്മ്യത്തിനെതിരായ ഗൗരവമേറിയ അതിക്രമങ്ങൾക്ക് കൂടുതൽ ശ്രദ്ധ കൊടുക്കണം എന്ന് പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടു. ആ പശ്ചാത്തലത്തിൽ ടെക്സ്റ്റിന്റെ ആദ്യഭാഗം ഹ്രസ്വമാക്കാനും പരിശുദ്ധ പിതാവ് ചൂണ്ടിക്കാണിച്ചത് വിപുലീകരിക്കാനും പ്രബോധനകാര്യാലയം ശ്രദ്ധകാട്ടി.'' അങ്ങനെ മേല്പറഞ്ഞ 2024 ഫെബ്രുവരി 28-ാം തീയതി ബുധനാഴ്ച, ഈ പ്രഖ്യാപനത്തിന്റെ ഇപ്പോഴത്തെ ടെക്സ്റ്റ് അംഗീകരിക്കപ്പെടുകയുണ്ടായി. പിന്നീട് 2024 മാർച്ച് 25-ാം തീയതി എനിക്കും പ്രബോധന വിഭാഗത്തിന്റെ സെക്രട്ടറിയായ മോൺ. അർമാന്തോ മത്തേയോയ്ക്കും പരിശുദ്ധ പിതാവ് നല്കിയ കൂടിക്കാഴ്ചയിൽ ഈ പ്രഖ്യാപനം അദ്ദേഹം അംഗീകരിക്കുകയും ഇത് പ്രസിദ്ധപ്പെടുത്താനായുള്ള ഉത്തരവ് നല്കുകയും ചെയ്തു.

ഈ രേഖ തയ്യാറാക്കാൻ അഞ്ചുവർഷം എടുത്തു എന്ന വസ്തുത തന്നെ മാഹാത്മ്യം എന്ന വിഷയത്തിന് ക്രൈസ്തവദൈവശാസ്ത്രത്തിലുള്ള ഗൗരവവും അതിന്റെ കേന്ദ്രീയ സ്വഭാവവും വെളിപ്പെടുത്തുന്നു. ഇന്ന് നമ്മൾ പ്രസിദ്ധീകരിച്ച ടെക്സ്റ്റിന്റെ ഈ അവസാനരൂപം പാകപ്പെട്ടുവന്നത് വലിയൊരു പ്രക്രിയയിലൂടെയാണ്.

ഈ പ്രഖ്യാപനത്തിന്റെ ആദ്യ മൂന്ന് ഭാഗങ്ങൾ അടിസ്ഥാനതത്ത്വങ്ങളും സൈദ്ധാന്തിക ആമുഖങ്ങളും നിരത്തിവയ്ക്കുന്നു. അതിന്റെ ലക്ഷ്യം "മാഹാത്മ്യം" ("dignity") എന്ന സംജ്ഞയെ സംബന്ധിച്ച പ്രധാനപ്പെട്ട വ്യക്തത വരുത്താനാണ്; ഈ പദത്തെ ചുറ്റിപ്പറ്റി പലപ്പോഴും ഒരുപാട് അവ്യക്തത (confusion) നിലനില്ക്കുന്നത് ഒഴിവാക്കേണ്ടതുണ്ട്. നാലാം ഭാഗം ഇന്ന് നിലവിലുള്ള പ്രശ്നപൂരിതമായ ചില സാഹചര്യങ്ങൾ അവതരിപ്പിക്കുന്നു; പ്രസ്തുത സാഹചര്യങ്ങളിൽ ഓരോ മനുഷ്യവ്യക്തിയിലുംനിന്ന് അടർത്തിയെടുക്കാനാവാത്തവിധമുള്ള അത്ര ശ്രേഷ്ഠമായ മാഹാത്മ്യം വേണ്ടവിധം അംഗീകരിക്കാതെ പോകുന്നുണ്ട് എന്ന യാഥാർഥ്യം ചൂണ്ടിക്കാണിക്കപ്പെടുന്നു. മനുഷ്യമാഹാത്മ്യത്തിന്റെമേലുള്ള ഇപ്പോഴത്തെ ഗൗരവതരമായ അതി

ക്രമങ്ങളെ അപലപിക്കുക എന്നത് അനിവാര്യമായ ഒരു നടപടിയായി സഭ കാണുന്നു. എന്തെന്നാൽ, മാഹാത്മ്യത്തെ പ്രതിരോധിക്കുന്നതിൽ നിന്ന് വിശ്വാസം വേർപെടുത്താനാകില്ലെന്നും സുവിശേഷവൽ കരണത്തെ അന്തസ്സുറ്റ ജീവിതശൈലിയിൽനിന്ന് വേർപെടുത്താനാകി ല്ലെന്നും ആധ്യാത്മികത എന്നത് ഓരോ വ്യക്തിയുടെയും മാഹാത്മ്യ ത്തിൽനിന്ന് വേർപെടുത്താനാകില്ലെന്നും സഭയ്ക്ക് ആഴത്തിൽ ബോധ്യപ്പെട്ടിരിക്കുന്നു.

ഓരോ മനുഷ്യവ്യക്തിയുടെയും മാഹാത്മ്യം "അനന്തം" (*dignitas infinita*) ആണെന്ന് മനസ്സിലാക്കാവുന്നതാണ്. പലതരം പരിമിതികളും വൈകല്യങ്ങളും അനുഭവിച്ചിരുന്ന ആളുകളുമായി കണ്ടുമുട്ടിയപ്പോൾ, വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ ഇക്കാര്യം ഉറപ്പിച്ചു പറഞ്ഞ താണ്.[1] മാനുഷികമാഹാത്മ്യം പ്രകടമായ എല്ലാത്തരം ബാഹ്യരൂപ ങ്ങളെയും വ്യക്തികളുടെ ജീവിതങ്ങളുടെ പ്രത്യേക സാഹചര്യങ്ങ ളെയും അതിലംഘിക്കുന്നവിധത്തിൽ ഉള്ളതാണെന്നു പറയാനാണ് പാപ്പാ ഉദ്ദേശിച്ചത്.

"എല്ലാവരും സഹോദരർ" എന്ന ചാക്രികലേഖനത്തിൽ ഈ മാഹാത്മ്യം "എല്ലാ സാഹചര്യങ്ങളെയും അതിലംഘിക്കുന്നവിധ ത്തിൽ'' ഉള്ളതാണെന്ന് ഊന്നിപ്പറയാൻ ഫ്രാൻസിസ് പാപ്പാ താത്പര്യപ്പെട്ടു. അതിനാൽ ഓരോ സാംസ്കാരികസാഹചര്യത്തിലും, മനുഷ്യത്വത്തിന്റെ ഓരോ വേളയിലും - അത് ശാരീരികമാകട്ടെ, മാനസികമാകട്ടെ, സാമൂഹികമാകട്ടെ, ധാർമിക ന്യൂനതകളുടെ നിമിഷ ങ്ങൾ ആകട്ടെ - ഇവയിൽ ഏതായാലും എല്ലാ മനുഷ്യരും മാനുഷിക മാഹാത്മ്യം ഉയർത്തിപ്പിടിക്കണം എന്ന് പാപ്പാ ആഹ്വാനം ചെയ്യുന്നു. അതിനാൽ, ഇപ്പോൾ ഈ പ്രഖ്യാപനം (Declaration) ഇതൊരു സാർവത്രികസത്യമായി ചൂണ്ടിക്കാണിക്കാൻ ശ്രമിക്കുന്നു; അതിനാൽ നമ്മുടെ സമൂഹങ്ങൾ യഥാർഥത്തിൽ നീതിപൂർവകവും സമാധാന പരവും ആരോഗ്യകരവും സത്യത്തിൽ മാനുഷികവും ആണെന്ന് അംഗീകരിക്കണമെങ്കിൽ, അതിനുള്ള അടിസ്ഥാന വ്യവസ്ഥയാണ് ഈ രേഖ എന്ന് നാം മനസ്സിലാക്കണം.

നിരവധി മനുഷ്യരുടെ ബോധതലങ്ങളിലുംനിന്നു തമസ്കരി ക്കപ്പെട്ട മാനുഷികമാഹാത്മ്യത്തിന്റെ വ്യത്യസ്തമായ വശങ്ങൾ

പ്രോജ്ജ്വലിപ്പിക്കുക എന്നതാണ് ഇതിൽ ചർച്ച ചെയ്യപ്പെടാൻ തിരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളുടെ ഉദ്ദേശ്യം; അതേസമയം, ഇത് സമഗ്രമല്ലതാനും. ചില വിഷയങ്ങൾ മറ്റു വിഷയങ്ങളെക്കാൾ കൂടുതൽ സാമൂഹിക പ്രാധാന്യം നേടുന്നവയായി കാണാം. എന്നിരുന്നാലും, അവയെല്ലാംതന്നെ ഏറെ ആവശ്യമുള്ളതായി നമുക്ക് തോന്നുന്നു, കാരണം, ഒരുമിച്ചുചേർത്തുകാണുമ്പോൾ, സുവിശേഷങ്ങളിൽനിന്നു വരുന്നതുതന്നെയായ മാനുഷികമാഹാത്മ്യം സംബന്ധിച്ച ചിന്ത എത്ര സ്വരചേർച്ചയുള്ളതും സമ്പന്നവും ആണെന്നു മനസ്സിലാക്കാൻ സഹായകമാകുമെന്ന് നാം കരുതുന്നു.

ഈ പ്രഖ്യാപനം വളരെ സമ്പന്നവും നിർണായകവുമായ ഈ വിഷയത്തിന്റെ വ്യാപ്തി മുഴുവനും ഉൾക്കൊള്ളുന്നു എന്ന് കരുതുന്നില്ല. മറിച്ച്, ഇതിന്റെ ഉദ്ദേശ്യം മാനുഷികമാഹാത്മ്യം നിലനിർത്തുന്നതിനും നാം ഇന്ന് ജീവിക്കുന്ന സങ്കീർണ ചരിത്രകാലസന്ധിയിൽ മാനുഷികമാഹാത്മ്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ്. അങ്ങനെ, മുന്നോട്ടുള്ള നമ്മുടെ ഗമനത്തിൽ നാം പാതതെറ്റിപ്പോകാതിരിക്കുകയും മുറിവേല്ക്കപ്പെടാതിരിക്കുകയും അങ്ങനെ നമ്മുടെ ഈ കാലഘട്ടത്തിലെ അസംഖ്യം ആവശ്യങ്ങളാലും ഉൽകണ്ഠകളാലും ആഴത്തിലുള്ള സഹനത്തിന് ഇടവരാതിരിക്കുകയും ചെയ്യുന്നതിനുവേണ്ടിയാണിത്.

വിക്ടർ മാനുവൽ കർദിനാൾ ഫെർണാണ്ടസ്
പ്രീഫെക്ട്

## ആമുഖം

1. (അനന്ത മാഹാത്മ്യം) (*Dignitas Infinita*): ഓരോ മനുഷ്യവ്യക്തിയും അനന്തമായ മാഹാത്മ്യത്തിന്റെ ഉടമയാണ്. അത് അവന്റെയും അവളുടെയും ഉണ്മയിൽ അഭേദ്യമാംവിധം ഇഴുകിച്ചേർന്നിരിക്കുന്നു; അത് ഏതു സാഹചര്യത്തിനും അവസ്ഥയ്ക്കും ആ വ്യക്തിക്ക് അഭിമുഖീഭവിക്കുന്ന എല്ലാ കാര്യങ്ങൾക്കും ഉപരിയായി നിലകൊള്ളുന്നു. യുക്തികൊണ്ടുമാത്രംപോലും പൂർണമായും തിരിച്ചറിയാനാകുന്ന ഈ തത്ത്വമാണ്, മനുഷ്യവ്യക്തിത്വത്തിന്റെ പ്രാമുഖ്യത്തിനും മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിനും ആധാരമായി നില്ക്കുന്നത്. ദൈവത്തിന്റെ ഛായയിലും രൂപത്തിലും സൃഷ്ടിക്കപ്പെടുകയും യേശുവിനാൽ വീണ്ടെടുക്കപ്പെടുകയും ചെയ്ത മനുഷ്യവ്യക്തിയുടെ



സത്താപരമായ മാഹാത്മ്യം, വെളിപാടിന്റെ വെളിച്ചത്തിൽ, സഭ ദൃഢചിത്തതയോടെ ആവർത്തിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു. ഈ സത്യത്തിൽനിന്നാണ് ദുർബലരും ശക്തികുറഞ്ഞവരുമായവർക്കുവേണ്ടിയുള്ള തന്റെ പ്രതിജ്ഞാബദ്ധതയ്ക്ക്, സഭ കാരണം കണ്ടെത്തുന്നത്; അതുവഴിയായി നിരന്തരം സഭ "മനുഷ്യവ്യക്തിയുടെ പ്രാമുഖ്യവും ഏത് സാഹചര്യത്തിലായാലും അവന്റെയും അവളുടെയും വ്യക്തിമാഹാത്മ്യവും സംരക്ഷിക്കപ്പെടേണ്ടതാണെന്നത്" [2] ഊന്നിപ്പറയുന്നു.

2. ഈ ലോകത്തിലെ ഓരോ പുരുഷന്റെയും സ്ത്രീയുടെയും സത്താപരമായ മാഹാത്മ്യവും അനുപമവും ശ്രേഷ്ഠവുമായ മൂല്യവും 1948 ഡിസംബർ പത്താം തീയതി ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി ആധികാരികതയോടെ പ്രഖ്യാപിച്ച "മനുഷ്യാവകാശം സംബന്ധിച്ച സാർവത്രിക പ്രഖ്യാപനം" (*Universal Declaration of Human Rights*) വഴിയായി പുന:സ്ഥിരീകരിക്കുകയുണ്ടായി. [3] പ്രസ്തുത രേഖയുടെ 75-ാം വാർഷികം ആചരിക്കുന്ന ഈ വേള, ദൈവത്താൽ സൃഷ്ടിക്കപ്പെടുകയും ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെടുകയും ചെയ്ത എല്ലാ മനുഷ്യരും അവർക്ക് അഭേദ്യമായുള്ള മാഹാത്മ്യംമൂലം, അംഗീകരിക്കപ്പെടുകയും അവർക്ക് ബഹുമതിയും സ്നേഹവും നല്കപ്പെടുകയും ചെയ്യണമെന്ന ബോധ്യം ആവർത്തിച്ച് പ്രഖ്യാപിക്കാനുള്ള ഒരവസരമായി സഭ കാണുന്നു. ഈ വാർഷികാചരണം മനുഷ്യമാഹാത്മ്യം സംബന്ധിച്ച് പലപ്പോഴും പ്രചരിപ്പിക്കപ്പെടുന്ന ചില തെറ്റായ ധാരണകൾ വ്യക്തമാക്കാനും ഗൗരവതരവും അടിയന്തരവുമായ ചില പ്രശ്നങ്ങൾ അഭിസംബോധനചെയ്യാനും സന്ദർഭം ഒരുക്കുന്നു.

3. സഭ അവളുടെ ദൗത്യത്തിന്റെ ആരംഭംമുതൽ സുവിശേഷത്താൽ പ്രേരിതയായി മാനുഷികസ്വാതന്ത്ര്യം ഊട്ടിയുറപ്പിക്കാനും എല്ലാ ജനതകളുടെയും അവകാശങ്ങൾ ഉയർത്തിപ്പിടിക്കാനും ശ്രമിച്ചിട്ടുണ്ട്.[4] സമീപകാലത്ത്, പാപ്പാമാർ സ്വരം ഉയർത്തിയതുവഴിയായി ഇത്തരത്തിലുള്ള പ്രതിജ്ഞാബദ്ധത രൂപപ്പെടുത്താനുള്ള അവധാനപൂർവകമായ ശ്രമങ്ങൾ സഭ നടത്തിയിട്ടുണ്ട്; അതായത്, വളരെ പ്രകടമായ വാക്കുകളിലൂടെ ഓരോ വ്യക്തിയുടെയും മൗലികമായ മാഹാത്മ്യം അംഗീകരിക്കപ്പെടണമെന്ന് അവർ മുറവിളി കൂട്ടിയിട്ടുണ്ട്.

ഇക്കാര്യത്തിൽ വിശുദ്ധ പോൾ ആറാമൻ പാപ്പാ ഇപ്രകാരം അസന്ദിഗ്ധമായി പറഞ്ഞു, "മനുഷ്യവ്യക്തിയെക്കുറിച്ചുള്ള ഏതു നരവംശശാസ്ത്രത്തിന്റെയും ദർശനം സഭയുടേതിനു തുല്യമല്ല-ഏറെ പ്രത്യേകിച്ച്, വ്യക്തിയുടെ മൗലികത, മാഹാത്മ്യം, മൗലിക അവകാശങ്ങളുടെ സമ്പന്നതയും അഭംഗുരതയും, ദിവ്യത, വിദ്യ അഭ്യസിക്കാനുള്ള കഴിവ്, സമ്പൂർണ വികാസത്തിനുള്ള താത്പര്യം, അമർത്ത്യത എന്നിവ." [5]



4. 1979-ൽ പോയ്ബ്ലയിൽ (Puebla) വച്ചു നടന്ന ലാറ്റിൻ അമേരിക്കയിലെയും കരീബിയയിലെയും മെത്രാന്മാരുടെ മൂന്നാമത് പൊതു സമ്മേളനത്തിൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ ഇപ്രകാരം പറഞ്ഞു: മനുഷ്യമാഹാത്മ്യം "എന്നത് ഒരു സുവിശേഷ മൂല്യമാണ്; അത് ഒഴിവാക്കുന്നത് സ്രഷ്ടാവിനെ ഏറെ അവഹേളിക്കുന്നതിനു തുല്യമായിരിക്കും; വ്യക്തിയുടെ തലത്തിൽ മൂല്യങ്ങൾക്ക് വിലകല്പിക്കാതെ വരുമ്പോൾ, പ്രത്യേകിച്ച് സ്വാതന്ത്ര്യം, ഒരാളുടെ മതപ്രകാരം ജീവിക്കാനുള്ള അവകാശം, ശാരീരികവും മാനസികവുമായ അവികലാവസ്ഥ നിലനിറുത്താനുള്ള അവകാശം, അവശ്യംവേണ്ട സാധന സാമഗ്രികൾ ഉണ്ടായിരിക്കാനുള്ള അവകാശം, ജീവനുള്ള അവകാശം എന്നിവ ധ്വംസിക്കപ്പെടുമ്പോൾ. രാഷ്ട്രനിർമാണത്തിൽ പങ്കാളിയാകുക എന്ന അവകാശം ധ്വംസിക്കപ്പെടുമ്പോൾ അത് സാമൂഹികവും രാഷ്ട്രീയവുമായ തലത്തിലുള്ളതായിരിക്കും. അനീതിപരവും അന്യായവുമായി



ഒരാൾ നിർബന്ധിതൻ ആകുമ്പോഴും ശാരീരികവും മാനസികവുമായ പീഡനങ്ങൾ ഏല്ക്കേണ്ടിവരുമ്പോഴു മൊക്കെ അവയും സാമൂഹിക-രാഷ്ട്രീയ തലത്തിലുള്ളവയാകാം [...]. ഇപ്രകാരമുള്ള അവസരങ്ങളിൽ സഭതന്നെ മാനുഷികമാഹാത്മ്യത്തിനുവേണ്ടിയും അതിന്റെ പുരോഗതിക്കുവേണ്ടിയും നിലനിന്നാൽ അവൾ തന്റെ ദൗത്യത്തോട് ചേർന്നുനില്ക്കുകയായിരിക്കും ചെയ്യുന്നത്; അവളുടെ ദൗത്യം മതപരമായിരിക്കെത്തന്നെ, അവൾക്ക് സാമൂഹികവും രാഷ്ട്രീയവുമായവ ഒഴിവാക്കാനാകില്ല; കാരണം, മനുഷ്യരെ അവരുടെ സമഗ്രതയിലാണ് സഭ കണക്കിലെടുക്കുന്നത്.” [6]

5. പിന്നീട് 2010-ൽ “ജീവനുവേണ്ടിയുള്ള പൊന്തിഫിക്കൽ അക്കാദമി”യെ (Pontifical Academy for Life) അഭിസംബോധന ചെയ്തുകൊണ്ട് ബെനെഡിക്ട് പതിനാറാമൻ പാപ്പാ ഇപ്രകാരം പ്രഖ്യാപിച്ചു: മാനുഷികമാഹാത്മ്യം എന്നത്, “ക്രൂശിതനും ഉത്ഥിതനുമായ യേശുക്രിസ്തുവിലുള്ള വിശ്വാസം എക്കാലത്തും പ്രതിരോധപൂർവം നിലനിർത്തിയിട്ടുള്ള ഒരു മൗലികതത്ത്വമാണ് ഏറെ പ്രത്യേകിച്ച്, തീർത്തും സാധാരണക്കാരും ഒട്ടും സുരക്ഷിതരും അല്ലാത്തവർക്ക് അത് നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങളിൽ.” [7] മറ്റൊരവസരത്തിൽ ധനതത്ത്വശാസ്ത്രജ്ഞരോടു സംസാരിച്ചുകൊണ്ട് പാപ്പാ പറഞ്ഞു: “ധനതത്ത്വവും



സമ്പത്തും അവയ്ക്കുവേണ്ടിത്തന്നെ ആയിരിക്കുന്നവയല്ല; അവ കേവലം ഉപകരണങ്ങളോ മാർഗങ്ങളോ ആണ്. അവയുടെ ഏകലക്ഷ്യം മനുഷ്യവ്യക്തിയും അല്ലെങ്കിൽ അവന്റെയും അവളുടെയും മാഹാത്മ്യത്തിനുള്ള സമ്പൂർണസാക്ഷാത്കാരവും ആണ്. ഇതാണ് ഏകമൂലധനം, അത് സൂക്ഷിക്കുക എന്നത് സമുചിതമായ കാര്യംതന്നെ." [8]

6. തന്റെ പരമാചാര്യശുശ്രൂഷ ആരംഭിച്ച കാലംമുതൽ ഫ്രാൻസിസ് പാപ്പാ സഭയെ ക്ഷണിച്ചിട്ടുള്ളത്, "എല്ലാ സ്ത്രീപുരുഷന്മാരെയും അനന്തമായ സ്നേഹത്തോടെ സ്നേഹിക്കുകയും 'അതുവഴിയായി അവരുടെമേൽ അനന്തമായ മാഹാത്മ്യം ചൊരിയുകയും ചെയ്യുന്ന' പിതാവിനെ തിരിച്ചറിഞ്ഞ് വിശ്വസിക്കാനാണ്." [9] അതിരില്ലാത്ത പ്രസ്തുത മാഹാത്മ്യം മൗലികമായി നല്കപ്പെട്ട (original *datum* [something given]) ഒന്നാണെന്നും അത് വിശ്വസ്തതയോടെ അംഗീകരിക്കപ്പെടേണ്ടതും കൃതജ്ഞതാപൂർവം സ്വീകരിക്കപ്പെടേണ്ടതും ആണെന്ന് പാപ്പാ ശക്തമായി ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഈ അറിവിന്റെയും അങ്ങനെ മനുഷ്യമാഹാത്മ്യം അംഗീകരിക്കുന്നതിന്റെയും അടിസ്ഥാനത്തിൽ ജനങ്ങളുടെ ഇടയിൽ ഒരു പുതിയ സഹഅസ്തിത്വം (co-existence) സ്ഥാപിക്കപ്പെടാവുന്നതാണ്; അത് അർഥവത്തായ ഒരു സാഹോദര്യത്തിന്റെ പശ്ചാത്തലത്തിൽ സാമൂഹികബന്ധങ്ങൾ ഉരുത്തി



രിയുന്നതിനു കാരണമാകും. യഥാർഥത്തിൽ, “ഓരോ വ്യക്തിയുടെയും മാഹാത്മ്യം അംഗീകരിക്കുമ്പോൾ” മാത്രമേ “സാഹോദര്യത്തിലേക്കുള്ള സാർവത്രിക അഭിലാഷത്തിന്റെ പുനർജന്മത്തിലേക്ക് നമുക്ക് സംഭാവന ചെയ്യാൻ കഴിയുകയുള്ളൂ.”[10] മനുഷ്യമാഹാത്മ്യത്തിന്റെയും സാഹോദര്യത്തിന്റെയും ഉറവ യേശുക്രിസ്തുവിന്റെ സുവിശേഷത്തിലാണുള്ളത്” [11] എന്ന് ഫ്രാൻസിസ് പാപ്പാ ഉറപ്പിച്ചുപറയുന്നു; എന്നാൽ വിചിന്തനവും സംവാദവും വഴിയായി മനുഷ്യയുക്തിക്കുപോലും ഈ ബോധ്യത്തിൽ എത്തിച്ചേരാൻ സാധിക്കും. കാരണം, “എല്ലാ സാഹചര്യങ്ങളിലും അപരരുടെ മാഹാത്മ്യം ആദരിക്കപ്പെടേണ്ടതുണ്ട്; ആ മാഹാത്മ്യം നമ്മൾ കണ്ടുപിടിച്ചതോ സങ്കല്പിച്ചതോ ആയ ഒരു വസ്തുതയായതു കൊണ്ടല്ല, മറിച്ച് മനുഷ്യവ്യക്തികൾക്ക് ഭൗതികവസ്തുക്കൾക്കും യാദൃച്ഛിക സാഹചര്യങ്ങൾക്കും ഉപരിയായി നില്ക്കുന്ന തനതായമൂല്യം ഉള്ളതുകൊണ്ടാണ്. അതിനാൽ, അവർ വ്യത്യസ്തമായവിധം പരിഗണിക്കപ്പെടേണ്ടിയിരിക്കുന്നു. ഓരോ മനുഷ്യവ്യക്തിയും ഒഴിച്ചുകൂടാനാവാത്ത മാഹാത്മ്യം പേറുന്നു എന്ന സത്യം എല്ലാ സാംസ്കാരിക മാറ്റത്തിനും അപ്പുറത്ത് മനുഷ്യസ്വഭാവത്തോട് അനുയുക്തമായി നില്ക്കുന്ന ഒരു കാര്യമാണ്.”[12] ഫ്രാൻസിസ് പാപ്പാ ഇപ്രകാരം ഉപസംഹരിക്കുന്നു: “ചരിത്രത്തിന്റെ എല്ലാ കാലഘട്ടങ്ങളിലും മനുഷ്യവ്യക്തികൾക്ക് ഒരേതരം അലംഘനീയമായ മാഹാത്മ്യമാണുള്ളത്; ഈ ബോധ്യം നിരാകരിക്കാനോ ഇതിനെതിരായി പ്രവർത്തിക്കാനോ ഒരാൾ, അവനോ അവളോ, പ്രത്യേക

സാഹചര്യങ്ങളിൽ നിയമിതനായിരിക്കുന്നു എന്ന് കരുതാൻ പാടില്ല."[13] ഈ കാഴ്ചപ്പാടിൽ, "എല്ലാവരും സഹോദരർ" (*Fratelli Tutti*) എന്ന ഫ്രാൻസിസ് പാപ്പായുടെ ചാക്രികലേഖനം നമ്മുടെ ഈ കാലഘട്ട ത്തിൽ മനുഷ്യമാഹാത്മ്യം സംരക്ഷിക്കാനും അതിനെ പ്രോത്സാഹിപ്പി ക്കാനുംവേണ്ട ഒത്താശ നല്കുന്ന ഒരു "മൗലിക അവകാശ പ്രമാണ രേഖ" (*Magna Carta*) ആണ്.

## അടിസ്ഥാനപരമായ ഒരു വിശദീകരണം

7. മനുഷ്യമാഹാത്മ്യത്തിന്റെ പ്രാധാന്യത്തെയും നൈയാമികലക്ഷ്യ ത്തെയും സംബന്ധിച്ചും ഓരോ മനുഷ്യവ്യക്തിയുടെയും അനിതര സാധാരണവും അതിശായിത നിറഞ്ഞതുമായ മൂല്യത്തെക്കുറിച്ചും ജനങ്ങളുടെ ഇടയിൽ ഇന്ന് വ്യാപകമായ സ്വരചേർച്ചയുണ്ട്. [14] എന്നാൽ, "മനുഷ്യവ്യക്തിയുടെ മാഹാത്മ്യം" എന്ന ഉക്തി അനിശ്ചി താർഥങ്ങൾക്ക് സാധ്യത ഉണ്ടാക്കാവുന്ന വ്യത്യസ്തങ്ങളായ വ്യാഖ്യാ നങ്ങളിലേക്ക് ചെന്നെത്താം എന്ന അപകടം ഉൾക്കൊള്ളുന്നു.[15] അതുപോലെതന്നെ, "അത് നമ്മെ വൈരുധ്യങ്ങളിലേക്കും നയിക്കുന്നു; അതായത്, എല്ലാ മനുഷ്യരുടെയും തുല്യമാഹാത്മ്യം എല്ലാ സാഹചര്യ ങ്ങളിലും അംഗീകരിക്കപ്പെടുന്നുണ്ടോ, ആദരിക്കപ്പെടുന്നുണ്ടോ, സംരക്ഷിക്കപ്പെടുന്നുണ്ടോ, പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ടോ എന്ന ചോദ്യങ്ങളും ഉയർത്തുന്നു." [16] ഇക്കാര്യം മാഹാത്മ്യം സംബന്ധിച്ച നാലുതരം വ്യത്യസ്തങ്ങളായ സാധ്യതകൾ അംഗീകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു: "സത്താപരമായ മാഹാത്മ്യം" (ontological dignity), ധാർമിക മാഹാത്മ്യം (moral dignity); സാമൂഹിക മാഹാത്മ്യം (social dignity); അസ്തിത്വപരമായ മാഹാത്മ്യം (existential dignity) എന്നിവ. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഒരു വ്യക്തിക്ക് അയാളിൽത്തന്നെ കുടികൊള്ളുന്ന സത്താപരമായ മാഹാത്മ്യം ആണ്; അതിന്റെ അർഥം, അവനോ അവളോ അസ്തിത്വത്തിൽ ആയിരിക്കുന്നത് ദൈവം നിശ്ചയി ച്ചതുകൊണ്ടും സൃഷ്ടിച്ചതുകൊണ്ടും സ്നേഹിച്ചതുകൊണ്ടും ആണ് എന്നത്രേ. അസ്തിത്വപരമായ മാഹാത്മ്യം മായിക്കാനാവാത്തതും വ്യക്തി ഏതു സാഹചര്യത്തിലാണെങ്കിലും എപ്പോഴും സാധുവായി നിലനില്ക്കുന്നതും ആണ്. ധാർമികമാഹാത്മ്യത്തെക്കുറിച്ച് പറയു മ്പോൾ, മനുഷ്യർ എങ്ങനെയാണ് തങ്ങളുടെ സ്വാതന്ത്ര്യം ഉപയോഗ

പ്പെടുത്തുന്നത് എന്നതാണ് ഉദ്ദേശിക്കുന്നത്. എല്ലാ മനുഷ്യർക്കും മനസ്സാക്ഷിയുണ്ട്; എന്നാൽ അതിനെതിരായി മനുഷ്യർക്ക് എപ്പോഴും പ്രവർത്തിക്കാനാകും. എന്നാൽ, അവർ അപ്രകാരം എതിരായി പ്രവർത്തിക്കുകയാണെങ്കിൽ അവർ തങ്ങളുടെ പ്രകൃതപ്രകാരം സ്നേഹിക്കപ്പെട്ട സൃഷ്ടികളാണെന്നും മറ്റുള്ളവരെ സ്നേഹിക്കാൻ വിളിക്കപ്പെട്ടവരാണെന്നുമുള്ള വസ്തുതയിൽനിന്ന് വ്യതിചലിച്ച് "മാഹാത്മ്യം ഇല്ലാത്തവരായി" പെരുമാറുന്നവർ ആയിത്തീരും. എന്നാൽ, മനുഷ്യസ്വാതന്ത്ര്യം ഇവ്വിധം ഉപയോഗിക്കാനുള്ള സാധ്യത എപ്പോഴും നിലനില്ക്കുന്നു; അതായത്, വ്യക്തികൾ, സുവിശേഷത്തിൽ വെളിപ്പെടുത്തപ്പെട്ട സ്നേഹത്തിന്റെ നിയമത്തിന് വിരുദ്ധമായി തങ്ങളുടെ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തിയാൽ, എപ്രകാരം അവർക്ക് തിട്ടപ്പെടുത്താനാവാത്തവിധം ആഴത്തിലുള്ള തിന്മനിറഞ്ഞ പ്രവൃത്തികൾ മറ്റുള്ളവർക്ക് എതിരായി ചെയ്യുന്നവരാകാം എന്നതിന് ചരിത്രം സാക്ഷ്യം നല്കുന്നു. അപ്രകാരം ചെയ്യുന്നവർ മനുഷ്യത്വത്തിന്റെയും മാഹാത്മ്യത്തിന്റെയും ഒരു കണികപോലും അവശേഷിപ്പിക്കാത്തവരാണെന്നു തോന്നിപ്പോകും. ഇവിടെയാണ് വസ്തുതാപരമായി (*de facto*) ധാർമിക മാഹാത്മ്യമെന്നത് നഷ്ടപ്പെടാൻ സാധ്യതയുള്ള ഒന്നായി നാം തിരിച്ചറിയുകയും സത്താപരമായ മാഹാത്മ്യം ഒരിക്കലും ഇല്ലാതാക്കപ്പെടാൻ സാധ്യതയില്ലാതെ നില്ക്കുന്നതായി കാണുകയും ചെയ്യുന്നത്. ഈ രണ്ടാമത്തെ കാര്യത്തിന്റെ അടിസ്ഥാനത്തിലാണ് സർവശക്തിയോടുംകൂടെ നാം പ്രവർത്തിക്കേണ്ടത്; അങ്ങനെയാണ് തിന്മചെയ്തവരെല്ലാംതന്നെ പശ്ചാത്തപിക്കുകയും മനസാന്തരപ്പെടുകയും ചെയ്യാൻ ഇടവരുത്തേണ്ടത്.

8. മാഹാത്മ്യം സംബന്ധിച്ച് രണ്ട് തലങ്ങൾകൂടി പരിഗണിക്കേണ്ടതുണ്ട്: സാമൂഹികവും അസ്തിത്വപരവും ആയവ. *സാമൂഹികമാഹാത്മ്യം* എന്നു പറയുമ്പോൾ നാം ഉദ്ദേശിക്കുന്നത്, ഒരാളുടെ ജീവിതസാഹചര്യങ്ങളുടെ നിലവാരമാണ്. ഒരു ഉദാഹരണത്തിന്, അതിദാരിദ്ര്യത്തിന്റെ പശ്ചാത്തലത്തിൽ, വ്യക്തികൾക്ക് തങ്ങളുടെ സത്താപരമായ മാഹാത്മ്യത്തിന് ചേർന്നവിധം ജീവിക്കാനായി അത്യാവശ്യംവേണ്ട ഏറ്റവും അടിസ്ഥാന സൗകര്യങ്ങൾപോലും ഇല്ലെങ്കിൽ ദരിദ്രരായ ആ മനുഷ്യർ ഒട്ടും "മാഹാത്മ്യം ഇല്ലാത്ത" രീതിയിലാണ് ജീവിക്കുന്നതെന്ന് നാം പറയുന്നു. ഇപ്രകാരം പറയുന്നത് ആ വ്യക്തികളുടെമേൽ നടത്തുന്ന

ഒരു വിധിപ്രസ്താവം ആയിട്ടല്ല, മറിച്ച് തങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത മാഹാത്മ്യം നിഷേധിക്കുംവിധം ജീവിക്കാൻ നിർബന്ധിതരായിരിക്കുന്നു എന്ന കാര്യം വെളിച്ചത്തുകൊണ്ടുവരാനാണ്. അവസാനത്തെ തലം, അസ്തിത്വപരമായ മാഹാത്മ്യം സംബന്ധിച്ചുള്ളതാണ്; അതാണ് കൂടുതലായും ചർച്ചചെയ്യപ്പെടുന്നതരം മാഹാത്മ്യം എന്നു പറയുന്നത്; അതായത്, ''മാഹാത്മ്യം ഉള്ള'' ജീവിതവും ''മാഹാത്മ്യം ഇല്ലാത്ത" ജീവിതവും. ഉദാഹരണത്തിന്, ചില ആളുകൾക്ക് ജീവിക്കാൻ വേണ്ട ഒന്നിന്റെയും കുറവില്ലെങ്കിൽപ്പോലും പല കാരണങ്ങളാലും സമാധാനത്തിലും സന്തോഷത്തിലും പ്രത്യാശയിലും ജീവിക്കാൻ അവർ ഏറെ ബുദ്ധിമുട്ടുന്നു. എന്നാൽ മറ്റുചില സാഹചര്യങ്ങളിൽ തങ്ങളുടെ സത്താപരമായ മാഹാത്മ്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിനു കുറവൊന്നും വരുത്താതെതന്നെ, ഗുരുതരമായ രോഗങ്ങളുടെ സാന്നിധ്യം, വളരെ അസാസ്ഥ്യജനകമായ കുടുംബസാഹചര്യങ്ങൾ, അസുഖകരമായ ആസക്തികൾ (pathological addictions), മറ്റു പലതരം ക്ലേശങ്ങൾ എന്നിവവഴി ചില മനുഷ്യരുടെ ജീവിതങ്ങൾ തീർത്തും "മാഹാത്മ്യം ഇല്ലാത്തതായി" അനുഭവവേദ്യമായേക്കാം. ഈ വേർതിരിവുകൾ, ഒഴിച്ചുകൂടാനാവാത്ത സത്താപരമായ മാഹാത്മ്യത്തിന്റെ മുല്യത്തെക്കുറിച്ച് നമ്മെ ഓർമിപ്പിക്കുന്നു; അത് എല്ലാ സാഹചര്യങ്ങളിലും മനുഷ്യവ്യക്തിയുടെ ഉൺമയിൽ വേരൂന്നിയിരിക്കുന്നു.

9. അവസാനമായി, വ്യക്തിയെക്കുറിച്ചുള്ള പണ്ഡിതസമ്മതമായ (classical) നിർവചനം ഇവിടെ ഉദ്ധരിക്കുന്നത് ഉചിതമത്രേ. "യുക്തിസഹപ്രകൃതമുള്ള വ്യതിരിക്തമായ വസ്തുവാണ്"[17] എന്ന വ്യക്തിയെക്കുറിച്ചുള്ള നിർവചനം മാനുഷികമാഹാത്മ്യത്തിന്റെ അടിസ്ഥാനം വ്യക്തമാക്കുന്നു. "വ്യതിരിക്തമായ വസ്തു" എന്ന നിലയ്ക്ക് വ്യക്തിക്ക് സത്താപരമായ മാഹാത്മ്യം ഉണ്ട് (അതായത്, അതീന്ദ്രിയമായ ഉൺമയുടെ തലത്തിൽത്തന്നെ [at the metaphysical level of being itself]). ദൈവത്തിൽനിന്ന് അസ്തിത്വം സ്വീകരിച്ചശേഷം മനുഷ്യർ "സ്വയം ആയിരിക്കുന്ന' കർത്താക്കളാണ് (subjects who "subsists"); അതായത്, അവർ തങ്ങളുടെ അസ്തിത്വം സ്വയം നിർണയിച്ചു പ്രവർത്തനനിരതമാക്കുന്നു. "യുക്തിസഹം" എന്ന സംജ്ഞ മനുഷ്യവ്യക്തിയുടെ എല്ലാ കഴിവുകളെയും അശ്ലേഷിക്കുന്നു; അത് അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്ന കഴിവുകളെ മാത്രല്ല ആഗ്രഹിക്കുകയും സ്നേഹിക്കുകയും

തിരഞ്ഞെടുക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന കഴിവുകളെയും ഉൾക്കൊള്ളുന്നു; ഈ കഴിവുകളോടുചേർന്നുള്ള ശാരീരിക പ്രവർത്തനങ്ങളെയും അത് ഉൾക്കൊള്ളുന്നു. "പ്രകൃതം" എന്ന സംജ്ഞ മനുഷ്യവ്യക്തികൾ എന്ന നിലയിലുള്ള നമ്മുടെ പ്രത്യേക സ്ഥിതിവിശേഷങ്ങൾ സൂചിപ്പിക്കുന്നു; പ്രസ്തുത സ്ഥിതി വിശേഷങ്ങളാണ് അതിനെ വിശേഷിപ്പിക്കുന്ന നമ്മുടെ വ്യത്യസ്ത പ്രവർത്തനങ്ങളെയും അനുഭവങ്ങളെയും സാധ്യമാക്കുന്നത്; ഈ അർഥത്തിൽ, പ്രകൃതമാണ് നമ്മുടെ "പ്രവർത്തനത്തിന്റെ തത്ത്വം." നമ്മുടെ പ്രകൃതം നാം സൃഷ്ടിക്കുന്നില്ല; അതൊരു ദാനമായി നാം സ്വന്തമാക്കിയിരിക്കുന്നു; നമ്മുടെ കഴിവുകൾ നമുക്ക് പരിപോഷിപ്പിക്കുകയും വികസിപ്പിക്കുകയും വർധിപ്പിക്കുകയും ചെയ്യാനാകും. നമ്മുടെ പ്രകൃതത്തിന്റെ സമ്പന്നതകൾ വർധിപ്പിക്കാനുള്ള ശ്രമങ്ങൾ വഴിയായി നാം സമയത്തിലൂടെയാണ് വളരുന്നത്. ഒരു വ്യക്തിക്ക് പല പരിമിതികളാലും സാഹചര്യങ്ങളാലും ഈ കഴിവുകൾ വർധിപ്പിക്കാൻ കഴിയാതെപോയാലും തുടർന്നും ആ വ്യക്തി എപ്പോഴും സമ്പൂർണവും ഒഴിച്ചുകൂടാനാവാത്തതുമായ മാഹാത്മ്യത്തോടെ "വ്യതിരിക്തമായ വസ്തുവായി" നിലകൊള്ളുന്നു. ഉദാഹരണത്തിന്, ജനിച്ചിട്ടില്ലാത്ത കുഞ്ഞിനും അബോധാവസ്ഥയിൽ ആയിരിക്കുന്ന ആളിനും ശാരീരികതളർച്ചയിൽ ആയിരിക്കുന്ന മുതിർന്ന ആളിനും ഒക്കെ ഇത് ബാധകമാണ്.

## 1. മനുഷ്യമാഹാത്മ്യത്തിന്റെ കേന്ദ്രീയതയെക്കുറിച്ച് വർധിച്ചുവരുന്ന അവബോധം

10. ശ്രേഷ്ഠപൗരാണിക (classical antquity) കാലത്തുതന്നെ[18] ഒരു സാമൂഹിക കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ മനുഷ്യമാഹാത്മ്യം സംബന്ധിച്ച് ഒരു ഉള്ളുണർവ് (intuition) രൂപപ്പെട്ടിരുന്നു: ഓരോ വ്യക്തിക്കും അയാളുടെ ശ്രേണി അനുസരിച്ച് വ്യവസ്ഥാപിതമായിരുന്ന ഒരു ക്രമത്തിനുള്ളിൽ സവിശേഷമായ മാഹാത്മ്യമുണ്ട്. അതിനാൽ സാമൂഹികമേഖലയിൽ, അതിന്റെ ആരംഭം മുതൽ "മാഹാത്മ്യം" എന്ന പദം പ്രപഞ്ചത്തിൽ അസ്തിത്വത്തിൽ ആയിരിക്കുന്ന എല്ലാറ്റിന്റെയും വ്യത്യസ്തമായ മാഹാത്മ്യം സൂചിപ്പിക്കാൻ ഉപയോഗിച്ചുവന്നു. ഈ കാഴ്ചപ്പാടിൽ എല്ലാ ജീവജാലങ്ങൾക്കും സർവവസ്തുക്കളുടെയും സംഗമത്തിൽ ഓരോന്നിനും അതതിന്റേതായ "മാഹാത്മ്യം" ഉണ്ട്.

പുരാതന ചിന്തയുടെ ചില ഉത്തുംഗ നിമിഷങ്ങളിൽ മനുഷ്യർക്ക്, അവർ യുക്തിയാൽ അലങ്കൃതരായിരിക്കുന്നതിനാൽ, അനന്യമായ ഒരു സ്ഥാനമുണ്ടെന്ന് അംഗീകരിച്ചു തുടങ്ങിയതായി കാണാം; കാരണം, അവർ തങ്ങൾക്കുവേണ്ടിയും ലോകത്തിലെ ഇതര വസ്തുക്കൾക്കു വേണ്ടിയും ഉത്തരവാദിത്വം പേറാൻ പ്രാപ്തരായിരിക്കുന്നു.[19] എന്നിരുന്നാലും, ഓരോ മനുഷ്യവ്യക്തിക്കും എല്ലാ സാഹചര്യങ്ങളിലും ഇന്ന് നാം ചിന്തിക്കുന്ന തരത്തിൽ ആദരം കൊടുക്കേണ്ടതായ മാഹാത്മ്യം ഉണ്ടെന്ന ചിന്ത വളരെ വിദൂരത്തുള്ള ഒന്നായിരുന്നു.

## ബൈബിളിലെ കാഴ്ചപ്പാടുകൾ

11. ദൈവം മനുഷ്യരെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചതിനാൽ എല്ലാ മനുഷ്യർക്കും ജന്മസിദ്ധമായ മാഹാത്മ്യം ഉണ്ടെന്ന് ബൈബിളിലെ വെളിപാട് പഠിപ്പിക്കുന്നു: "ദൈവം അരുൾ ചെയ്തു, 'നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ ഉരുവാക്കാം' [...] അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടന്ന് അവനെ സൃഷ്ടിച്ചു; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു" (ഉത്പ 1:26–27). ഇക്കാരണത്താൽ മനുഷ്യരാശിക്ക് ഒരു പ്രത്യേക ഗുണമേന്മയുണ്ട്; അതായത്, അതിനെ കേവലം ഭൗതിക വസ്തുക്കളുടെ തലത്തിലേക്ക് തരംതാഴ്ത്താൻ പാടില്ല. മാത്രമല്ല, ഈ "ഛായ" കേവലം മനുഷ്യാത്മാവിനെയോ ബൗദ്ധിക കഴിവുകളെയോ അല്ല നിർവചിക്കുന്നത്, പ്രത്യുത സ്ത്രീയുടെയും പുരുഷന്റെയും മാഹാത്മ്യത്തെയാണ്. അവരുടെ സമത്വത്തിന്റെയും പരസ്പരസ്നേഹത്തിന്റെയും ബന്ധത്തിൽ പുരുഷനും സ്ത്രീയും ലോകത്തിൽ ദൈവത്തിന്റെ പ്രതിനിധികളായി ഭവിക്കുന്നു; അതോടൊപ്പം, അവർ ലോകത്തെ പരിലാളിക്കാനും പരി പോഷിപ്പിക്കാനും വിളിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നത് എല്ലാത്തരത്തിലുമുള്ള വേർതിരിവുകൾക്ക് ഉപരിയായി നില്ക്കുന്ന പാവനമായ ഒരു മൂല്യം സ്വന്തമാക്കിയിരിക്കുന്നു എന്നതിനു കാരണമത്രേ; ലിംഗസംബന്ധം, സാമൂഹികം, രാഷ്ട്രീയം, സാംസ്കാരികം, മതപരസ്വഭാവം എന്നിവയ്ക്ക് ഉപരിയായി നില്ക്കുന്ന ഒരു മൂല്യമത്രേ അത്. നമ്മുടെ മാഹാത്മ്യം ദൈവത്താൽ നമ്മുടെമേൽ ചൊരിയപ്പെട്ടതാണ്; അത് നമുക്ക് അവകാശപ്പെട്ടതോ

അർഹതപ്പെട്ടതോ അല്ല. ഓരോ മനുഷ്യവ്യക്തിയും ദൈവത്താൽ സ്നേഹിക്കപ്പെട്ടതും ആഗ്രഹിക്കപ്പെട്ടതുമായ ആളാണ്; അതിനാൽ അയാൾക്ക് ഹനിക്കപ്പെടാൻ പാടില്ലാത്ത ഒരു മാഹാത്മ്യമുണ്ട്. പുറപ്പാടിന്റെ പുസ്തകത്തിൽ, പഴയനിയമത്തിന്റെ ഹൃദയഭാഗത്ത്, ദരിദ്രരുടെ രോദനം കേൾക്കുന്നവനായും തന്റെ ജനത്തിന്റെ ദൈന്യം കാണുന്നവനായും എളിയവരെയും മർദിതരെയും കരുതലോടെ കാണുന്നവനായും ദൈവം സ്വയം വെളിപ്പെടുത്തുന്നു (പുറ 3:7; 22:20–26 കാണുക). ഈ പ്രബോധനംതന്നെ നിയമാവർത്തനപുസ്തകത്തിലെ നിയമസംഹിതയിലും (Deuteronomic Code) (നിയ 12–26) കാണാനാകും; ഇവിടെ അവകാശങ്ങളെക്കുറിച്ചുള്ള പ്രബോധനം മനുഷ്യമാഹാത്മ്യത്തെക്കുറിച്ചുള്ള ഒരു വിളംബരപത്രികയായി രൂപാന്തരപ്പെടുന്നു; ഏറെ പ്രത്യേകിച്ച്, അത് മൂന്നുകൂട്ടം ആളുകളെക്കുറിച്ച് കരുതൽ ഉള്ളതായി മാറുന്നു: അനാഥൻ, വിധവ, പരദേശി (നിയ 24:17 കാണുക). പുറപ്പാടിലെ പുരാതന നിയമങ്ങൾ പ്രവാചകർ തങ്ങളുടെ കാലാനുസൃതം സ്മരിക്കുകയും പ്രസക്തമാക്കുകയും ചെയ്യുന്നു; അവർ ഇസ്രായേലിന്റെ വിമർശനാത്മക മനഃസാക്ഷിയെയാണ് പ്രതിനിധാനം ചെയ്യുന്നത്. പ്രവാചകരായ ആമോസും ഹോസിയായും ഏശയ്യായും മിക്കായും ജറെമിയായും ഒക്കെ തങ്ങളുടെ പുസ്തകങ്ങളിലെ പല അധ്യായങ്ങൾ മുഴുവനും അനീതിയെ അപലപിക്കാനായി ഉപയോഗപ്പെടുത്തുന്നു. ദരിദ്രരെ പീഡിപ്പിക്കുന്നതിനെതിരായി ആമോസ് ശക്തമായ മുറവിളികൂട്ടുന്നു; തന്റെ ശ്രോതാക്കൾ അഗതികളായവരുടെ അടിസ്ഥാന മാനുഷികമാഹാത്മ്യം നിഷേധിക്കുന്നത് തിരിച്ചറിയുന്നില്ലെന്ന് ആമോസ് കുറ്റപ്പെടുത്തുന്നു (ആമോ 2:6–7; 4:1; 5:11–12 കാണുക). പാവപ്പെട്ടവരുടെ അവകാശങ്ങൾ ചവിട്ടിമെതിക്കുകയും അങ്ങനെ അവർക്ക് നീതിയും നിഷേധിക്കുകയും ചെയ്യുന്നവർക്കെതിരായി ഏശയ്യാ ശാപവാക്കുകൾ ഉതിർക്കുന്നു: “തിന്മയുടെ ചട്ടങ്ങൾ കുറിക്കുന്നവർക്കും അന്യായനിയമങ്ങൾ എഴുതിയ എഴുത്തുകാർക്കും ദുരിതം! പാവപ്പെട്ടവനു നീതി നിഷേധിക്കുന്നതിനും എന്റെ ജനത്തിലെ എളിയവന്റെ ന്യായം കവർന്നെടുക്കുതിനും വിധവകളെ തങ്ങളുടെ കൊള്ളവസ്തുവാക്കുന്നതിനുംവേണ്ടിയല്ലേ, അനാഥരെ അവർ ചൂഷണം ചെയ്യുന്നത്?” (ഏശ 10:1–2). ജ്ഞാനലിഖിതങ്ങളിലും ഈ പ്രവാചകസ്വരം പ്രതിഫലിക്കുന്നുണ്ട്. ഉദാഹരണത്തിന്, ദരിദ്രരേ ചൂഷണം

ചെയ്യുന്നതിനെ കൊലപാതകമായാണ് പ്രഭാഷകൻ കാണുന്നത്: "ഉപജീവനമാർഗം തട്ടിയെടുക്കുന്നവൻ അയല്ക്കാരനെ കൊല്ലുന്നവനാണ്; കൂലിക്കാരന്റെ കൂലി അപഹരിക്കുന്നവൻ രക്തം ചൊരിയുന്നവനാണ്" (പ്രഭാ 34:22). സങ്കീർത്തനങ്ങളിൽ ദൈവവുമായുള്ള മതാത്മകബന്ധം സാധ്യമാകുന്നത് ദുർബലരെയും ആവശ്യങ്ങളിൽ ഇരിക്കുന്നവരെയും പ്രതിരോധിക്കുക വഴിയാണ്: നിസ്സാരനെയും അനാഥനെയും ന്യായം വിധിക്കുവിൻ; അഗതിക്കും പാവപ്പെട്ടവനും നീതിവിധി നടത്തുവിൻ! നിസ്സാരനെയും ദരിദ്രനെയും രക്ഷപ്പെടുത്തുവിൻ; ദുഷ്ടരുടെ കൈയിൽനിന്ന് അവനെ മോചിപ്പിക്കുവിൻ!"(സങ്കീ 82:3-4).

12. എളിയ സാഹചര്യങ്ങളിൽ ജനിക്കുകയും വളർന്നുവരുകയും ചെയ്ത യേശു ആവശ്യങ്ങളിൽ ഇരിക്കുന്നവരുടെയും അധ്വാനിക്കുന്നവരുടെയും മാഹാത്മ്യം വെളിപ്പെടുത്തുന്നു.[20] തുടർന്ന് തന്റെ പൊതുപ്രവർത്തനത്തിലുടനീളം ദൈവത്തിന്റെ ഛായ പേറിയിട്ടുള്ള എല്ലാവരുടെയും മൂല്യവും മാഹാത്മ്യവും, അവരുടെ സാമൂഹ്യനിലയും ഭൗതികസാഹചര്യങ്ങളും നോക്കാതെതന്നെ, യേശു ഉറപ്പിച്ചു പറയുകയുണ്ടായി. യേശു സാംസ്കാരികവും ആരാധനാപരവുമായ മതിൽക്കെട്ടുകൾ തകർത്തുകൊണ്ട്, "നിരാകരിക്കപ്പെട്ടവർ" എന്നും സമൂഹത്തിന്റെ പാർശ്വങ്ങളിൽ ആയിരിക്കുന്നവർ എന്നും കണക്കാക്കിയിരുന്ന ചുങ്കക്കാർ (മത്താ 9:10-11 കാണുക), സ്ത്രീകൾ (യോഹ 4:1-42 കാണുക), കുട്ടികൾ (മർക്കോ 10:14-15 കാണുക), കുഷ്ഠരോഗികൾ (മത്താ 8:2-3 കാണുക), രോഗികൾ (മർക്കോ 1:29-34 കാണുക), അപരിചിതർ (മത്താ 25:35 കാണുക), വിധവകൾ (ലൂക്കാ 7:11-15 കാണുക) എന്നിവരുടെ മാഹാത്മ്യം ഉയർത്തുകയുണ്ടായി. അവിടന്ന് സുഖപ്പെടുത്തുന്നു, തീറ്റിപ്പോറ്റുന്നു, പ്രതിരോധിക്കുന്നു, വിമോചിപ്പിക്കുന്നു, രക്ഷപ്പെടുത്തുന്നു. നഷ്ടപ്പെട്ട ഒരു ആടിനെക്കുറിച്ച് കരുതലുള്ള ഇടയനായാണ് അവിടന്ന് ചിത്രീകരിക്കപ്പെടുന്നത് (മത്താ 18:12-14 കാണുക). അവിടന്ന് തന്റെ എളിയ സഹോദരരുമായി താദാത്മ്യം പ്രാപിക്കുന്നു: "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്താ 25:40). ബൈബിളിന്റെ ഭാഷയിൽ, "ചെറിയവർ" ("the little ones") എന്നത് കുട്ടികൾ മാത്രമല്ല, മറിച്ച്, പ്രതിരോധശേഷി കുറഞ്ഞവർ, വളരെ നിസ്സാരരായവർ, പുറന്തള്ളപ്പെട്ടവർ, മർദിതർ,



നിരാകരിക്കപ്പെട്ടവർ, ദരിദ്രർ, അനഭ്യസ്തർ, രോഗികൾ, ശക്തരാൽ ചവിട്ടിമെതിക്കപ്പെട്ടവർ എന്നിവരുമാണ്. താൻ താദാത്മ്യംപ്രാപിക്കുന്ന വിശക്കുന്നവരെയും ദാഹിക്കുന്നവരെയും പരദേശികളെയും നഗ്നരെയും രോഗികളെയും കാരാഗൃഹവാസികളെയും ശുശ്രൂഷിക്കുന്നവർക്ക് അയല്ക്കാരോടുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിലായിരിക്കും മഹത്ത്വീകൃതനായ ക്രിസ്തു വിധി നടത്തുക (മത്താ 25:34-36 കാണുക). യേശുവിനെ സംബന്ധിച്ചിടത്തോളം, ഓരോ മനുഷ്യവ്യക്തിയോടും, രക്തബന്ധത്തിന്റെയും മതത്തിന്റെയും പരിഗണന കൂടാതെ തന്നെ, ചെയ്തിട്ടുള്ള നന്മയാണ് വിധിയുടെ ഏകമാനദണ്ഡം. ഓരോ ക്രിസ്ത്യാനിയും മാഹാത്മ്യത്തിൽ നിന്നുതിരുന്ന ആവശ്യങ്ങളുടെയും എല്ലാ മനുഷ്യരുടെയും അവകാശങ്ങളോടുള്ള ആദരത്തിന്റെയും അടിസ്ഥാനത്തിൽ (റോമാ 13:8-10 കാണുക) സ്നേഹത്തിന്റെ പുതിയ കല്പനയനുസരിച്ചു ജീവിക്കണമെന്ന് പൗലോസ് അപ്പോസ്തലൻ നിഷ്കർഷിക്കുന്നു (1 കോറി 13:1-13 കാണുക).

## ക്രൈസ്തവചിന്തയിലെ വികാസങ്ങൾ

13. ക്രിസ്തീയചിന്ത വികാസംപ്രാപിച്ചപ്പോൾ, മാഹാത്മ്യത്തെക്കുറിച്ചുള്ള മനുഷ്യരാശിയുടെ വിചിന്തനത്തെ അത് സഹായിക്കുകയും അതിന്റെ പുരോഗതിയെ അനുഗമനം ചെയ്യുകയും ചെയ്തു. സഭാ

പിതാക്കന്മാരുടെ സമ്പന്നപാരമ്പര്യത്തിൽനിന്ന് ശക്തി സംഭരിച്ചു കൊണ്ട് ശ്രേഷ്ഠക്രൈസ്തവ നരവംശശാസ്ത്രം (classical Christian anthropology) മനുഷ്യവ്യക്തി ദൈവത്തിന്റെ ഛായയിലും സാദൃശ്യ ത്തിലും സൃഷ്ടിക്കപ്പെട്ടതാണെന്ന പ്രബോധനത്തിനും മനുഷ്യ വ്യക്തിക്ക് സൃഷ്ടിയിൽ അനന്യമായ സ്ഥാനം ഉണ്ടെന്ന വസ്തുത യ്ക്കും ഊന്നൽനല്കുകയും ചെയ്തു.[21] പുരാതന തത്ത്വശാസ്ത്ര ത്തിൽനിന്ന് അതിനു ലഭിച്ച പാരമ്പര്യസ്വത്ത് വിമർശനാത്മകമായി പരിശോധിച്ചതിനുശേഷം മധ്യശതകത്തിലെ ക്രൈസ്തവ ചിന്ത "വ്യക്തിയെ"ക്കുറിച്ചുള്ള സങ്കല്പത്തിന്റെ (notion) ഒരു സമന്വയരൂപ ത്തിൽ (synthesis) എത്തിച്ചേർന്നു; അത് മനുഷ്യമാഹാത്മ്യത്തിന്റെ തത്ത്വമീമാംസാപരമായ അടിസ്ഥാനം (metaphysical foundation) അംഗീ കരിക്കുന്ന ഒന്നായിരുന്നു. വിശുദ്ധ തോമസ് അക്വിനാസ് അതിനെ സ്ഥിരീകരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു, "'വ്യക്തി' എന്നാൽ പ്രപഞ്ചത്തിലുള്ള എല്ലാറ്റിലും അതീവ പൂർണത പേറിനില്ക്കുന്ന ഒന്നാണ്, അതായത്, യുക്തിസഹപ്രകൃതമുള്ളതും വ്യതിരിക്തവും സ്വയം ഉൾച്ചേർന്നിരിക്കുന്നതുമാണ്" (a subsistent individual of a rational nature).[22] പില്ക്കാലത്ത്, നവോത്ഥാന ക്രൈസ്തവ മാനവിക തത്ത്വ വിചാരം (Christian humanism of the Renaissance) സത്താപരമായ ഈ മാഹാത്മ്യത്തിന് (ontological dignity) കൂടുതൽ ഊന്നൽനല്കി; ഈ മാഹാത്മ്യത്തിന്റെ അതിശ്രേഷ്ഠമായ പ്രകാശനം മനുഷ്യവ്യക്തിയുടെ സ്വാതന്ത്ര്യപ്രവർത്തനം (free human action) ആണെന്നും പറഞ്ഞു.[23] പരമ്പരാഗത ക്രൈസ്തവ നരവംശശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങൾ ചോദ്യം ചെയ്ത ആധുനിക തത്ത്വചിന്തകരിൽ ചിലരായ ഡെക്കാർട്ടി ന്റെയും കാന്റിന്റെയും ലിഖിതങ്ങളിൽപ്പോലും വെളിപാടിന്റെ പ്രതി ഫലനങ്ങൾ വ്യക്തമായി തിരിച്ചറിയാൻ സാധിക്കും. തത്ത്വപരവും പ്രായോഗികവുമായ കർത്തൃനിഷ്ഠയുടെ നില സംബന്ധിച്ചുള്ള ചില സമീപകാല തത്ത്വചിന്തകരുടെ വിചിന്തനങ്ങളിൽ അടിസ്ഥാനപ്പെടു ത്തികൊണ്ടുതന്നെ ക്രൈസ്തവ ചിന്തയ്ക്ക് ഇപ്പോൾ മാഹാത്മ്യം എന്ന തത്ത്വത്തിന്റെ കൂടുതലായ ആഴത്തിന് ഊന്നൽ കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിൽ (വൈയക്തിക വാദത്തിൽ കാണുന്നതുപോലെ [as seen in Personalism]) ഇത് ഒരു മൗലികതയുള്ള കാഴ്ചപ്പാടായി (original perspective) രൂപപ്പെട്ടു; അത് കർത്തൃനിഷ്ഠ

എന്നതിനെ പുനഃപരിശോധിക്കുകയും അത് പലരുടെയും ഇടയിലുള്ള കർത്തൃനിഷ്ഠ (intersubjectivity) ആണെന്നും ജനത്തെ പരസ്പരം യോജിപ്പിക്കുന്ന ബന്ധങ്ങൾ ആണെന്നും വരത്തക്കരീതിയിൽ വിപുലീ കരിക്കുകയുണ്ടായി.[24] ഈ കാഴ്ചപ്പാടിൽനിന്നു വരുന്ന ചിന്ത സമകാ ലിക ക്രൈസ്തവ നരവംശശാസ്ത്രത്തെ സമ്പുഷ്ടമാക്കിയിട്ടുണ്ട്. [25]

## സമകാലികം

14. മനുഷ്യവ്യക്തിയുടെ, പ്രപഞ്ചത്തിലുള്ള മറ്റു യാഥാർഥ്യങ്ങളോടു തുലനംചെയ്യാൻ കഴിയാത്തവിധമുള്ള, അതിവിശിഷ്ടത ഊന്നിപ്പറയാ നാണ് ഇന്ന് "മാഹാത്മ്യം" എന്ന പദം ഉപയോഗിച്ചുവരുന്നത്. ഈ കാഴ്ചപ്പാടിൽ 1948-ലെ ഐക്യരാഷ്ട്രസഭയുടെ പ്രഖ്യാപനത്തിൽ (in the United Nations *Declaration*) എങ്ങനെയാണ് "മാഹാത്മ്യം" എന്ന പദം ഉപയോഗിച്ചിരിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാനാകും. "മനുഷ്യ കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ജന്മസിദ്ധമായ മാഹാത്മ്യ ത്തെക്കുറിച്ചും (*inherent* dignity) തുല്യവും കവർന്നെടുക്കപ്പെടാൻ ആവാത്തതുമായ അവകാശങ്ങളെക്കുറിച്ചും" അതു സംസാരിക്കുന്നു. യഥാർഥത്തിൽ കവർന്നെടുക്കാനാവാത്ത മനുഷ്യമാഹാത്മ്യമാണ് മനുഷ്യാവകാശങ്ങളെുറിച്ച് സംസാരിക്കാൻ ഇടവരുത്തുന്നത്. [26]

15. മാഹാത്മ്യത്തെക്കുറിച്ചുള്ള ആശയം വ്യക്തമാക്കുന്നതിന് ഒരു കാര്യം ചൂണ്ടിക്കാണിക്കേണ്ടത് അനിവാര്യമാണ്: ഒരു വ്യക്തിക്കുള്ള കഴിവുകളുടെയും ഗുണഗണങ്ങളുടെയും അടിസ്ഥാനത്തിൽ മറ്റുള്ള വരാൽ നല്കപ്പെടുന്ന, വേണമെങ്കിൽ പിൻവലിക്കാവുന്ന, ഒന്നല്ല മാഹാത്മ്യം എന്നു പറയുന്നത്. അത് അപ്രകാരം ചൊരിയപ്പെട്ടതാണെ ങ്കിൽ, അത് ഉപാധികളോടെ പിൻവലിക്കപ്പെടാം എന്നവിധത്തിലും നല്കപ്പെട്ടതാകുമായിരുന്നു; അങ്ങനെയെങ്കിൽ, മാഹാത്മ്യത്തിന്റെ അർഥംതന്നെ (അത് എത്ര മാത്രം ബഹുമതിക്ക് അർഹമാണെങ്കിലും) റദ്ദാക്കപ്പെടാം എന്ന അപകടത്തിന്റെ മുന്നിൽ നില്ക്കുന്നതായിരിക്കും. എന്നാൽ മാഹാത്മ്യം എന്നത് വ്യക്തിക്ക് നൈസർഗികമായുള്ളതാണ് : അത് പിന്നീട് (*a posteriori*) ചൊരിയപ്പെട്ടതല്ല; അത് ആരെങ്കിലും അംഗീ കരിക്കുന്നതിനും മുമ്പുള്ളതാണ്; അതൊരിക്കലും നഷ്ടപ്പെടാനും സാധ്യതയില്ലാത്തതാണ്. എല്ലാ മനുഷ്യർക്കും ഒന്നുപോലെ തുല്യമായ

രീതിയിൽ ഈ നൈസർഗിക മാഹാത്മ്യം ഉണ്ട്, അവർക്ക് അത് യോജിച്ച രീതിയിൽ പ്രകാശിപ്പിക്കാൻ കഴിവില്ലെങ്കിൽപ്പോലും.

16. ഇക്കാരണത്താൽ, രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നതു പ്രകാരം, "മനുഷ്യവ്യക്തിയുടെ മാഹാത്മ്യം അതിശ്രേഷ്ഠമാണ്; മനുഷ്യൻ ഇതര സൃഷ്ടികൾക്കെല്ലാം ഉപരിയായി നിലകൊള്ളുന്നതിനാൽ അവന്റെ അവകാശങ്ങളും കടമകളും സാർവത്രികവും അലംഘനീയവുമാണ്." [27] മതസ്വാതന്ത്ര്യം സംബന്ധിക്കുന്ന "മനുഷ്യമാഹാത്മ്യം" (*Dignitatis Humanae*) എന്ന കൗൺസിലിന്റെ പ്രഖ്യാപനത്തിന്റെ പ്രാരംഭത്തിൽ പറയുന്നതുപോലെ, "മനുഷ്യവ്യക്തിത്വത്തിന്റെ മാഹാത്മ്യത്തെപ്പറ്റി ഇന്നത്തെ മനുഷ്യർ ഉപര്യുപരി ബോധവാന്മാരായിത്തീരുകയാണ്. മനുഷ്യർ സ്വന്തം തീരുമാനം അനുസരിച്ചും ഉത്തരവാദിത്വപൂർണമായ സ്വാതന്ത്ര്യം അനുഭവിച്ചും പ്രവർത്തിക്കണമെന്നും അവ ഉപയോഗിക്കുന്നത് നിർബന്ധത്തിനു വഴങ്ങാതെ, മനഃസാക്ഷിയുടെ പ്രേരണയാൽ നയിക്കപ്പെട്ട് ആയിരിക്കണം എന്നും ആവശ്യപ്പെടുന്നവരുടെ എണ്ണം വർധിച്ചുവരുകയാണ്." [28] ഇത്തരത്തിലുള്ള, വ്യക്തിപരവും സാമൂഹികവുമായ തലങ്ങളിലുള്ള, ചിന്തയുടെയും മനഃസാക്ഷിയുടെയും സ്വാതന്ത്ര്യം, "ദൈവവചനത്താൽ വെളിപ്പെടുത്തപ്പെട്ടവിധത്തിലും ബുദ്ധികൊണ്ടുതന്നെയും അറിയുന്ന" [29] മനുഷ്യമാഹാത്മ്യം സംബന്ധിച്ച തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണുറപ്പിച്ചിരിക്കുന്നത്. മനുഷ്യമാഹാത്മ്യത്തിന്റെ അർഥം സംബന്ധിച്ച് സഭയുടെ പ്രബോധനം ഉത്തരോത്തരം വർധിതമായ അവബോധത്തിലേക്കു പ്രവേശിച്ചിട്ടുണ്ട്; അത് അതുയർത്തുന്ന അവകാശങ്ങളും അനന്തരഫലങ്ങളും അറിഞ്ഞുകൊണ്ടുതന്നെയാണ്. സഭ അപ്രകാരം ഓരോ മനുഷ്യവ്യക്തിയുടെയും മാഹാത്മ്യം എല്ലാ സാഹചര്യങ്ങൾക്കും ഉപരിയായി നില്ക്കുന്നു എന്ന തിരിച്ചറിവിലേക്ക് എത്തിച്ചേർന്നിരിക്കുന്നു.

## 2. സഭ മനുഷ്യമാഹാത്മ്യം പ്രഖ്യാപിക്കുകയും പ്രോത്സാഹിപ്പിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുന്നു

17. സഭ എല്ലാ മനുഷ്യരുടെയും തുല്യമായ മാഹാത്മ്യം പ്രഖ്യാപിക്കുന്നു, അതായത്, അവരുടെ ജീവിതസാഹചര്യങ്ങളും ഗുണമേന്മകളും

പരിഗണിക്കാതെതന്നെ. ഈ പ്രഖ്യാപനം മൂന്നുതരം ബോധ്യങ്ങളുടെ അടിസ്ഥാനത്തിലാണ്. ക്രിസ്തീയവിശ്വാസത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുതബോധ്യങ്ങൾ മനുഷ്യമാഹാത്മ്യത്തിന് അപരിമേയമായ മൂല്യം നല്കുകയും അതിന്റെ നൈസർഗികമായ അവകാശങ്ങൾ ശക്തമായി ദൃഢീകരിക്കുകയും ചെയ്യുന്നു.

## *ദൈവത്തിന്റെ മായാത്ത ഛായ*

18. വെളിപാടിൽനിന്ന് നുകർന്നെടുത്ത ആദ്യബോധ്യമനുസരിച്ച് മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തിനുകാരണം അത് സ്രഷ്ടാവിന്റെ സ്നേഹത്തിൽനിന്നു വരുന്നു എന്നതുതന്നെ; അവിടന്ന് തന്റെ ഛായ യുടെ മായാത്ത അംശങ്ങൾ ഓരോ വ്യക്തിയിലും പതിച്ചിട്ടുണ്ട് (ഉത്പ 1:26 കാണുക). തന്നെ അറിയാനും സ്നേഹിക്കാനും താനുമായി ഒരു ഉടമ്പടിബന്ധത്തിൽ ജീവിക്കാനും സ്രഷ്ടാവ് ഓരോ വ്യക്തിയെയും ക്ഷണിക്കുന്നു. അതോടൊപ്പംതന്നെ മറ്റുള്ളവരുമായി സാഹോദര്യ ത്തിലും നീതിയിലും സമാധാനത്തിലും ജീവിക്കാനും അവിടന്ന് അവരെ ക്ഷണിക്കുന്നു. ഈ കാഴ്ചപ്പാടിൽ, മാഹാത്മ്യം എന്നു പറയു ന്നത് ആത്മാവിനു മാത്രമുള്ളതല്ല, പ്രത്യുത ആത്മാവും ശരീരവുമായി വേർപെടുത്താനാവാത്ത ഒരു ഏകത്വം എന്ന നിലയിൽ വ്യക്തിക്ക് മുഴുവനായുള്ളതാണ്. അക്കാരണത്താൽ, ഓരോ വ്യക്തിയുടെയും ശരീരത്തോടുംകൂടി നൈസർഗികമായി ചേർന്നുനില്ക്കുന്നതാണ് മാഹാത്മ്യം; ശരീരം അതിന്റേതായ രീതിയിൽ ദൈവത്തിന്റെ ഛായയിൽ (in *imago Dei*) പങ്കുചേരുകയും ആത്മാവിന്റെ ദിവ്യദർശനത്തിലുള്ള മഹത്ത്വത്തിൽ ഭാഗഭാക്കാകാൻ വിളിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

## *ക്രിസ്തു മനുഷ്യമാഹാത്മ്യം ഉയർത്തുന്നു*

19. പിതാവ് തന്റെ പുത്രനെ അയയ്ക്കുക വഴിയായി മനുഷ്യവ്യക്തി യുടെ മാഹാത്മ്യം അതിന്റെ പൂർണതയിൽ വെളിവാക്കപ്പെട്ടു എന്ന വസ്തുതയിൽനിന്നു വരുന്നതാണ് രണ്ടാമത്തെ ബോധ്യം; പുത്രൻ മനുഷ്യാസ്തിത്വം സമ്പൂർണമായും സ്വീകരിക്കുകയുണ്ടായി: "മനുഷ്യാ വതാര രഹസ്യംവഴിയായി മനുഷ്യനെ രൂപപ്പെടുത്തുന്ന ശരീരത്തി ന്റെയും ആത്മാവിന്റെയും മാഹാത്മ്യം ദൈവപുത്രൻ സ്ഥിരീകരിക്കുക യുണ്ടായി." [30] തന്റെ മനുഷ്യാവതാരത്തിലൂടെ ഓരോ മനുഷ്യ



വ്യക്തിയുമായി താദാത്മ്യപ്പെട്ട യേശുക്രിസ്തു, മനുഷ്യസമൂഹത്തിന്റെ ഭാഗമായിത്തീർന്നുകൊണ്ട് ഓരോ വ്യക്തിക്കും അപരിമിതമായ മാഹാത്മ്യമുണ്ടെന്ന കാര്യം സ്ഥിരീകരിച്ചു; ആ മാഹാത്മ്യം ഒരിക്കലും നഷ്ടപ്പെടുന്നില്ല എന്നും യേശു ഉറപ്പിച്ചു.[31] ഓരോ വ്യക്തിയുടെയും മാഹാത്മ്യം അംഗീകരിക്കുന്നതിൽ യേശു വളരെ വലിയ ഒരു നവീനതയും സൃഷ്ടിച്ചു, ഏറെപ്രത്യേകിച്ച്, "അയോഗ്യർ" എന്നു കരുതപ്പെട്ടിരുന്നവർക്ക് മാഹാത്മ്യം കല്പിക്കുകവഴിയായി, അതായത്, ദൈവരാജ്യം ദരിദ്രർക്കും വിനീതർക്കും വെറുക്കപ്പെട്ടവർക്കും ഉള്ളതാണെന്ന് പ്രഖ്യാപിക്കുക വഴിയായി; എല്ലാത്തരം രോഗങ്ങളും അസ്വാസ്ഥ്യങ്ങളും, ഏറെ പ്രത്യേകിച്ച് വളരെ അസുഖകരമായിരുന്ന കുഷ്ഠരോഗംപോലും, സുഖപ്പെടുത്തുന്നതു വഴിയായി; ഇപ്രകാരമുള്ള വ്യക്തികൾക്കായി ചെയ്തുകൊടുക്കുന്ന നന്മകൾ എല്ലാംതന്നെ തനിക്കായി ചെയ്യുന്നതാണെന്നും കാരണം, താൻ അവരിലെല്ലാം സന്നിഹിതനാണെന്നു പ്രഖ്യാപിക്കുക വഴിയായി; ഈ രീതിയിൽ ഓരോ വ്യക്തിയുടെയും

മാഹാത്മ്യം യേശു അംഗീകരിച്ചു. മനുഷ്യ ചരിത്രത്തിലെ ഈ പുതിയതത്ത്വം ലോകത്തിന്റെ മുഖംതന്നെ മാറ്റി മറിക്കുകയുണ്ടായി; അതായത്, വ്യക്തികൾ ദുർബലരും നിന്ദിതരും പീഡയനുഭവിക്കുന്നവരും മാനുഷിക രൂപംതന്നെ നഷ്ടപ്പെട്ടവരും ആയിരിക്കുമ്പോൾ അവർ നമ്മുടെ ആദരവും സ്നേഹവും കൂടുതലായി അർഹിക്കുന്നവരാണെന്ന് ഉറപ്പിച്ചുപറയുന്ന തത്ത്വം. ഈ തത്ത്വമാണ് തീർത്തും അഹിതകരമായ സാഹചര്യങ്ങളിൽ ആയിരിക്കുന്നവർക്കും ഉപേക്ഷിക്ക പ്പെട്ട കുഞ്ഞുങ്ങൾക്കും അനാഥർക്കും സഹായം ലഭ്യമല്ലാതെ പോകുന്ന വൃദ്ധർക്കും മാനസികരോഗികൾക്കും സുഖപ്പെടുത്താ നാവാത്ത രോഗങ്ങൾ ഉള്ളവർക്കും ഗുരുതരമായ വൈകല്യങ്ങൾ ഉള്ളവർക്കും തെരുവുകളിൽ കഴിയുന്നവർക്കുംവേണ്ടി സ്ഥാപനങ്ങൾ ഉയർത്താൻ കാരണമായത്.

## *സമ്പൂർണ മാഹാത്മ്യത്തിനായുള്ള വിളി*

20. മനുഷ്യരുടെ ആത്യന്തിക ലക്ഷ്യം സംബന്ധിക്കുന്നതാണ് മൂന്നാമത്തെ ബോധ്യം. സൃഷ്ടിക്കും മനുഷ്യാവതാരത്തിനുംശേഷം ക്രിസ്തുവിന്റെ ഉത്ഥാനം മനുഷ്യമാഹാത്മ്യത്തിന്റെ മറ്റൊരുവശം കൂടി വെളിവാക്കുന്നു. യഥാർഥത്തിൽ, "മനുഷ്യമാഹാത്മ്യത്തിന്റെ കാരണം, സർവോപരി, ദൈവവുമായി സംസർഗത്തിനായി മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നതത്രേ;" [32] അത് എന്നന്നേക്കുമുള്ള സംസർഗമാണ്. ആകയാൽ, ദൈവത്തിൽനിന്നു വരുന്നു എന്ന കാരണത്താൽ, ഈ ജീവിതത്തിന്റെ മാഹാത്മ്യം അതിന്റെ ആരംഭത്തിൽമാത്രം ഒതുങ്ങുന്നതല്ല, അത് അതിന്റെ പരമാന്ത്യത്തോടും ചേർന്നിരിക്കുന്നതാണ്; അതായത്, അവിടത്തെക്കുറിച്ചുള്ള അറിവിലും അവിടത്തോടുള്ള സ്നേഹത്തിലും ദൈവവുമായുള്ള സംസർഗത്തിൽ ആയിരിക്കുക എന്നതാണ്. ഈ സത്യത്തിന്റെ വെളിച്ചത്തിൽ വിശുദ്ധ ഇറനേവൂസ് മനുഷ്യനെ വിശേഷിപ്പിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നതു പൂർത്തിയാക്കി പറയുന്നു: "യഥാർഥത്തിൽ, ജീവിക്കുന്ന മനുഷ്യനാണ് ദൈവത്തിന്റെ മഹത്ത്വം; മനുഷ്യന്റെ ജീവിതമോ, ദൈവദർശനത്തിലും അടങ്ങിയിരിക്കുന്നു." [33]

21. ആകയാൽ, ദൈവത്തിന്റെ ഛായയിലും രൂപത്തിലും സൃഷ്ടിക്കപ്പെട്ടവരും മനുഷ്യനായി അവതരിച്ചു ക്രൂശിക്കപ്പെടുകയും ഉയിർക്കു

കയും ചെയ്ത അവിടത്തെ പുത്രനിൽ പുനഃസൃഷ്ടിക്കപ്പെടുകയും ചെയ്തവരും [34] ആയ എല്ലാ മനുഷ്യരും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ പിതാവിന്റെ മഹത്ത്വം അതേ ഛായയിൽ പ്രതിഫലിപ്പിക്കാനും അങ്ങനെ നിത്യജീവനിൽ പങ്കുചേരാനും വിളിക്കപ്പെട്ടവരാണെന്ന് സഭ വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു (യോഹ 10:15-16; 17:22-24; 2 കോറി 3:18; എഫേ 1:3-14 കാണുക). യഥാർഥത്തിൽ, "വെളിപാട് [...] മനുഷ്യവ്യക്തിയുടെ മാഹാത്മ്യം അതിന്റെ എല്ലാ പൂർണതയിലും ചൂണ്ടിക്കാണിക്കുന്നു." [35]

## *ഓരോരുത്തരുടെയും സ്വന്തമായ സ്വാതന്ത്ര്യത്തോടുള്ള പ്രതിജ്ഞാബദ്ധത*

22. ഓരോ വ്യക്തിക്കും അവന്റെയും അവളുടെയും അസ്തിത്വത്തിന്റെ ആരംഭംമുതൽ പിൻവലിക്കപ്പെടാനാവാത്ത ദാനം എന്ന നിലയിൽ അന്യാധീനപ്പെടുത്താനാവാത്തതും സഹജവുമായ മാഹാത്മ്യം സ്വന്തമായി ഉണ്ട്. എന്നാൽ, ആ മാഹാത്മ്യം പ്രകടിപ്പിക്കാനോ അത് പൂർണരൂപത്തിൽ പ്രകാശിപ്പിക്കാനോ മറച്ചുവയ്ക്കാനോ വേണ്ട തെരഞ്ഞെടുപ്പു നടത്തുന്നത് ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യവും ഉത്തരവാദിത്വ പൂർണവുമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. ചില സഭാപിതാക്കന്മാർ, ഉദാഹരണത്തിന്, വിശുദ്ധ ഇറനേവൂസും വിശുദ്ധ ജോൺ ഡമഷീനും ഉത്പത്തി പുസ്തകത്തിൽ സൂചിപ്പിച്ചിരിക്കുന്ന "ഛായയും" "സാദൃശ്യവും" (1:26) വേർതിരിച്ചു കാണുകയുണ്ടായി. അത് മനുഷ്യമാഹാത്മ്യത്തിന് ഒരു ചലനാത്മക കാഴ്ചപ്പാട് നല്കാനിടയായി; അതായത്, മനുഷ്യസ്വാതന്ത്ര്യത്തിന് വിട്ടുനല്കപ്പെട്ട ഒന്നാണ് ദൈവത്തിന്റെ ഛായ; അതുവഴിയായി പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്താലും പ്രവർത്തനത്താലും ഓരോ വ്യക്തിയിലും ഉള്ള ദൈവത്തിന്റെ സാദൃശ്യം വളർന്ന്, വലുതായി ഓരോരുത്തരുടെയും മാഹാത്മ്യത്തിന്റെ ഏറ്റവും ഉയർന്ന ഭാവം പ്രാപിക്കേണ്ടിയിരിക്കുന്നു.[36] അസ്തിത്വപരവും ധാർമികവുമായ തലത്തിൽ അവരവരുടെ, സ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ട്, ദൈവസ്നേഹത്തോടു പ്രതികരിച്ചുകൊണ്ട്, ശരിയായ നന്മയ്ക്കായി തങ്ങളെത്തതന്നെ ക്രമപ്പെടുത്തി തങ്ങളുടെ മാഹാത്മ്യത്തിന്റെ സത്താപരമായ ലക്ഷ്യം പ്രകാശിപ്പിക്കാൻ എല്ലാ മനുഷ്യരും വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ,

ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട ആൾ എന്ന നിലയിൽ, മനുഷ്യവ്യക്തിക്ക് അവന്റെയും അവളുടെയും മാഹാത്മ്യം ഒരിക്കലും നഷ്ടപ്പെടുന്നില്ല; അതോടൊപ്പം നന്മയെ സ്വതന്ത്രമായി ആശ്ലേഷിക്കാനുള്ള വിളിയും ഒട്ടും നഷ്ടപ്പെടുന്നില്ല. അതേസമയം, ഒരു വ്യക്തി എത്രമാത്രം നന്മയ്ക്കായി പ്രതികരിക്കുന്നുവോ അത്രമാത്രം ആ വ്യക്തിയുടെ മാഹാത്മ്യത്തിന് സ്വതന്ത്രവും ചലനാത്മകവും അഭിവൃദ്ധി പ്രാപിക്കുന്നതുമായ രീതിയിൽ പ്രകാശിതമാകാൻ ആകും; അങ്ങനെ അതിനു വളരാനും പാകപ്പെടാനും സാധിക്കും. ആകയാൽ, ഓരോ വ്യക്തിയും തന്റെ മാഹാത്മ്യത്തിന്റെ പൂർണരൂപത്തിനൊത്ത് ജീവിക്കാനുള്ള ശ്രമം നടത്തേണ്ടിയിരിക്കുന്നു. ഇതിന്റെ വെളിച്ചത്തിൽ, പാപത്തിന് മാനുഷികമാഹാത്മ്യത്തിനു എത്രമാത്രം മുറിവുണ്ടാക്കാനും അതിനെ മറച്ചുപിടിക്കാനും സാധിക്കുമെന്നു നാം മനസ്സിലാക്കുന്നു; പാപം എന്നത് ഈ മാഹാത്മ്യത്തിനു വിരുദ്ധമായ ഒരു പ്രവൃത്തിയാണ്; അതേസമയം, മനുഷ്യവ്യക്തി ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന യാഥാർഥ്യത്തെ പാപത്തിന് ഒരിക്കലും ഇല്ലാതാക്കാൻ സാധിക്കയുമില്ല. ഈ രീതിയിൽ, മനുഷ്യമാഹാത്മ്യം മനസ്സിലാക്കാനുള്ള സഹായം യുക്തിക്കു നല്കുന്നതിൽ വിശ്വാസം നിർണായകമായ ഒരു പങ്കുവഹിക്കുന്നു; അതായത്, മനുഷ്യമാഹാത്മ്യം അംഗീകരിക്കുന്നതിലും ഉറപ്പിക്കുന്നതിലും അതിന്റെ അടിസ്ഥാനപരമായ ലക്ഷണങ്ങൾ വ്യക്തമാക്കുന്നതിലും. ഇതിനെക്കുറിച്ച് ബെനെഡിക്ട് പതിനാറാമൻ പാപ്പാ ഇപ്രകാരം ചൂണ്ടിക്കാണിച്ചു: “മതം നല്കുന്ന തെറ്റുതിരുത്തൽ പ്രക്രിയ കൂടാതെ, യുക്തിപോലും വ്യതിചലനങ്ങൾക്ക് ഇരയാകാനുള്ള സാധ്യതയുണ്ട്, പ്രത്യേകിച്ച്, അത് പ്രത്യയശാസ്ത്രത്താൽ സ്വാധീനിക്കപ്പെടുമ്പോൾ അല്ലെങ്കിൽ ഭാഗികമായി ഉപയോഗിക്കപ്പെടുകവഴി മനുഷ്യവ്യക്തിയുടെ മാഹാത്മ്യം പൂർണമായും കണക്കിലെടുക്കാതെ പോകുമ്പോൾ. യുക്തിയുടെ അപ്രകാരമുള്ള ദുരുപയോഗമാണ്, യഥാർഥത്തിൽ ആദ്യമായി അടിമക്കച്ചവടത്തിനും സമാനമായ പല സാമൂഹികതിന്മകൾക്കും വഴിതെളിച്ചതെന്നുമാത്രമല്ല ഇരുപതാം നൂറ്റാണ്ടിലെ സർവാധിപത്യപരമായ (totalitarian) പ്രത്യയശാസ്ത്രങ്ങൾക്കും കാരണമായതും.” [37]

## 3. മാഹാത്മ്യം, മനുഷ്യാവകാശങ്ങൾക്കും കടമകൾക്കും ആധാരം

23. ഫ്രാൻസിസ് പാപ്പാ അനുസ്മരിപ്പിച്ചിട്ടുള്ളതുപോലെ, "ആധുനിക സംസ്കാരത്തിൽ മനുഷ്യവ്യക്തിയുടെ അന്യാധീനപ്പെടുത്താനാവാത്ത മാഹാത്മ്യത്തിന്റെ ഏറ്റവും അടുത്ത സൂചിക പ്രകാശിതമാകുന്നത് 'മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഘോഷണ' (*Universal Declaration of Human Rights*) ത്തിലാണ്. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ അതിനെ 'മനുഷ്യരാശിയുടെ ദീർഘവും ദുർഘടവുമായ പാതയിലെ ഒരു നാഴികക്കല്ല്' ആയും 'മനുഷ്യമനസ്സാക്ഷിയുടെ സമുന്നതമായ പ്രകാശനങ്ങളിൽ ഒന്ന്' ആയും നിർവചിച്ചു." [38] "പ്രസ്തുത പ്രഖ്യാപനത്തിന്റെ" ആഴമാർന്ന അർഥം വ്യത്യാസപ്പെടുത്താനും ഇല്ലാതാക്കാനുമുള്ള ശ്രമങ്ങളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി, എപ്പോഴും ആദരിക്കപ്പെടേണ്ട ചില അടിസ്ഥാനതത്ത്വങ്ങൾ ഇവിടെ അനുസ്മരിക്കുന്നത് ഉചിതമാണ്.

### *മനുഷ്യമാഹാത്മ്യത്തിന്, വ്യവസ്ഥകൾ ഇല്ലാത്ത ആദരം*

24. ഒന്നാമതായി, മനുഷ്യമാഹാത്മ്യത്തെക്കുറിച്ച് വർധിച്ചുവരുന്ന അവബോധം ഉള്ളപ്പോൾത്തന്നെ, പ്രസ്തുത ആശയം സംബന്ധിച്ച് അതിന്റെ അർഥം വികൃതമാക്കുന്ന ധാരാളം തെറ്റിദ്ധാരണകളും ഉണ്ട്. "മനുഷ്യമാഹാത്മ്യ"വും (മനുഷ്യന്റെ അവകാശങ്ങളും) (human dignity, [and the rights "of man"]) എന്നതിനുപകരം, "വ്യക്തിയുടെ മാഹാത്മ്യ"വും (വ്യക്തിയുടെ അവകാശങ്ങളും) (personal dignity [and the rights of the person]) എന്ന പ്രയോഗമാണ് കൂടുതൽ ഉത്തമം എന്ന് ചില ആളുകൾ കരുതുന്നു; കാരണം, അവർ "വ്യക്തിയെ" മാത്രമാണ് "യുക്തി ഉപയോഗിക്കാൻ കഴിവുള്ള ആളായി" കണക്കാക്കുന്നത്. മാഹാത്മ്യവും അവകാശങ്ങളും ഉരുത്തിരിയുന്നത് ഒരു വ്യക്തിയുടെ അറിവിനും സ്വാതന്ത്ര്യത്തിനുമുള്ള കഴിവിന്റെ അടിസ്ഥാനത്തിലാണ് എന്ന് അവർ വാദിക്കുന്നു. അങ്ങനെയെങ്കിൽ, അറിവും സ്വാതന്ത്ര്യവും എല്ലാ മനുഷ്യർക്കും ഉണ്ടാകണമെന്നില്ല. അതിനാൽ, അവരുടെ വാദപ്രകാരം, ജനിച്ചിട്ടില്ലാത്ത ശിശുവിന് വ്യക്തിയുടേതായ മാഹാത്മ്യം ഇല്ല; അതുപോലെതന്നെ മറ്റുള്ളവരെ ആശ്രയിക്കുന്ന വാർധക്യത്തിലെത്തിയ ആളിനും മാനസിക വൈകല്യങ്ങൾ അനുഭവിക്കുന്ന ആളിനും

വ്യക്തിപരമായ മാഹാത്മ്യം ഇല്ല.[39] എന്നാൽ, അതിനു വിരുദ്ധമായി, സഭ ഓരോ മനുഷ്യവ്യക്തിയുടെയും മാഹാത്മ്യം ഉറപ്പിച്ചു പറയുന്നു; കാരണം, അത് സഹജവും "എല്ലാ സാഹചര്യങ്ങളിലും നിലനില്ക്കുന്നതും" ആണ്. ഈ മാഹാത്മ്യം അംഗീകരിക്കപ്പെടുന്നത് ഒരു വ്യക്തിയുടെ മനസ്സിലാക്കാനും സ്വതന്ത്രമായി പെരുമാറാനുമുള്ള കഴിവിന്റെ അടിസ്ഥാനത്തിലാക്കാൻ പാടുള്ളതല്ല; അപ്രകാരമല്ലെങ്കിൽ അത് വ്യക്തിക്ക് സഹജമാണെന്നോ വ്യക്തിയുടെ സാഹചര്യത്തിനുപരിയാണെന്നോ അങ്ങനെ വ്യവസ്ഥകളില്ലാത്തവിധം ആദരം അർഹിക്കുന്നതാണെന്നോ പറയാൻ സാധിക്കുകയില്ല. ഓരോ മനുഷ്യവ്യക്തിയിലും സഹജവും അന്യാധീനപ്പെടുത്താനാവാത്തതുമായ മാഹാത്മ്യം ഉണ്ടെന്ന് അംഗീകരിക്കുമ്പോഴാണ്, ആ ഗുണത്തിന് സുനിശ്ചിതവും അലംഘനീയവുമായ ഒരു അടിസ്ഥാനമുണ്ടെന്നു പറയാനാവുന്നത്. മനുഷ്യമാഹാത്മ്യത്തിന്റെ അംഗീകാരം എന്നത് സത്താപരമായ ഒരു അടിസ്ഥാനം കൂടാതെവരുമ്പോൾ വ്യത്യസ്തവും അനിയന്ത്രിതവുമായ വാദമുഖങ്ങൾവഴി ചാഞ്ചാടികൊണ്ടിരിക്കുന്ന ഒന്നായിരിക്കും. മനുഷ്യവർഗത്തിലെ അംഗത്വം മാത്രമാണ് യഥാർഥത്തിൽ ഒരു വ്യക്തിയിൽ സഹജമായിരിക്കുന്ന മാഹാത്മ്യത്തെക്കുറിച്ച് സംസാരിക്കാനുള്ള മുൻ ഉപാധി; അതുവഴിയായി "വ്യക്തിയുടെ അവകാശങ്ങൾ മനുഷ്യന്റെ അവകാശങ്ങളായി മാറുന്നു." [40]

## *മനുഷ്യസ്വാതന്ത്ര്യത്തിനുള്ള ഒരു വസ്തുനിഷ്ഠ അടിസ്ഥാനം*

25. രണ്ടാമതായി, മനുഷ്യമാഹാത്മ്യം എന്ന സങ്കല്പം ചിലപ്പോഴൊക്കെ ദുരുപയോഗപ്പെടുത്തിവരുന്നു. അത് ചില പുതിയ അവകാശങ്ങളുടെ അനിയന്ത്രിതമായ വർധന നീതിമത്കരിക്കാൻവേണ്ടിയാണ്; ഈ അവകാശങ്ങൾ ആരംഭത്തിൽത്തന്നെ നിർവചിച്ചുവച്ചിട്ടുള്ളവയുമായി വൈരുധ്യം പുലർത്തുന്നതും പലപ്പോഴും ജീവന്റെ മൗലിക അവകാശത്തിന് എതിരായി നില്ക്കുന്നവയും ആണ്. [41] അതായത്, വ്യക്തിപരമായ ഓരോ താത്പര്യവും അല്ലെങ്കിൽ കർത്തൃനിഷ്ഠമായ ആഗ്രഹവും അവതരിപ്പിക്കാനും സാക്ഷാത്കരിക്കാനുമുള്ള കഴിവ് ഉറപ്പാക്കപ്പെടണം എന്ന ചിന്തയാണിതിലുള്ളത്. ഈ കാഴ്ചപ്പാട് മാഹാത്മ്യത്തെ ഒറ്റതിരിഞ്ഞതും വൈയക്തികവുമായ സ്വാതന്ത്ര്യവുമായി താദാത്മ്യപ്പെടുത്തുന്നു. പ്രസ്തുത സ്വാതന്ത്ര്യം ഈ പ്രത്യേക കർത്തൃനിഷ്ഠ

ആഗ്രഹങ്ങളും പ്രവണതകളും ഉറപ്പാക്കപ്പെടേണ്ട "അവകാശങ്ങൾ" ആയും സമൂഹം അതിന്റെ ചെലവ് വഹിക്കേണ്ടതായും കാണുന്നു. എന്നാൽ, മനുഷ്യമാഹാത്മ്യം കേവലം വൈയക്തികമായ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി നിർണയിക്കപ്പെടാൻ പാടില്ല; വ്യക്തിയുടെ മാനസിക-ശാരീരികക്ഷേമവുമായി അതിനെ താദാത്മ്യപ്പെടുത്താനുമാകില്ല. മറിച്ച്, മനുഷ്യമാഹാത്മ്യം എന്നത് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് മനുഷ്യസ്വഭാവത്തെത്തന്നെ രൂപപ്പെടുത്താൻ ആവശ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിലാണ്; അവ വ്യക്തിപരമായ സ്വേച്ഛയെയോ സാമൂഹിക അംഗീകാരത്തെയോ ആശ്രയിച്ചല്ല നില്ക്കുന്നത്. ആകയാൽ, അപരന്റെ മാഹാത്മ്യം അംഗീകരിക്കുന്നതിന്റെ അനന്തരഫലമായിവരുന്ന കടമകൾക്കും അതിൽനിന്ന് ആവിർഭവിക്കുന്ന അവകാശങ്ങൾക്കും നാമെല്ലാവരും പങ്കുവയ്ക്കുന്ന മനുഷ്യസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായതും വസ്തുനിഷ്ഠമായതുമായ ഒരു ഉള്ളടക്കം ഉണ്ട്. അപ്രകാരമുള്ള വസ്തുനിഷ്ഠമായ ഒരു അടിസ്ഥാനം ഇല്ലാതെ മാഹാത്മ്യം എന്ന സങ്കല്പം അതിൽത്തന്നെ (*de facto*) സ്വേച്ഛയുടെയും ശക്തിതാത്പര്യങ്ങളുടെയും വളരെ വ്യത്യസ്തങ്ങളായ രൂപങ്ങൾക്ക് കീഴടങ്ങുന്നു.

### *മനുഷ്യവ്യക്തിയുടെ ബന്ധുത്വഘടന*

26. വ്യക്തിയുടെ ബന്ധുത്വസ്വഭാവത്തിന്റെ കണ്ണടയിലൂടെ നോക്കുമ്പോൾ തന്നിലേക്കുതന്നെ തിരിഞ്ഞിരിക്കുന്നതും വ്യക്തിപരമായ സ്വാതന്ത്ര്യം അന്വേഷിക്കുന്നതുമായ പരിമിതകാഴ്ചപ്പാട് മറികടക്കാൻ മനുഷ്യമാഹാത്മ്യം നമ്മെ സഹായിക്കുന്നു; പ്രസ്തുത പരിമിതകാഴ്ചപ്പാട് നന്മയുടേതായ വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളും ഇതര ജീവജാലങ്ങളുമായുള്ള നമ്മുടെ ബന്ധവും കണക്കിലെടുക്കാതെ അതിന്റെ സ്വന്തം മൂല്യങ്ങൾ സൃഷ്ടിച്ചതായി അവകാശപ്പെടുന്നു. യഥാർഥത്തിൽ, സ്വന്തം സ്വത്വവും ഭാവിയും മറ്റു മനുഷ്യരെക്കൂടാതെതന്നെ, മനുഷ്യസമൂഹത്തിലുള്ള സ്വന്തം അംഗത്വം കണക്കിലെടുക്കാതെതന്നെ, നിർണയിക്കാനുള്ള കഴിവായി മനുഷ്യമാഹാത്മ്യത്തെ കുറച്ചുകാണിക്കുന്ന അപകടം ഏറെ വർധിച്ചുവരുന്നു. സ്വാതന്ത്ര്യം സംബന്ധിച്ച ഈ തെറ്റായ ധാരണയിൽ നമ്മെ അന്യോന്യം ശുശ്രൂഷിക്കാനായി പ്രേരിപ്പിക്കുന്ന പരസ്പരമുള്ള കടമകളുടെയും അവകാശങ്ങളുടെയും

ധാരണ സാധ്യമല്ലാതായിത്തീരുന്നു. യഥാർഥത്തിൽ, വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ അനുസ്മരിപ്പിച്ചതുപോലെ, സ്വാതന്ത്ര്യം സംസ്ഥാപിച്ചിരിക്കുന്നത്, "സ്വയം ദാനത്തിലൂടെയും അപരരോടുള്ള തുറവിന്റെയും അടിസ്ഥാനത്തിൽ മറ്റു വ്യക്തികളെ ശുശ്രൂഷിക്കുന്നതു വഴി സ്വന്തം സാക്ഷാത്കാരത്തിൽ എത്തിച്ചേരുന്നതിനുവേണ്ടിയാണ്; അതേസമയം, സ്വാതന്ത്ര്യം നിരുപാധികമാക്കി വ്യക്തിമാത്രവാദ ത്തിന്റെ രീതിയിൽ മനസ്സിലാക്കപ്പെട്ടാൽ, അതിന്റെ മൗലികമായ ഉള്ളടക്കം ചോർന്നുപോവുകയും അതിന്റെ ശരിയായ അർഥവും മാഹാത്മ്യവും നിഷേധിക്കപ്പെടുകയും ചെയ്യുക എന്നതാവും സംഭവി ക്കുന്നത്." [42]

27. മനുഷ്യമാഹാത്മ്യത്തിൽ ഉൾച്ചേരുന്നതാണ്, മനുഷ്യസ്വഭാവ ത്തിനു സഹജമായ, മറ്റുള്ളവരോടുള്ള കടപ്പാടുകൾ ഏറ്റെടുക്കാനുള്ള കഴിവും.

28. മാഹാത്മ്യം എന്ന സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യരും ഇതര ജീവജാലങ്ങളും തമ്മിലുള്ള വ്യത്യാസം മറ്റു സൃഷ്ടവസ്തുക്കളി ലുള്ള നന്മ വിസ്മരിക്കാൻ നമ്മെ ഇടയാക്കരുത്. പ്രസ്തുതസൃഷ്ടികൾ അസ്തിത്വത്തിൽ ആയിരിക്കുന്നത് മനുഷ്യന്റെ ഉപയോഗത്തിനുവേണ്ടി മാത്രമല്ല; അവർക്ക് അവരുടേതായ സ്വന്തം മൂല്യമുണ്ട്; പരിപോഷിപ്പി ക്കാനും നട്ടുവളർത്താനുംവേണ്ടി മനുഷ്യരാശിയെ ഏല്പിച്ചുകൊടു ത്തിരിക്കുന്ന സമ്മാനങ്ങൾക്കു സമമാണ് അവർ. അങ്ങനെ, മാഹാത്മ്യം എന്ന സങ്കല്പം മനുഷ്യർക്കു മാത്രമായിരിക്കുമ്പോൾത്തന്നെ സൃഷ്ടി കൾ എന്ന നിലയിലുള്ള നന്മ, പ്രപഞ്ചത്തിലെ മറ്റു വസ്തുക്കൾ ക്കെല്ലാം ഉള്ളതായി അംഗീകരിക്കേണ്ടതുണ്ട്. ഫ്രാൻസിസ് പാപ്പാ ചൂണ്ടിക്കാണിക്കുന്നതുപോലെ, "നമുക്ക് അനന്യമായ മാഹാത്മ്യവും ബുദ്ധിശക്തി എന്ന ദാനവും ഉള്ളതിനാൽ സൃഷ്ടിയെയും അതിന്റെ ആന്തരിക നിയമങ്ങളെയും നാം ആദരിക്കണം [...] 'ഓരോ ജീവിക്കും അതിന്റേതായ പ്രത്യേക നന്മയും പൂർണതയും ഉണ്ട് ... വ്യത്യസ്ത സൃഷ്ടികളിൽ ഓരോന്നും ദൈവഹിതപ്രകാരം നിശ്ചിതസത്തയോടു കൂടെ സൃഷ്ടിക്കപ്പെട്ടതാകയാൽ അവയിൽ ഓരോന്നും ദൈവത്തിന്റെ അനന്തജ്ഞാനത്തിന്റെയും അനന്തനന്മയുടെയും ഒരു രശ്മി അത



തിന്റെ രീതിയിൽ പ്രതിഫലിപ്പിക്കുന്നു. അതിനാൽ ഓരോ സൃഷ്ടിയു ടെയും നന്മ മനുഷ്യൻ ആദരിക്കണം. എങ്കിലേ അവയുടെ ക്രമരഹിത മായ ഉപയോഗം ഒഴിവാക്കാനാവൂ."' [45] മാത്രമല്ല, "ഇന്ന്, 'പ്രതിഷ്ഠിക്ക പ്പെട്ട ഒരു മനുഷ്യകേന്ദ്രീകൃതത്വം' മാത്രമേ സ്ഥാപിക്കപ്പെടാനാവൂ എന്നു മനസ്സിലാക്കാൻ നാം നിർബന്ധിതരായിരിക്കുന്നു. അതായത്, മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഇതരസൃഷ്ടികളെക്കൂടാതെ മനുഷ്യ ജീവിതം മനസ്സിലാക്കപ്പെടാനും നിലനിർത്തപ്പെടാനുമാവാത്ത ഒരു യാഥാർഥ്യമാണെന്ന തിരിച്ചറിവ്." [44] ഈ കാഴ്ചപ്പാടിൽ, "വളരെയേറെ സൃഷ്ടിഗണങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു എന്നതും കാലാ വസ്ഥാപ്രതിസന്ധി മറ്റനേകം ജീവികളുടെ ജീവൻ അപകടപ്പെടുത്തുന്നു എന്ന യാഥാർഥ്യവും മുന്നിലുള്ളപ്പോൾ ജ്ഞാനത്തിന്റെ ഈ പാതയിൽ നമുക്ക് നിസ്സംഗതയോടെ നോക്കി നില്ക്കാനാവില്ല."[45] യഥാർഥ ത്തിൽ, പരിസ്ഥിതിയോട് കരുതലോടെ പെരുമാറുക എന്നത് മനുഷ്യ മാഹാത്മ്യത്തിന്റെ ഭാഗമാണ്; അതായത്, മനുഷ്യരുടെ അസ്തിത്വത്തെ ത്തന്നെ നിലനിർത്തുന്ന മാനുഷികപരിസ്ഥിതിയെക്കുറിച്ചുള്ള പ്രത്യേക താത്പര്യം.

## ധാർമികവും സാമൂഹികവുമായ നിഷേധാത്മക സ്വാധീനങ്ങളിൽനിന്ന് മനുഷ്യവ്യക്തിയെ സ്വതന്ത്രമാക്കുന്നത്

29. മൗലികമായ ഈ മുൻഉപാധികൾ എത്രയും ആവശ്യമായിരിക്കെത്തന്നെ, അവന്റെയും അവളുടെയും മാഹാത്മ്യത്തിന് ഉപയുക്തമാം വിധം അവ വ്യക്തിയുടെ വളർച്ചയ്ക്ക് പൂർണ ഉറപ്പുനല്കുന്നു എന്നു പറയാനാവില്ല. "സ്വന്തം പ്രവൃത്തികൾ തുടങ്ങാനും നിയന്ത്രിക്കാനും കഴിവുള്ള ഒരു വ്യക്തിത്വത്തിന്റേതായ മാഹാത്മ്യം നല്കിക്കൊണ്ട് ബുദ്ധിശക്തിയുള്ളവനായി മനുഷ്യനെ ദൈവം സൃഷ്ടിക്കുകയും"[46] അത് നന്മയ്ക്കായി പരിണമിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തെങ്കിലും നമ്മുടെ സ്വതന്ത്രമനസ്സ് പലപ്പോഴും നന്മയ്ക്കുപരി തിന്മയാണ് താത്പര്യപ്പെടുന്നത്. അതിനാൽ, മനുഷ്യസ്വാതന്ത്ര്യം അതിൽത്തന്നെ മോചിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു. വിശുദ്ധ പൗലോസ് പറയുന്നു, "സ്വാതന്ത്ര്യത്തിലേക്ക് ക്രിസ്തു നമ്മെ മോചിപ്പിച്ചു"(ഗലാ 5:1). അതു വഴിയായി ഓരോ ക്രിസ്ത്യാനിയും വഹിക്കുന്ന പ്രത്യേകദൗത്യം വിശുദ്ധ പൗലോസ് അനുസ്മരിപ്പിക്കുകയായിരുന്നു; അതായത്, ലോകം മുഴുവനിലേക്കും എത്തിനില്ക്കുന്ന ഒരു വിമോചന പ്രക്രിയയിൽ പങ്കുചേരാനുള്ള ഉത്തരവാദിത്വം (റോമാ 8:19 ff. കാണുക). ഈ വിമോചനം, ഓരോ വ്യക്തിയുടെയും ഹൃദയത്തിൽനിന്ന് ആരംഭിച്ച്, അതിന്റെ മാനവവത്കരണശക്തി എല്ലാ ബന്ധങ്ങളിലേക്കും വ്യാപിച്ച് പ്രകാശിക്കേണ്ടതാണ്.

30. ദൈവത്തിൽനിന്നുലഭിച്ച വിസ്മയകരമായ ഒരു ദാനമാണ് സ്വാതന്ത്ര്യം. തന്റെ കൃപയാൽ ദൈവം നമ്മെ തന്റെ പക്കലേക്ക് അടുപ്പിക്കുന്നെങ്കിലും, അപ്രകാരം അവിടന്നു ചെയ്യുന്നത് നമ്മുടെ സ്വാതന്ത്ര്യം ഒരിക്കലും ഹനിക്കാത്ത രീതിയിലാണ്. ആകയാൽ, ദൈവത്തിൽനിന്നും അവിടത്തെ സഹായത്തിൽനിന്നും അകന്നുനിന്നുകൊണ്ട്, നമുക്ക് കൂടുതൽ സ്വാതന്ത്ര്യവും അങ്ങനെ കൂടുതൽ മാഹാത്മ്യവും അനുഭവിക്കുന്നവരായിത്തീരാൻ സാധിക്കുമെന്നു കരുതുന്നത് ഗൗരവമായ തെറ്റാണ്. മറിച്ച്, സ്രഷ്ടാവിൽനിന്ന് വേർതിരിക്കപ്പെട്ടാൽ, നമ്മുടെ സ്വാതന്ത്ര്യം ദുർബലവും മങ്ങലേറ്റതും ആയിത്തീരുകയേ ഉള്ളൂ. നമ്മുടെ സ്വാതന്ത്ര്യത്തിന് പുറത്തുള്ള ഒന്നുമായി ഒരു ബന്ധവുമില്ല എന്ന രീതിയിൽ സ്വതന്ത്രമാണെന്നു കരുതുകയും മുൻപേപോയ ഒരു



സത്യവുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധം ഒരു ഭീഷണിയായി കണക്കാക്കുകയും ചെയ്താൽ, മേല്പറഞ്ഞ അതേകാര്യം സംഭവിക്കും; അതിന്റെ ഫലമായി അന്യരുടെ സ്വാതന്ത്ര്യത്തോടും മാഹാത്മ്യത്തോടുമുള്ള നമ്മുടെ മതിപ്പ് കുറയുകയും ചെയ്യും. ബെനെഡിക്ട് പതിനാറാമൻ പാപ്പാ വിശദീകരിച്ചതുപോലെ, "സത്യവും നന്മയും അന്വേഷിക്കുന്നതിൽ സമൂലമായ കഴിവില്ലായ്മയുണ്ടെന്ന വിശ്വസിക്കുന്ന ഒരു ഇച്ഛാശക്തിക്ക് പ്രവർത്തിക്കുന്നതിനു വസ്തുനിഷ്ഠമായ കാരണങ്ങളോ ലക്ഷ്യങ്ങളോ ഉണ്ടായിരിക്കില്ല; അത് പ്രവർത്തിക്കുന്നെങ്കിൽ ക്ഷണികവും യാദൃച്ഛികവുമായ ചില താത്പര്യങ്ങളുടെ സമ്മർദത്താൽ ആയിരിക്കും; അപ്രകാരമുള്ളതിന് പരിരക്ഷിക്കപ്പെടേണ്ട ഒരു 'സ്വത്വം' ഉണ്ടായിരിക്കുകയോ അതിനെ യഥാർഥത്തിൽ സ്വതന്ത്രവും ബോധപൂർവകവുമായ തീരുമാനങ്ങളിലൂടെ വളർത്തിയെടുക്കുകയോ വേണ്ടിവരില്ല. അക്കാരണത്താൽ, അതിന് മറ്റ് 'ഇച്ഛാശക്തികളിൽ' നിന്ന് ആദരം ആവശ്യപ്പെടാനും സാധിക്കുകയില്ല; അവ തന്നെയും തങ്ങളുടെ ആഴമാർന്ന ഉണ്മയിൽനിന്ന് വേർതിരിക്കപ്പെട്ടവരും അങ്ങനെ മറ്റു 'കാരണങ്ങൾ' കണ്ടെത്താനാകുന്നവരും, എന്നാൽ യഥാർഥത്തിൽ 'കാരണം ഒന്നും' ഇല്ലാത്തവരും ആകാം.

സാന്മാർഗിക ആപേക്ഷികത സമാധാനപരമായ സഹാസ്തിത്വത്തിന് (co-existence) സഹായകമാകും എന്ന അബദ്ധധാരണ യഥാർഥത്തിൽ ഭിന്നിപ്പുകളുടെ ആരംഭവും മനുഷ്യരുടെ മാഹാത്മ്യത്തിന്റെ നിഷേധ വുമാണ്." [47]

31. ഒരുതരത്തിലുമുള്ള സ്വാധീനമോ പശ്ചാത്തലമോ പരിമിതിയോ ഇല്ലാത്ത കേവലമായ ഒരു സ്വാതന്ത്ര്യം ഉണ്ടായിരിക്കുക എന്നു പറയുന്നത് അയാഥാർഥ്യമായ ഒരു സങ്കല്പമായിരിക്കും. മറിച്ച്, "ശരിയായവിധം വ്യക്തിപരമായ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തണ മെങ്കിൽ അതിന് കൃത്യമായ സാമ്പത്തിക, സാമൂഹിക, നൈയാമിക, രാഷ്ട്രീയ, സാംസ്കാരിക ക്രമങ്ങളുടെ പശ്ചാത്തലങ്ങൾ ഉണ്ടായിരി ക്കണം;" [48] ഇവ പലപ്പോഴും സാക്ഷാത്കരിക്കപ്പെടുന്നില്ല എന്നതാണ് യാഥാർഥ്യം. അങ്ങനെയെങ്കിൽ, ചില വ്യക്തികൾ മറ്റുള്ളവരെക്കാൾ കൂടുതൽ "സ്വാതന്ത്ര്യം" അനുഭവിക്കുന്നു എന്ന് നമുക്കു പറയാനാകും. ഇക്കാര്യം സംബന്ധിച്ച് ഫ്രാൻസിസ് പാപ്പാ കൂടുതൽ ഊന്നലോടെ സംസാരിച്ചിട്ടുണ്ട്: "ചിലർ സാമ്പത്തികഭദ്രതയുള്ള കുടുംബങ്ങളിൽ ജനിക്കുന്നു. നല്ല വിദ്യാഭ്യാസം അവർക്കു ലഭിക്കുന്നു. നന്നായി പോഷിപ്പിക്കപ്പെട്ട് വളർത്തപ്പെടുന്നു; അല്ലെങ്കിൽ സ്വാഭാവികമായി നല്ല വാസനയുള്ളവർ ആയിരിക്കുന്നു. അവർക്ക് തീർച്ചയായും പ്രവർത്തന നിരതമായ ഒരു സ്റ്റേറ്റ് ആവശ്യമില്ല. അവർക്ക് തങ്ങളുടെ സ്വാതന്ത്ര്യ ത്തിനുള്ള അവകാശം മാത്രം മതി. എന്നാൽ ഇതേ നിയമം അവശത യുള്ള വ്യക്തികൾ, പരമദാരിദ്ര്യത്തിൽ ജനിച്ചവർ, നല്ല വിദ്യാഭ്യാസം ലഭിക്കാത്തവർ, പര്യാപ്തമായ ആരോഗ്യ പരിചരണത്തിന്റെ സാമീപ്യ മില്ലാത്തവർ എന്നിവരെ സംബന്ധിച്ച് പ്രായോഗികമല്ല. ഒരു സമൂഹം പ്രധാനമായി വിപണിസ്വാതന്ത്ര്യത്തിന്റെയോ കാര്യക്ഷമതയുടെയോ മാനംകൊണ്ട് ഭരിക്കപ്പെട്ടാൽ അത്തരം സമൂഹത്തിലെ വ്യക്തികൾക്ക് അവിടെ ഒരു സ്ഥാനവും ഉണ്ടാകുകയില്ല. സഹോദര്യം എന്നത് കേവലം ഒരു കാല്പനിക പ്രയോഗമായിത്തീരും." [49] ആകയാൽ, "അനീതികൾ ദൂരീകരിക്കുന്നത് മാനുഷികസ്വാതന്ത്ര്യവും മാഹാത്മ്യവും പ്രോത്സാഹി പ്പിക്കുന്നതിനു തുല്യമാണ്" [50] എന്നു മനസ്സിലാക്കുന്നത് മാനുഷിക പരിശ്രമത്തിന്റെ എല്ലാതലത്തിലും വളരെ പ്രധാനപ്പെട്ടതാണ്.

ആധികാരികതയുള്ള സ്വാതന്ത്ര്യം കൈവരിക്കണമെങ്കിൽ, "മാനുഷിക മാഹാത്മ്യം തിരിയെകൊണ്ടുവന്നു കേന്ദ്രീയ സ്ഥാനത്ത് പ്രതിഷ്ഠിക്കണം; തുടർന്ന് ആ സ്തംഭത്തിന്റെ മുകളിൽ വേണം നമുക്ക് ആവശ്യമായ ഒരു വ്യത്യസ്ത സാമൂഹികഘടന പണിതുയർത്തേണ്ടത്." [51] അതുപോലെതന്നെ, സ്വാതന്ത്ര്യം പലപ്പോഴും മനഃശാസ്ത്രപരവും ചരിത്രപരവും സാമൂഹികവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ വ്യത്യസ്തങ്ങളായ സ്വാധീനങ്ങളാൽ മറച്ചുപിടിക്കപ്പെടുന്നുണ്ട്. യഥാർഥവും ചരിത്രപരവുമായ സ്വാതന്ത്ര്യം എപ്പോഴും "മോചിപ്പിക്കപ്പെടേണ്ട" ഒന്നാണ്. മാത്രമല്ല, മതസ്വാതന്ത്ര്യത്തിന്റെ മൗലിക അവകാശം വീണ്ടും ഉറപ്പിക്കപ്പെടേണ്ടതാണ്.

32. അതേസമയം, മനുഷ്യമാഹാത്മ്യവും സ്വാതന്ത്ര്യവും മനസ്സിലാക്കുന്നതിൽ മാനവചരിത്രം വ്യക്തമായ പുരോഗതി കൈവരിച്ചിട്ടുള്ളതായി കാണുന്നുണ്ട്, ചില സമയങ്ങളിൽ പിന്നാക്കംപോകുന്നതിന്റെ നിഴലുകളും അപകടങ്ങളും ഉണ്ടായിരുന്നെങ്കിൽപ്പോലും. വർഗീയത, അടിമത്തം, സ്ത്രീകളുടെയും കുട്ടികളുടെയും രോഗികളുടെയും വൈകല്യങ്ങളുള്ളവരുടെയും പാർശ്വവൽകരണം എന്നിവ ഒഴിവാക്കാനായി വർധമാനമായിക്കൊണ്ടിരിക്കുന്ന ആഗ്രഹം മനുഷ്യമാഹാത്മ്യം മനസ്സിലാക്കാനുള്ള താത്പര്യത്തിന്റെ പുരോഗതിയുടെ ലക്ഷണങ്ങളാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ സ്വാധീനത്താൽ ഈ താത്പര്യത്തിന് പിന്തുണ വർധിച്ചിട്ടുണ്ട്; കാരണം, വളരെയേറെ ഭൗതികവൽകരിക്കപ്പെട്ട സമൂഹങ്ങളിൽപ്പോലും ക്രൈസ്തവ വിശ്വാസം പുളിമാവായി പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ, മനുഷ്യമാഹാത്മ്യം ത്വരിതപ്പെടുത്തുക എന്ന ദുർഘടമായ യാത്ര അതിന്റെ പരിസമാപ്തിയിൽ എത്തുന്നതിൽനിന്ന് വളരെ വിദൂരത്താണ്.

## 4. മനുഷ്യമാഹാത്മ്യത്തിന്റെ ഗുരുതരമായ ചില ലംഘനങ്ങൾ

33. മനുഷ്യമാഹാത്മ്യത്തിന്റെ കേന്ദ്രീയത സംബന്ധിച്ച മേല്പറഞ്ഞ വിചിന്തനങ്ങളുടെ വെളിച്ചത്തിൽ ഈ പ്രഖ്യാപനത്തിന്റെ അന്തിമഭാഗം മനുഷ്യമാഹാത്മ്യത്തിന്റെ കൃത്യവും ഗുരുതരവുമായ ചില ലംഘനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. അത് സഭയുടെ പ്രബോധനത്തിന്റെ

(Church’s Magisterium) അടിസ്ഥാനത്തിലായിരിക്കും; മുകളിൽ വിവരിച്ചതുപോലെ, പ്രസ്തുത പ്രബോധനത്തിന്റെ പൂർണഭാവം സമീപകാലത്തിലെ പാപ്പാമാരുടെ പഠനങ്ങളിൽ വ്യക്തമായതാണ്. ഉദാഹരണത്തിന്, ഒരു വശത്ത്, ഫ്രാൻസിസ് പാപ്പാ മനുഷ്യമാഹാത്മ്യം ആദരിക്കപ്പെടേണ്ടതിനെക്കുറിച്ച് അക്ഷീണം നമ്മെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു: “ഓരോ വ്യക്തിക്കും മാഹാത്മ്യത്തോടെ ജീവിക്കാനും സമഗ്രമായി വികാസംപ്രാപിക്കാനും അവകാശമുണ്ട്. ഒരു രാജാവും ഈ മൗലിക അവകാശം നിഷേധിക്കാൻ പാടില്ല. ആളുകൾ ഉൽപാദനക്ഷമത ഇല്ലാത്തവരാണെങ്കിൽപ്പോലും അവർക്ക് ഈ അവകാശമുണ്ട്; അവർ പരിമിതികളോടെ ജനിച്ചവരായാലും പരിമിതികൾ പിന്നീടുണ്ടായതായാലും ഈ അവകാശമുണ്ട്. അത് മനുഷ്യവ്യക്തികൾ എന്ന നിലയിലുള്ള അവരുടെ വലിയ മാഹാത്മ്യം കുറച്ചുകളയുന്നില്ല. കാരണം, ആ മാഹാത്മ്യം സാഹചര്യങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ളതല്ല; പിന്നെയോ അവരുടെ അസ്തിത്വത്തിന്റെ ആന്തരികമൂല്യം അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഈ മൗലിക തത്ത്വം ഉയർത്തിപ്പിടിച്ചില്ലെങ്കിൽ സാഹോദര്യത്തിനോ മനുഷ്യത്വത്തിന്റെ അതിജീവനത്തിനോ ഭാവിയുണ്ടായിരിക്കുകയില്ല.” [52] മറുവശത്ത്, ഫ്രാൻസിസ് പാപ്പാ നമ്മുടെ കാലഘട്ടത്തിലെ മനുഷ്യമാഹാത്മ്യത്തിന്റെ കൃത്യമായ ലംഘനങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു; അത് നമ്മുടെ ഉത്തരവാദിത്വത്തെക്കുറിച്ച് നമ്മെ ഓരോരുത്തരെയും ബോധവത്തുക്കളാക്കുന്നതിനും ഇക്കാര്യത്തിൽ കൃത്യമായ പ്രതിജ്ഞാബദ്ധത നമുക്ക് ഉണ്ടാകുന്നതിനും വേണ്ടിയാണ്.

34. മനുഷ്യമാഹാത്മ്യത്തിന്റെ ഇന്നത്തെ ചില ഗുരുതരമായ ലംഘനങ്ങൾ ചൂണ്ടിക്കാണിക്കാൻ രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങൾ നമുക്ക് ഉപയുക്തമാണ്. “ജീവൻ ഹനിക്കുന്ന ഏതുതരത്തിലുള്ള കുറ്റങ്ങളും അതായത്, നരഹത്യ, വർഗവിച്ഛേദം, ഗർഭച്ഛിദ്രം, ദയാവധം, സ്വമനസാ ഉള്ള ആത്മഹത്യ എന്നിവയെല്ലാം” മനുഷ്യമാഹാത്മ്യത്തിന് എതിരാണെന്ന് അംഗീകരിക്കണമെന്ന് കൗൺസിൽ ഊന്നിപ്പറഞ്ഞു.[53] മാത്രമല്ല, ‘അംഗവിച്ഛേദനം, ശരീരത്തിനോ മനസ്സിനോ ഏല്പിക്കുന്ന പീഡനം, മനസ്സിനെത്തന്നെ ഭീഷണിപ്പെടുത്തി കീഴടക്കാനുള്ള പരിശ്രമം മുതലായ മനുഷ്യവ്യക്തിയുടെ സമഗ്രത നശിപ്പിക്കുന്ന എന്തും” മനുഷ്യമാഹാത്മ്യം ഹനിക്കുന്ന

താണെന്ന് കൗൺസിൽ പഠിപ്പിച്ചു. [54] അവസാനമായി, 'മനുഷ്യോ ചിതമല്ലാത്ത ജീവിതസാഹചര്യങ്ങൾ, നിയമ വിരുദ്ധമായ തടവുശിക്ഷ കൾ, നാടുകടത്തലുകൾ, അടിമവേല, വേശ്യാവൃത്തി, സ്ത്രീകളുടെയും കുട്ടികളുടെയും വ്യാപാരം, ജോലിക്കാരെ സ്വതന്ത്രരും ഉത്തരവാദിത്വ മുള്ളവരുമായ വ്യക്തികളായി പരിഗണിക്കാതെ, വെറും ലാഭത്തിനു വേണ്ടിയുള്ള ഉപകരണങ്ങളായി കൈകാര്യം ചെയ്യുന്ന നിന്ദ്യമായ തൊഴിൽസാഹചര്യങ്ങൾ" എന്നിവയെയും കൗൺസിൽ അപലപിക്കു കയുണ്ടായി.[55] ഇവിടെ വധശിക്ഷയും പരാമർശിക്കപ്പെടണം; കാരണം, അതും, സാഹചര്യങ്ങൾക്കെല്ലാം ഉപരിയായി, ഓരോ വ്യക്തിയുടെയും അന്യാധീനപ്പെടുത്താനാവാത്ത മാഹാത്മ്യം ഹനിക്കുന്നു. [56] ഇക്കാര്യ ത്തിൽ ഒരു വസ്തുത നാം അംഗീകരിക്കണം: "വധശിക്ഷ ഉറപ്പോടെ തള്ളിക്കളയുന്നത് ഒരു വസ്തുത കാണിക്കുന്നു. അതായത്, ഓരോ മനുഷ്യവ്യക്തിയുടെയും അന്യാധീനപ്പെടുത്താവാത്ത മാഹാത്മ്യം ഏതറ്റംവരെ പോയി എന്നു തിരിച്ചറിയാനാകുമെന്നതും അവനോ അവൾക്കോ ഈ പ്രപഞ്ചത്തിൽ ഒരു സ്ഥാനം ഉണ്ടെന്നത് അംഗീകരി ക്കാനും. ആ മാഹാത്മ്യം ഏറ്റവും കൊള്ളരുതാത്ത കുറ്റവാളിക്കു പോലും ഞാൻ നിഷേധിക്കുന്നില്ലെങ്കിൽ, മറ്റാർക്കും ഞാൻ അത് നിഷേധിക്കുകയില്ല. എന്നോടുകൂടെ ഈ ഗ്രഹം പങ്കുവയ്ക്കാനുള്ള സാധ്യത ഞാൻ എല്ലാവർക്കും നല്കും, നമ്മൾ തമ്മിൽ എല്ലാത്തരം വ്യത്യാസങ്ങളും ഉണ്ടെങ്കിൽപ്പോലും." [57] തടവറകളിൽ ആയിരിക്കുന്ന വരുടെ മാഹാത്മ്യം ഉറപ്പിച്ചുപറയുന്നതും ഇവിടെ യുക്തമാണ്; ഏറ്റവും മാഹാത്മ്യം കുറഞ്ഞ സാഹചര്യങ്ങളിലാണ് പലപ്പോഴും അവർ ജീവിക്കുന്നത്. അവസാനമായി, ഇതും കൂട്ടിച്ചേർക്കാനുണ്ട്: ഒരുവൻ വളരെ വലിയ കുറ്റകൃത്യങ്ങൾ ചെയ്ത ആളാണെങ്കിലും, അവന്റെ മേലുള്ള ദണ്ഡനമുറ ഓരോ മനുഷ്യവ്യക്തിക്കുമുള്ള മാഹാത്മ്യത്തിനു പൂർണമായും വിരുദ്ധമായ ഒന്നാണ്.

35. താഴെപറയുന്ന ഖണ്ഡികകൾ സമ്പൂർണമായ ഒരു പ്രതിപാദ്യമല്ലെ ങ്കിലും, നമ്മുടെ കാലത്ത് പ്രത്യേകമായി പ്രസക്തമായിരിക്കുന്ന മനുഷ്യമാഹാത്മ്യത്തിന് എതിരായ ചില ഗുരുതരമായ ലംഘനങ്ങളി ലേക്ക് വിരൽചൂണ്ടുന്നു.

## *ക്ഷോഭജനകമായ ദാരിദ്ര്യം*

36. വളരെയേറെ ആളുകൾക്ക് അവരുടെ മനുഷ്യമാഹാത്മ്യം ഗൗരവമായി നിഷേധിക്കപ്പെടുന്ന ഒരു പ്രതിഭാസമാണ് അതിദാരിദ്ര്യം (extreme poverty); എന്നാൽ അത് ധനത്തിന്റെ അസന്തുലിതമായ വിതരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ പറഞ്ഞതുപോലെ, "സമകാലിക ലോകത്തിലെ ഏറ്റവും വലിയ അനീതികളിൽ ഒന്ന് ഇപ്രകാരമുള്ളതിൽ കൃത്യമായി അടങ്ങിയിരിക്കുന്നു: അതായത്, താരതമ്യേന വളരെ കുറച്ചുപേരാണ് ഈ ഭൂമിയിലെ ഭൂരിഭാഗവും കയ്യടക്കിവച്ചിരിക്കുന്നത്; അതേ സമയം, എതാണ്ട് ഒന്നും സ്വന്തമായിട്ടില്ലാത്തവർ അസംഖ്യമാണ്. എല്ലാവർക്കും വേണ്ടി ആദ്യകാലംമുതൽ ഉദ്ദേശിച്ചിട്ടുള്ള ചരക്കും സേവനങ്ങളും വളരെ മോശമായ വിധത്തിൽ വിതരണം ചെയ്യപ്പെടുന്നു എന്ന അനീതിയാണ് ഇതിനു കാരണം." [58] ലോകത്തിലെ സമ്പന്ന രാഷ്ട്രങ്ങൾ, ദരിദ്രരാഷ്ട്രങ്ങൾ എന്നീ വിശേഷണം നല്കി അവയെ വളരെ പെട്ടന്ന് വിഭജിച്ചുകൊണ്ടുള്ള ഒരു സാധാരണ വ്യത്യാസം ചൂണ്ടിക്കാണിക്കുന്നത് തെറ്റിദ്ധരിപ്പിക്കുന്നതാവം. എന്തെന്നാൽ ബെനെഡിക്ട് പതിനാറാമൻ പാപ്പാ പറഞ്ഞു, "*ലോകത്തിന്റെ ധനം നിരുപാധികമാംവിധം (in absolute terms) വളർന്നുകൊണ്ടിരിക്കുകയാണ്,*



*എന്നാൽ അതോടൊപ്പം അസമത്വങ്ങളും വർധിച്ചു കൊണ്ടിരിക്കുക യാണ്*. സമ്പന്നരാജ്യങ്ങളിൽ, സമൂഹത്തിലെ ചില പുതിയ വിഭാഗങ്ങൾ ദാരിദ്ര്യത്തിന് കീഴടങ്ങുന്നു; അങ്ങനെ ദാരിദ്ര്യത്തിന്റെ പുതിയ രൂപങ്ങൾ ഉരുത്തിരിഞ്ഞു. ചില ദരിദ്ര സാഹചര്യങ്ങളിൽ, ചില സമൂഹങ്ങൾക്ക് 'അതിയായ വികാസം' (super-development) ഉണ്ടാകുന്നു; എന്നാൽ അതൊരുതരം വിനാശകരവും ഉപഭോക്ത തലത്തിലുള്ളതുമായി മാറുന്നു; അതാകട്ടെ, അവിടെയൊക്കെ നടമാടി ക്കൊണ്ടിരിക്കുന്ന ഒട്ടും മാനുഷികമല്ലാത്ത ദരിദ്രമായ സാഹചര്യ ങ്ങൾക്ക് അസ്വീകാര്യമാവിധം വിരുദ്ധമായിരിക്കുന്ന ഒന്നായി ഭവിക്കു കയും ചെയ്യുന്നു." അങ്ങനെ "രൂക്ഷമായ അസമത്വത്തിന്റെ ഉതപ്പ്," [59] തുടരുന്നു. അപ്രകാരമുള്ള സാഹചര്യങ്ങളിൽ ദരിദ്രരായവരുടെ മാഹാത്മ്യം രണ്ടുപ്രാവശ്യം നിഷേധിക്കപ്പെടുകയാണ്: ഒന്ന്, അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങളുടെ കുറവ്; രണ്ട്, അവരുടെ അയല്ക്കാർ അവരോടു കാണിക്കുന്ന നിസ്സംഗത.

37. ആകയാൽ, ഫ്രാൻസിസ് പാപ്പായോടൊപ്പം നമുക്ക് ഇപ്രകാരം നിഗമിക്കേണ്ടിയിരിക്കുന്നു: "സമ്പത്ത് വർധിച്ചിട്ടുണ്ട്, പക്ഷേ, അതോ ടൊപ്പം അസമത്വവും തത്ഫലമായി 'ദാരിദ്ര്യത്തിന്റെ പുതിയ രൂപ ങ്ങളും അവിർഭവിച്ചുകൊണ്ടിരിക്കുന്നു.' ആധുനികലോകം ദാരിദ്ര്യം കുറച്ചു എന്ന അവകാശവാദവും ഉണ്ട്. എന്നാൽ, ഇന്നത്തെ യാഥാർഥ്യ ങ്ങളോട് ഒത്തുപോകാത്ത കഴിഞ്ഞകാലത്തെ മാനദണ്ഡങ്ങൾകൊണ്ട് ദാരിദ്ര്യം അളക്കുന്നതുമൂലം ഉണ്ടായതാണ് ആ അവകാശവാദം." [60] അതിന്റെ ഫലമായി, ദാരിദ്ര്യം "വിവിധ രൂപങ്ങൾ എടുക്കാൻ ഇടയാ കുന്നു; അതായത്, കൂലിച്ചെലവ് എങ്ങനെയും കുറയ്ക്കണം എന്ന നിർബന്ധം അതിന്റെ ഗൗരവപൂർണമായ അനന്തരഫലങ്ങളെപ്പറ്റി ചിന്തിക്കുന്നതേയില്ല; അങ്ങനെ അത് നേരിട്ട് തൊഴിലില്ലായ്മ സൃഷ്ടി ക്കുകയും തുടർന്ന് ദാരിദ്ര്യം വർധിക്കാൻ ഇടയാകുകയും ചെയ്യുന്നു." [61] "പണത്തിന്റെ സാമ്രാജ്യം വിതയ്ക്കുന്ന വിനാശകരമായ ഈ അനന്തര ഫലങ്ങൾ" [62]ക്കിടയിൽ ഒരുകാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. അതായത്, "തൊഴിലും തൊഴിലിന്റെ മാഹാത്മ്യവും എടുത്തുകളയുന്നതിനെക്കാൾ വലിയ ദാരിദ്ര്യമില്ല" [63] എന്നത്. എന്നുമാത്രമല്ല, ചില ആളുകൾ അവർക്ക് വികാസം പ്രാപിക്കാനുള്ള അവസരങ്ങൾ കുറഞ്ഞ രാജ്യ

ത്തിലോ കുടുംബത്തിലോ ആണ് ജനിച്ചതെങ്കിൽ, അത് അവരുടെ മാഹാത്മ്യത്തിനു വിരുദ്ധമാണെന്ന് നാം അംഗീകരിക്കേണ്ടിയിരിക്കുന്നു; കാരണം, സമ്പന്നമായ ഒരു കുടുംബത്തിലോ രാജ്യത്തിലോ ജനിച്ച ആളുകൾക്കുള്ള മാഹാത്മ്യം തന്നെയാണ് അവർക്കുമുള്ളത്. രൂക്ഷമായ ഈ അസമത്വത്തിന് നാമെല്ലാവരും ഉത്തരവാദികളാണ്, അത് വ്യത്യസ്തമായ അളവിൽ ആണെങ്കിൽപ്പോലും.

### *യുദ്ധം*

38. മനുഷ്യമാഹാത്മ്യം ഭൂതകാലത്തും വർത്തമാനത്തിലും നിരാകരിക്കുന്ന മറ്റൊരു ദുരന്തമാണ് യുദ്ധം: "യുദ്ധം, ഭീകരാക്രമണങ്ങൾ, വംശപരമോ മതപരമോ ആയ പീഡനം, മനുഷ്യമാഹാത്മ്യം ഹനിക്കുന്ന മറ്റനേകം രൂപങ്ങൾ എന്നിവ, [...] 'ഖണ്ഡശ്ശ നടത്തുന്ന ഒരു യഥാർഥ "മൂന്നാം ലോകമഹായുദ്ധം" ആകത്തക്കവിധത്തിൽ ഏറെ സാധാരണമായിത്തീർന്നിട്ടുണ്ട്.'" [64] പടർന്നു കയറുന്ന വിനാശത്തോടും സഹനത്തിനോടുമൊപ്പം, യുദ്ധം ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കും മനുഷ്യമാഹാത്മ്യത്തെ ആക്രമിക്കുന്നു: "സ്വയം രക്ഷയ്ക്കായുള്ള അന്യാധീനപ്പെടുത്താനാവാത്ത അവകാശം ഉറപ്പിച്ചു പറയുകയും ജീവൻ അപകടത്തിൽപ്പെട്ടിരിക്കുന്നവരെ സംരക്ഷിക്കാനുള്ള



ഉത്തരവാദിത്വം പേറുകയും ചെയ്യുമ്പോൾത്തന്നെ, യുദ്ധം എപ്പോഴും 'മനുഷ്യരാശിയുടെ പരാജയം' ആണെന്ന് നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. തന്റെ കുഞ്ഞ് അംഗഭംഗപ്പെടുകയോ മരിക്കുകയോ ചെയ്യുന്ന തായിക്കാണുന്ന ഒരു മാതാവിന്റെ കണ്ണീരിന്റെ മൂല്യത്തിന് ഉപരിയല്ല, ഒരു യുദ്ധവും; സ്രഷ്ടാവിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ദിവ്യസൃഷ്ടിയായ ഒരു മനുഷ്യന്റെപോലും ജീവൻ നഷ്ടപ്പെടുന്നതിന്റെ വിലയെക്കാൾ ഉപരിയല്ല, യുദ്ധത്തിന്റെ മൂല്യം; നമ്മുടെ പൊതുഭവനമായ ഭൂമിയെ വിഷലിപ്തമാക്കുന്നതിന് ഉപരിയല്ല, ഒരു യുദ്ധത്തിന്റെ മൂല്യം; നിമിഷങ്ങൾക്കുള്ളിൽ തങ്ങളുടെ സ്വന്തം നാട് ഉപേക്ഷിക്കാനും നഷ്ടപ്പെടുത്താനും നിർബന്ധിതരാകുന്നവരുടെ നിരാശതയ്ക്കും ഉപരിയല്ല ഒരു യുദ്ധത്തിന്റെയും മൂല്യം; അവരുടെ ഭവനവും കുടുംബബന്ധങ്ങളും സൗഹൃദങ്ങളും ചിലപ്പോഴെങ്കിലും തലമുറകളായി പടുത്തുയർത്തിയ സാമൂഹിക സാംസ്കാരികബന്ധങ്ങളും ആണല്ലോ യുദ്ധത്തിലൂടെ നഷ്ടപ്പെടുന്നത്." [65] മനുഷ്യമാഹാത്മ്യത്തിന് എതിർനില്ക്കുന്നു എന്ന കേവലയാഥാർഥ്യത്താൽ ത്തന്നെ എല്ലാ യുദ്ധങ്ങളും, "പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സംഘർഷങ്ങൾ ആയിരിക്കുകയില്ല, പ്രത്യുത അവ പ്രശ്നങ്ങൾ വർധിപ്പിക്കുകയേയുള്ളൂ." [66] നമ്മുടെ ഈ കാലഘട്ടത്തിൽ ഇക്കാര്യം കൂടുതൽ സങ്കീർണമായിത്തീർന്നിട്ടേയുള്ളൂ. കാരണം, ഇന്ന് യുദ്ധക്കളത്തിനു പുറത്ത് നിഷ്കളങ്കരായ വളരെയേറെ സാധാരണപൗരരുടെ ജീവൻ പൊലിയുന്നത് സർവസാധാരണമായി മാറിയിരിക്കുന്നു.

39. ആകയാൽ, ഇന്നും പാപ്പാമാരുടെ വാക്കുകൾ സഭയ്ക്ക് സ്വാംശീകരിക്കാതിരിക്കാനാവില്ല; വിശുദ്ധ പോൾ ആറാമൻ പാപ്പായോടൊപ്പം നാം ആവർത്തിക്കുന്നു: "*ഇനി ഒരിക്കലും, ഇനി ഒരിക്കലും യുദ്ധം ഉണ്ടാകരുത്*" (*"jamais plus la guerre, jamais plus la guerre!"* ["never again, never again war!"]). [67] മാത്രമല്ല, വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായോടൊപ്പം സഭ യാചിക്കുന്നു, "ദൈവനാമത്തിലും മനുഷ്യനാമത്തിലും കൊല്ലരുത്! ജനതകളുടെ നാശത്തിനും ഉന്മൂലനത്തിനുംവേണ്ടി തയ്യാറെടുക്കരുത്! ഓരോരുത്തരുടെയും മാഹാത്മ്യവും സ്വാതന്ത്ര്യവും മാനിക്കുക!" [68] എപ്പോഴും എന്നപോലെ, ഇതാണ് സഭയുടെയും മനുഷ്യരാശി മുഴുവന്റെയും രോദനം. ഇക്കാര്യം അടിവരയിട്ടുകൊണ്ട് ഫ്രാൻസിസ് പാപ്പാ പറയുന്നു: "യുദ്ധം ഒരു പരിഹാര

മാർഗമായി ഇനി ഒരിക്കലും നമുക്ക് കണക്കാക്കാൻ സാധിക്കില്ല. എന്തെന്നാൽ, സങ്കല്പിക്കപ്പെടുന്ന ഗുണങ്ങളെക്കാൾ വലുതായിരിക്കും മിക്കപ്പോഴും അതിന്റെ അപകടസാധ്യതകൾ. ഈ വീക്ഷണപ്രകാരം, 'നീതിപൂർവകമായ യുദ്ധ'ത്തിന്റെ സാധ്യതയെപ്പറ്റി പറയാൻ, കഴിഞ്ഞ നൂറ്റാണ്ടുകളിൽ രൂപംകൊടുത്ത യുക്തിസഹമായ മാനദണ്ഡങ്ങൾ അവലംബിക്കുകയെന്നത് ഇന്നു വളരെ പ്രയാസമുള്ള ഒന്നാണ്. ഇനി ഒരിക്കലും യുദ്ധം വേണ്ടാ!" [69] മനുഷ്യരാശി പലപ്പോഴും ഗതകാലത്തെ അതേ തെറ്റുകളിൽത്തന്നെ വീണ്ടും വീഴാറുള്ളതുകൊണ്ട്, "സമാധാനം ഒരു യാഥാർഥ്യമാക്കാൻ, യുദ്ധത്തെ ന്യായീകരിക്കുന്ന വാദത്തിൽനിന്ന് നാം പിന്നാക്കം പോകണം." [70] വിശ്വാസവും മനുഷ്യമാഹാത്മ്യവും തമ്മിലുള്ള ബന്ധം സുദൃഢമായിരിക്കുന്നതിനാൽ, മതാത്മകബോധ്യങ്ങളുടെ അടിസ്ഥാനത്തിലാണ് യുദ്ധം എന്നു വിശദീകരിക്കുന്നത് ഒരു വിരോധോക്തിയായിരിക്കും: "ഭീകരവാദവും അക്രമവും യുദ്ധവും നിതീമത്കരിക്കാൻ ദൈവനാമം ഉദ്ധരിക്കുന്നയാൾ ദൈവികപാതയിലൂടെയല്ല സഞ്ചരിക്കുന്നത്. മതത്തിന്റെ പേരിലുള്ള യുദ്ധം മതത്തിനെതിരായിത്തന്നെ ഉള്ളതായി മാറുന്നു." [71]

## *കുടിയേറ്റക്കാരുടെ ദുരവസ്ഥ*

40. വിവിധതരത്തിലുള്ള ദാരിദ്ര്യത്തിന്റെ ആദ്യ ഇരകളിൽപ്പെട്ടവരാണ് കുടിയേറ്റക്കാർ. തങ്ങളുടെ സ്വന്തം ദേശങ്ങളിൽ അവരുടെ മാഹാത്മ്യം നിഷേധിക്കപ്പെടുന്നു എന്നത് മാത്രമല്ല, [72] അവരുടെ ജീവിതങ്ങൾ പോലും അപകടത്തിലാക്കപ്പെട്ടിരിക്കുകയാണ്. കാരണം, ഒരു കുടുംബം ആരംഭിക്കാനോ ജോലിയെടുക്കാനോ ഭക്ഷണം കണ്ടെത്താനോ അവർക്ക് മാർഗമില്ലാതായിത്തീർന്നിരിക്കുന്നു. [73] അവരെ സ്വീകരിക്കാൻ സാധ്യതയുള്ള രാജ്യങ്ങളിൽ അവർ എത്തിച്ചേർന്നശേഷം "മറ്റുള്ളവരെപ്പോലെ സമൂഹജീവിതത്തിൽ പങ്കുകാരാകാൻ അവകാശമുള്ളവരായി കുടിയേറ്റക്കാർ പരിഗണിക്കപ്പെടുന്നില്ല. ഏതു വ്യക്തിയെയുംപോലെ, ആന്തരിക മാഹാത്മ്യമുള്ളവരാണ് അവർ എന്ന വസ്തുത വിസ്മരിക്കപ്പെടുന്നു [...] അവർ മനുഷ്യരാണെന്ന കാര്യം ആരും പരസ്യമായി നിഷേധിച്ചെന്നുവരില്ല; എന്നാലും പ്രയോഗത്തിൽ, നമ്മുടെ തീരുമാനങ്ങൾ കൊണ്ടും നമ്മൾ അവരോട് പെരുമാറുന്ന രീതികൊണ്ടും നമ്മൾ അവരെ യോഗ്യത കുറഞ്ഞവരും പ്രാധാന്യം



കുറഞ്ഞവരും മനുഷ്യത്വം കുറഞ്ഞവരുമായി കരുതുന്നുവെന്ന് വ്യക്ത മാക്കുന്നു." [74] ആകയാൽ, "ഓരോ കുടിയേറ്റക്കാരനും ഒരു മനുഷ്യ വ്യക്തിയാണെന്നും എല്ലാവരാലും എല്ലാ സാഹചര്യങ്ങളിലും ആദരി ക്കപ്പെടേണ്ട മൗലികവും അന്യാധീനപ്പെടുത്താനാവാത്തതുമായ അവകാശങ്ങൾ പ്രകൃത്യാ ഉള്ള ആളാണെന്നും" [75] ഗൗരവമായി എല്ലാവരും ഓർക്കേണ്ടതാണ്. കുടിയേറ്റക്കാരെ സ്വീകരിക്കുക എന്നത് "ഉദ്ഭവസ്ഥാനം, വംശം, മതം എന്നിവയ്ക്കുപരിയായി നിലകൊള്ളുന്ന ഓരോ മനുഷ്യവ്യക്തിയുടെയും അന്യാധീനപ്പെടുത്താനാവാത്തതായ മാഹാത്മ്യം" [76] പ്രതിരോധിക്കുന്നതിന്റെ പ്രാധാനപ്പെട്ടതും അർഥവ ത്തായതുമായ രീതിയാണ്.

## *മനുഷ്യക്കടത്ത്*

41. മനുഷ്യമാഹാത്മ്യത്തിന് അതീവം ഗുരുതരമായ രീതിയിൽ ഭംഗം വരുത്തുന്ന ഒന്നായി മനുഷ്യക്കടത്ത് കണക്കാക്കേണ്ടിയിരിക്കുന്നു. [77] ഇത് ഒരു പുതിയ പ്രതിഭാസമല്ലെങ്കിലും നമ്മുടെ കൺമുമ്പിൽ ഇത് ഇന്ന് ഭയാനകമാംവിധം വലുതായിട്ടുണ്ട്; അക്കാരണത്താലാണ് വളരെ പ്രത്യേകമാംവിധം ശക്തിമത്തായി ഫ്രാൻസിസ് പാപ്പാ ഇതിനെ

അപലപിച്ചിട്ടുള്ളത്: "'മനുഷ്യരെക്കൊണ്ടുള്ള വ്യാപാരം' തീർത്തും നിന്ദ്യമായ ഒരു പ്രവർത്തനമാണെന്ന് ഞാൻ ആവർത്തിച്ചു പറയുന്നു; പരിഷ്കൃതമെന്ന് നാം അഭിമാനിക്കുന്ന നമ്മുടെ സമൂഹങ്ങൾക്ക് അത് ഒരു അവമതിയാണ്. ചൂഷകരും എല്ലാ തലത്തിലുമുള്ള ഇടപാടുകാരും തങ്ങളിൽത്തന്നെയും ദൈവതിരുമുമ്പാകെയും ഗൗരവമേറിയ ഒരു ആത്മപരിശോധന നടത്തണം. സഭയുടെ സാമൂഹികപ്രബോധനം ഊന്നിപ്പറയുന്നതുപോലെ, സഭ തന്റെ അടിയന്തരഅപേക്ഷ ആവർത്തിക്കുന്നു: അതായത്, മനുഷ്യരുടെ മൗലിക അവകാശങ്ങൾ മാനിച്ചുകൊണ്ട്, ഓരോ വ്യക്തിയുടെയും മാഹാത്മ്യവും കേന്ദ്രീകൃതത്വവും എപ്പോഴും സംരക്ഷിക്കപ്പെടണം. ഇവ അംഗീകരിക്കപ്പെടാത്ത ഓരോ ഭൂഖണ്ഡത്തിലുമുള്ള ദശലക്ഷക്കണക്കിന് പുരുഷന്മാർക്കും സ്ത്രീകൾക്കും ഈ അവകാശങ്ങൾ ലഭ്യമാക്കപ്പെടണമെന്ന് സഭ ആവശ്യപ്പെടുന്നു. അവകാശങ്ങളെക്കുറിച്ച് വാചാലമാകുന്ന ഇന്നത്തെ ഈ ലോകത്ത് എത്ര എളുപ്പത്തിലാണ് മനുഷ്യമാഹാത്മ്യം യഥാർഥത്തിൽ ധ്വംസിക്കപ്പെടുന്നത്! അവകാശങ്ങളെക്കുറിച്ച് വളരെയേറെ സംസാരിക്കപ്പെടുന്ന ഇന്നത്തെ ലോകത്ത് പണത്തിനു മാത്രമാണ് അവകാശങ്ങൾ ഉള്ളതെന്ന് തോന്നിപ്പോകും." [78]

42. ഈ കാരണങ്ങളാൽ "മനുഷ്യശരീരഭാഗങ്ങളുടെയും കോശജാലങ്ങളുടെയും വിപണനം, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ലൈംഗികചൂഷണം, വേശ്യാവൃത്തി ഉൾപ്പെടുന്ന അടിമവേല, ലഹരിവസ്തുക്കളുടെയും യുദ്ധോപകരണങ്ങളുടെയും വിപണനം, ഭീകരവാദം, അന്താരാഷ്ട്രതലത്തിലുള്ള ആസൂത്രിതമായ ക്രിമിനൽകുറ്റങ്ങൾ എന്നീ പ്രതിഭാസങ്ങൾക്കെതിരായി പൊരുതുന്നതിൽനിന്ന് സഭയും മനുഷ്യരാശിയും പിന്നാക്കം പോകാൻ പാടില്ല. പ്രസ്തുത അവസ്ഥയുടെ വ്യാപ്തിയും നിഷ്കളങ്കരുടെ ജീവൻ കവരുന്നതിലുള്ള എണ്ണവും വളരെ വലുതാണ്; ഇക്കാര്യത്തിൽ നമ്മുടെ മനഃസാക്ഷിയെ സാന്ത്വനിപ്പിക്കുംവിധം ഇവയെല്ലാം നാമമാത്രമായ പ്രഖ്യാപിതരൂപങ്ങൾ മാത്രമാണെന്നു ചിന്തിക്കുന്ന പ്രലോഭനത്തിലേക്ക് നാം വീണുപോകരുത്. ഈ മഹാവിപത്തുകൾക്കെതിരായി നമ്മുടെ സ്ഥാപനങ്ങൾ നടത്തുന്ന പ്രതിരോധമാർഗങ്ങൾ യഥാർഥത്തിൽ ഫല പ്രദമാണെന്ന് നാം ഉറപ്പുവരുത്തണം." [79] മനുഷ്യമാഹാത്മ്യത്തെ വിവിധരീതികളിലും

ക്രൂരമായ നിഷേധങ്ങളിലും ഹനിക്കുന്ന സാഹചര്യങ്ങളോട് ഏറ്റു മുട്ടുമ്പോൾ "മനുഷ്യക്കടത്ത് മനുഷ്യരാശിക്ക് എതിരായ ഒരു ക്രിമിനൽ കുറ്റമാണെന്നുള്ള" [80] വർധിതമായ ബോധ്യത്തിലേക്ക് നാം വരണം. കുറഞ്ഞത് രണ്ടു രീതിയിൽ അത് മനുഷ്യമാഹാത്മ്യം ആത്യന്തികമായി നിഷേധിക്കുന്നു: "മനുഷ്യക്കടത്ത് അതിനു വിധേയമാകുന്ന ഇരയുടെ മാനുഷികഭാവം ആഴത്തിൽ വികൃതമാക്കുന്നു; അത് അവന്റെയോ അവളുടെയോ സ്വാതന്ത്ര്യവും മാഹാത്മ്യവും ഹനിക്കുന്നു. മറുവശത്ത്, അത് നിർവഹിക്കുന്ന ആളുകളുടെ മനുഷ്യത്വംതന്നെ ഇല്ലാതാ ക്കുന്നു." [81]

## *ലൈംഗിക അതിക്രമം*

43. മനുഷ്യവ്യക്തിയുടെ സ്വതഃസിദ്ധമായ ആഴമാർന്ന മാഹാത്മ്യം മനസ്സിന്റെയും ശരീരത്തിന്റെയും ഒരുമിച്ചുള്ള പൂർണതയിൽ ഉൾച്ചേർ ന്നിരിക്കുന്നതിനാൽ, ലൈംഗികമായ അതിക്രമം അനുഭവിച്ചിട്ടുള്ള വരുടെ ഹൃദയങ്ങളിൽ അതിന്റെ ആഴത്തിലുള്ള മുറിപ്പാടുകൾ അവശേഷിപ്പിക്കുന്നു എന്നു മനസ്സിലാക്കാൻ നമുക്ക് സാധിക്കുന്നു. സത്യത്തിൽ, ലൈംഗികമായ അതിക്രമം അനുഭവിച്ചിട്ടുള്ളവരുടെ മാനുഷികമാഹാത്മ്യത്തിനുമേൽ വലിയ മുറിവുകൾ ഉണ്ടാകുന്നു. ഇവയൊക്കെ "ജീവിതകാലം മുഴുവൻ നീണ്ടുനില്ക്കുന്ന, ഒരുതരം പശ്ചാത്താപത്തിനും പരിഹാരം കണ്ടെത്താൻ സാധിക്കാത്ത, സഹന ങ്ങളാണ്. ഈ അതിക്രമം വിപുലമായ രീതിയിൽ സമൂഹത്തിൽ കണ്ടു വരുന്നു; മാത്രമല്ല, ഇത് സഭയെ ബാധിക്കുകയും അവളുടെ ദൗത്യ ത്തിന് ഗൗരവമുള്ള വിലങ്ങുതടിയായി നില്ക്കുകയും ചെയ്യുന്നു." [82] അതിനാലാണ് സഭ എല്ലാത്തരം അതിക്രമങ്ങൾക്കും അറുതിവരു ത്താൻ ഇടതടവില്ലാതെ പ്രയത്നിക്കുകയും അക്കാര്യം അവളുടെ ഉള്ളിൽ നിന്നുതന്നെ ആരംഭിക്കുകയും ചെയ്യുന്നത്.

## *സ്ത്രീകൾക്കെതിരായ അതിക്രമം*

44. സ്ത്രീകൾക്കെതിരായ അതിക്രമം ഒരു ആഗോള ഇടർച്ചയുടെ കാരണമാണെന്ന യാഥാർഥ്യം ഇന്ന് കൂടുതലായി അംഗീകരിക്ക പ്പെട്ടുവരുന്നു. സ്ത്രീകളുടെയും പുരുഷന്മാരുടെയും തുല്യമായ മാഹാത്മ്യം വാക്കുകളിൽ അംഗീകരിക്കുമ്പോൾത്തന്നെ, ചില

രാജ്യങ്ങളിൽ നിലനില്ക്കുന്ന സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള അസമത്വം ഗൗരവമേറിയതാണ്. അതിവികസിത ജനാധിപത്യ രാഷ്ട്ര ങ്ങളിലെപ്പോലും സാമൂഹിക സാഹചര്യം കൃത്യമായി വ്യക്തമാക്കു ന്നത്, സ്ത്രീകൾക്ക് പുരുഷന്മാരോടു തുല്യമായ മാഹാത്മ്യം നല്കപ്പെടുന്നില്ല എന്ന വസ്തുതയാണ്. ഫ്രാൻസിസ് പാപ്പാ ഇക്കാര്യം വളരെ വ്യക്തമായി സമർഥിക്കുകയുണ്ടായി: "സ്ത്രീകൾക്ക് പുരുഷ ന്മാരുടേതുപോലെതന്നെയുള്ള മാഹാത്മ്യവും തുല്യമായ അവകാശ ങ്ങളുമുണ്ടെന്ന് വ്യക്തമായി ചിന്തിക്കുന്നതിൽനിന്ന് ഇന്നും ലോക വ്യാപകമായി സമൂഹങ്ങളുടെ സംഘാടനാപ്രക്രിയ ഏറെ അകലെ യാണ്. വാക്കുകൾകൊണ്ട് നമ്മൾ ഒരു കാര്യം പറയുന്നു. എന്നാൽ നമ്മുടെ തീരുമാനങ്ങളും യാഥാർഥ്യവും മറ്റൊരു കഥ പറയുന്നു. യഥാർ ഥത്തിൽ, "ഒഴിവാക്കപ്പെടലിന്റെയും മോശമായ പെരുമാറ്റത്തിന്റെയും അക്രമത്തിന്റെയും ഇരകളാകുന്ന സ്ത്രീകൾ ഇരുമടങ്ങ് ദരിദ്രരാണ്; കാരണം, മിക്കപ്പോഴും തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ അവർ പൂർണമായും പ്രാപ്തരല്ല." [83]

45. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ ഇക്കാര്യം വ്യക്തമായി തിരിച്ചറിഞ്ഞു. അദ്ദേഹം പറഞ്ഞു, "ഭാര്യമാരും അമ്മമാരും ആയിരി ക്കാനുള്ള തെരഞ്ഞെടുപ്പ് നടത്തുന്ന സ്ത്രീകളോടുള്ള വിവേചനം ഒഴിവാക്കാൻ ഏറെ കാര്യങ്ങൾ ഇനിയും ചെയ്യാനുണ്ട് [...] ഓരോ തലത്തിലും 'യഥാർഥ തുല്യത' പ്രാപിക്കാനായി അടിയന്തരമായി പ്രവർത്തിക്കേണ്ടതുണ്ട്: തുല്യജോലിക്ക് തുല്യവേതനം; ജോലി ചെയ്യുന്ന അമ്മമാർക്ക് സംരക്ഷണം, സ്ഥാനക്കയറ്റങ്ങളിലുള്ള നീതി, കുടുംബ അവകാശങ്ങളിൽ ദമ്പതിമാർക്കുള്ള തുല്യത, ഒരു ജനാധി പത്യരാജ്യത്തിലെ പൗരർ എന്ന നിലയിൽ എല്ലാ കാര്യങ്ങളിലുമുള്ള അവകാശങ്ങളും കടമകളും അവർക്കും ഉണ്ടായിരിക്കുന്നത് അംഗീകരി ക്കുക എന്നിവ." [84] യഥാർഥത്തിൽ, ഈ മേഖലകളിലുള്ള അസമത്വ ങ്ങൾതന്നെ അക്രമത്തിന്റെ വ്യത്യസ്ത രൂപങ്ങളാണ്. പാപ്പാ പിന്നെയും അനുസ്മരിപ്പിച്ചു, "*എല്ലാത്തരം ലൈംഗിക അതിക്രമങ്ങളെയും* ശക്ത മായി അപലപിക്കേണ്ട സമയം വന്നിരിക്കുന്നു; പ്രസ്തുത അതിക്രമ ങ്ങൾക്ക് ഇരകളാകുന്നത് പലപ്പോഴും സ്ത്രീകളാണ്. അപ്രകാരമുള്ള അതിക്രമങ്ങളെ ചെറുത്തുനില്ക്കാൻ അവരെ പ്രാപ്തരാക്കുന്ന

ഫലപ്രദമായ നിയമങ്ങളുടെ നിർമാണവും ആവശ്യമാണ്. മനുഷ്യ വ്യക്തിയോടുള്ള ന്യായമായ ആദരം കണക്കിലെടുത്തുകൊണ്ട്, ഇന്ന് വളരെയേറെ വ്യാപിച്ചു കഴിഞ്ഞ സുഖഭോഗപരവും വാണിജ്യപരവുമായ സംസ്കാരത്തെ നമുക്ക് അപലപിക്കാതിരിക്കാനാവില്ല. കാരണം, അത് ക്രമവൽകൃതമായ ലൈംഗികചൂഷണം പ്രോത്സാഹിപ്പിക്കുകയും തീരെ പ്രായംകുറഞ്ഞ പെൺകുട്ടികളെ, തങ്ങളുടെ ശരീരങ്ങൾ ലാഭത്തിനായി ഉപയോഗിക്കുന്നതിലേക്ക് വഴിതെറ്റിക്കുകയും ചെയ്യുന്നു." [85] സ്ത്രീകൾക്കെതിരായി നടത്തി വരുന്ന അതിക്രമങ്ങളിൽ, എങ്ങനെയാണ് നാം നിർബന്ധിത ഭ്രൂണഹത്യയെക്കുറിച്ച് പറയാതിരിക്കുക? പലപ്പോഴും പുരുഷന്റെ സ്വാർഥം മാത്രം തൃപ്തിപ്പെടുത്തുന്ന അത് അമ്മയെയും കുഞ്ഞിനെയും സാരമായി ബാധിക്കുന്നു. ഇവിടെ ബഹുഭാര്യത്വവും എങ്ങനെ നമുക്ക് പരാമർശിക്കാതിരിക്കാനാകും? *കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം* പറയുന്നതുപോലെ, ബഹുഭാര്യത്വം സ്ത്രീപുരുഷന്മാരുടെ തുല്യതയ്ക്ക് വിരുദ്ധമാണ്; മാത്രമല്ല, "അത് അവിഭാജ്യവും മറ്റുള്ളതിനെ പൂർണമായി ഒഴിവാക്കുന്നതുമായ വൈവാഹികസ്നേഹത്തിന് വിരുദ്ധവുമായതുമാണ്." [86]

46. സ്ത്രീകളോടുള്ള അതിക്രമത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, സ്ത്രീവധം എന്ന പ്രതിഭാസത്തെ ശക്തമായി അപലപിക്കാതിരിക്കാനാവില്ല. ഫ്രാൻസിസ് പാപ്പാ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ, ഇക്കാര്യത്തിൽ ആഗോളസമൂഹംമുഴുവനും ഏകോപീകൃതവും മൂർത്തവുമായ പ്രതിജ്ഞാബദ്ധമായ പ്രവർത്തനത്തിന് തയ്യാറാകണം. പാപ്പാ പറയുന്നു, "മറിയത്തോടുള്ള നമ്മുടെ സ്നേഹം സ്ത്രീകളോടുള്ള നമ്മുടെ ആദരത്തിനും കൃതജ്ഞതയ്ക്കും സഹായകമാകണം. കാരണം, നമ്മുടെ അമ്മമാരും മുത്തശ്ശിമാരും നമ്മുടെ നഗരങ്ങളിലെ ജീവന്റെ കോട്ടകൊത്തളങ്ങളാണ്. പലപ്പോഴും നിശ്ശബ്ദതയിൽ അവർ ജീവൻ മുന്നോട്ടു കൊണ്ടുപോകുന്നു. പ്രത്യാശയുടെ നിശ്ശബ്ദതയും ശക്തിയുമാണത്. നിങ്ങളുടെ സാക്ഷ്യത്തിന് നന്ദി [...]. എന്നാൽ നമ്മുടെ അമ്മമാരെയും മുത്തശ്ശിമാരെയുംകുറിച്ചു ചിന്തിക്കുന്ന വേളയിൽ, നമ്മുടെ അമേരിക്കൻ ഭൂഖണ്ഡത്തെ ബാധിച്ചിരിക്കുന്ന വലിയൊരു വിപത്തിനെ പ്രതിരോധിക്കാൻ ഞാൻ നിങ്ങളെ ക്ഷണി

ക്കുന്നു; അതായത്, സ്ത്രീകൾ വധിക്കപ്പെടുന്ന ഒട്ടനവധി സംഭവങ്ങൾ; ഒട്ടേറെ മതിലുകൾക്കു പുറകിൽ നിശ്ശബ്ദമായി ഒളിച്ചുവച്ചിരിക്കുന്ന അക്രമത്തിന്റെ നിരവധി സാഹചര്യങ്ങൾ. ഇത്തരത്തിലുള്ള സഹന ത്തിന്റെ ഉറവിടങ്ങൾക്കെതിരായി ശബ്ദമുയർത്താൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു; അതായത്, അതിനെതിരേ നിയമനിർമാണ ത്തിനും അങ്ങനെ എല്ലാത്തരം അക്രമത്തെയും അപലപിച്ചു തള്ളി ക്കളയുന്ന ഒരു സംസ്കാരം സൃഷ്ടിക്കുന്നതിനായി." [87]

## *ഭ്രൂണഹത്യ*

47. സഭ നിരന്തരം നമ്മെ ഇപ്രകാരം ഓർമിപ്പിക്കുന്നു: 'ഓരോ മനുഷ്യ വ്യക്തിയുടെയും മാഹാത്മ്യത്തിനു ചേർന്ന നൈസർഗികമായ തരത്തിലുള്ള ഗുണവിശേഷമുണ്ട്; അത് ഗർഭധാരണ നിമിഷംമുതൽ സാധാരണമായ മരണംവരെ നിലനില്ക്കുന്നതാണ്. ഇപ്രകാരമുള്ള മാഹാത്മ്യത്തിന്റെ കൃത്യമായ സ്ഥിരീകരണത്തിന്റെ ഭാഗമായാണ് വ്യക്തിപരവും സാമൂഹികവുമായ അസ്തിത്വത്തിന്റെ സംരക്ഷണം അന്യാധീനപ്പെടുത്താനാവാത്ത മുൻഉപാധിയായി മാറുന്നത്; അതു പോലെതന്നെ, അത് ഭൂമിയിലെ എല്ലാ ജനങ്ങളുടെയും ഇടയിൽ സാക്ഷാത്കരിക്കപ്പെടേണ്ട സാഹചര്യത്തിന്റെയും സാമൂഹികസൗഹൃദ ത്തിന്റെയും അവശ്യംവേണ്ട വ്യവസ്ഥയായി മാറുകയും ചെയ്യുന്നത്." [88] സ്പർശിക്കാൻ പാടില്ലാത്ത മനുഷ്യജീവന്റെ വിലകാരണം, സഭയുടെ



പ്രബോധനം (Magisterium) എക്കാലത്തും ഭ്രൂണഹത്യയ്ക്കെതിരായി സംസാരിച്ചിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ എഴുതുന്നു: "മനുഷ്യജീവനെതിരേ ചെയ്യപ്പെടാവുന്ന കുറ്റങ്ങളിൽവച്ച് മനഃപൂർവമുള്ള ഗർഭച്ഛിദ്രത്തിന്, അതിനെ പ്രത്യേക മാംവിധം ഗൗരവമുള്ളതും അപലപനീയവുമാക്കുന്ന സവിശേഷതകളുണ്ട്. [...] എന്നാൽ ഇന്ന്, അതിന്റെ ഗൗരവത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് പലരുടെയും മനഃസാക്ഷിയിൽ ക്രമേണ മങ്ങിവരുന്നു. സാമാന്യജനത്തിന്റെ മനസ്സിലും പെരുമാറ്റത്തിലും, നിയമത്തിൽപ്പോലും, ഗർഭച്ഛിദ്രം അംഗീകരിക്കപ്പെടുന്നത് ധാർമികബോധത്തിനുണ്ടാകുന്ന അങ്ങേയറ്റം അപകടകരമായ വിഷമസന്ധിയുടെ പ്രകടമായ അടയാളമാണ്. ജീവിക്കാനുള്ള മൗലികവകാശം അപകടത്തിലായിരിക്കുമ്പോൾപ്പോലും നന്മയും തിന്മയും തിരിച്ചറിയാനുള്ള കഴിവ് ധാർമിക ബോധത്തിന് കുറഞ്ഞുകുറഞ്ഞു വരുന്നു. ഇത്തരം ഗൗരവപൂർണമായ ഒരു സാഹചര്യമുണ്ടായിരിക്കേ, സത്യത്തെ അതിന്റെ കണ്ണുകളിലേക്കു നോക്കിക്കാണാനും വസ്തുതകളെ അവയുടെ ശരിയായ പേരുകൾ വിളിക്കാനുംവേണ്ട ധീരത എന്നത്തെക്കാളും ഏറെയായി നമുക്ക് ഇന്ന് ഉണ്ടാകണം. സൗകര്യപ്രദമായ വിട്ടുവീഴ്ചകൾക്കോ ആത്മവഞ്ചനയുടെ പ്രലോഭനങ്ങൾക്കോ കീഴടങ്ങാതെ അപ്രകാരം ചെയ്യണം. അതിനെ സംബന്ധിച്ച് പ്രവാചകന്റെ കുറ്റപ്പെടുത്തൽ അങ്ങേയറ്റം സ്പഷ്ടമാണ്: 'തിന്മയെ നന്മയെന്നും നന്മയെ തിന്മയെന്നും' വിളിക്കുന്നവർക്കും അന്ധകാരം പ്രകാശമായും പ്രകാശം അന്ധകാരമായും പരിഗണിക്കുന്നവർക്കും ദുരിതം!' (ഏശ 5:20). പ്രത്യേകിച്ച്, ഗർഭച്ഛിദ്രത്തെപ്പറ്റി സംശയാസ്പദമായ പദപ്രയോഗം വ്യാപകമായിട്ടുണ്ട്. ഇതിന് ഒരു ഉദാഹരണമാണ്: 'ഗർഭം തടസ്സപ്പെടുത്തൽ' എന്ന പ്രയോഗം. അവ ഗർഭച്ഛിദ്രത്തിന്റെ യഥാർഥ സ്വഭാവം മറച്ചുവയ്ക്കാനും പൊതുജനാഭിപ്രായത്തിന്റെ മുമ്പിൽ അതിന്റെ ഗൗരവം കുറച്ചുകാണിക്കാനും പരിശ്രമിക്കുന്നു. ഭാഷാശാസ്ത്രപരമായ ഈ പ്രതിഭാസംതന്നെ, ഒരുപക്ഷേ, മനഃസാക്ഷിക്കടിയുടെ ലക്ഷണമായിരിക്കാം. എന്നാൽ, വസ്തുക്കളുടെ യാഥാർഥ്യം മാറ്റിമറിക്കാൻ ഒരു പദത്തിനും ശക്തിയില്ല: *മനഃപൂർവം നടത്തുന്ന ഗർഭച്ഛിദ്രം, അത് ഏതു മാർഗം ഉപയോഗിച്ചു നടത്തിയാലും, മനുഷ്യജീവൻ അവന്റെ അല്ലെങ്കിൽ അവളുടെ*

*അസ്തിത്വത്തിന്റെ ആദിമദശയിൽ ആയിരിക്കുമ്പോൾ അതിനെ ബോധപൂർവം നേരിട്ടുകൊല്ലുന്ന പ്രവൃത്തിയാണ്. ഈ അസ്തിത്വം ആദിമദശയായ ഗർഭധാരണം മുതൽ മരണംവരെ വ്യാപിച്ചുകിടക്കുന്നതുമാണ്."* [89] ആകയാൽ, അജാത ശിശുക്കൾ "നമ്മുടെ ഇടയിൽ ഒട്ടും സുരക്ഷിതരല്ലാത്തവരും നിഷ്കളങ്കരുമാണ്. ഇക്കാലത്ത് അവരുടെ മാനുഷികമാഹാത്മ്യം നിഷേധിക്കാനുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്. തോന്നുംപോലെ അവരെ കൈകാര്യം ചെയ്യാനും അവരുടെ ജീവൻ നശിപ്പിക്കാനും അതിനെ തടയുന്ന ആരെയും നിരോധിക്കാൻവേണ്ടി നിയമങ്ങൾ നിർമിക്കാനും പരിശ്രമങ്ങൾ നടക്കുന്നു." [90] ആകയാൽ, ശക്തമായും വ്യക്തമായും നമ്മുടെ ഈ കാലഘട്ടത്തിൽ പറയേണ്ടിയിരിക്കുന്നു: ''അജാതശിശുവിന്റെ ജീവസംരക്ഷണം, മറ്റുള്ള ഓരോ മനുഷ്യാവകാശവുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നതാണ്. മനുഷ്യജീവി എപ്പോഴും ഏതു സാഹചര്യത്തിലും വികസനത്തിന്റെ ഏത് ഘട്ടത്തിലും പവിത്രതയും അലംഘനീയതയുമുള്ളതാണെന്ന ബോധ്യം അത് ഉൾക്കൊള്ളുന്നു. മനുഷ്യജീവികൾ അവരിൽത്തന്നെ ലക്ഷ്യങ്ങളാണ്; ഒരിക്കലും മറ്റു പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗങ്ങളല്ല. ഈ ബോധ്യം അപ്രത്യക്ഷമായാൽ – മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിനു വേണ്ടിയുള്ള ദൃഢവും ശാശ്വതവുമായ സ്ഥാപനങ്ങൾക്ക് ഈ ബോധ്യം നഷ്ടപ്പെട്ടിരിക്കുന്നു – അവയിൽ ഉണ്ടാകാവുന്ന അധികാരികളുടെ ക്ഷണികങ്ങളായ തോന്നലിന് അവ എപ്പോഴും വിധേയമാകും. ഓരോ മനുഷ്യജീവന്റെയും അലംഘനീയമൂല്യം മനസ്സിലാക്കാൻ യുക്തി മാത്രം മതിയാകും. എന്നാലും, വിശ്വാസത്തിന്റെ നിലപാടിൽനിന്ന് ഈ പ്രശ്നം നോക്കിക്കാണുകയാണെങ്കിൽ, 'മനുഷ്യവ്യക്തിയുടെ വൈയക്തിക മാഹാത്മ്യത്തിന്റെ ഓരോ ലംഘനവും പ്രതികാരത്തിനായി ദൈവത്തെ വിളിച്ചുകരയുന്നു. വ്യക്തിയുടെ സ്രഷ്ടാവിനെതിരേയുള്ള ഒരു ദ്രോഹമാണത്.''' [91] ഈ പശ്ചാത്തലത്തിൽ, ഉദ്ഭവത്തിൽത്തന്നെയുള്ള ഓരോ വ്യക്തിയെയും സംരക്ഷിക്കാനുള്ള ഉദാരപൂർവകവും ധൈര്യപൂർവകമായുള്ള കൊൽക്കൊത്തായിലെ വിശുദ്ധ മദർ തെരേസയുടെ പ്രതിജ്ഞാബദ്ധത അനുസ്മരിക്കുന്നത് ഉചിതമായിരിക്കും.



## *വാടകഗർഭധാരണം (Surrogacy)*

48. വാടകഗർഭധാരണ രീതിക്കെതിരായി സഭ നിലപാടെടുക്കുന്നു. കാരണം, അതുവഴിയായി അളക്കാനാവാത്ത മൂല്യമുള്ള ഒരു ശിശു കേവലം ഒരു വസ്തുവായി ഭവിക്കുന്നു. ഇക്കാര്യത്തിൽ ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾക്ക് വളരെയേറെ വ്യക്തതയുണ്ട്: "സമാധാനത്തിന്റെ പാത ജീവനു ബഹുമാനം നല്കുന്നു, ഓരോ മനുഷ്യജീവനും. അപ്രകാരമുള്ള ആദരം അമ്മയുടെ ഉദരത്തിലുള്ള അജാതശിശുവിന്റെ ജീവനിൽത്തന്നെ ആരംഭിക്കുന്നു; അത് ഇല്ലാതാക്കപ്പെടാനും വ്യാപാര വസ്തുവാക്കപ്പെടാനും പാടില്ല. ഇക്കാര്യത്തിൽ വാടക ഗർഭധാരണം എന്ന സമ്പ്രദായം പരിതാപകരമായ ഒന്നായി ഞാൻ കണക്കാക്കുന്നു; കാരണം, യഥാർഥ അമ്മയുടെ ഭൗതിക ആവശ്യങ്ങളുടെ പശ്ചാത്തലങ്ങൾ ചൂഷണം ചെയ്യുന്നതിന്റെ ഭാഗമായി സ്ത്രീയുടെയും ശിശുവിന്റെയും മാഹാത്മ്യം ഗൗരവമായ രീതിയിൽ ധ്വംസിക്കുന്ന ഒന്നാണത്. ഒരു ശിശു എപ്പോഴും ഒരു ദാനമാണ്; അതൊരിക്കലും വാണിജ്യപരമായ ഒരു കരാറിന്റെ അടിസ്ഥാനത്തിൽ ഉള്ളതാകാൻ പാടില്ല. അതിനാൽ, അന്താരാഷ്ട്ര സമൂഹം ആഗോളവ്യാപകമായിത്തന്നെ ഈ സമ്പ്രദായം നിരോധിക്കാൻവേണ്ടിയുള്ള ശ്രമം നടത്തുമെന്നു ഞാൻ പ്രത്യാശിക്കുന്നു." [92]



49. പ്രഥമവും പ്രധാനവുമായി വാടകഗർഭധാരണ സമ്പ്രദായം ശിശുവിന്റെ മാഹാത്മ്യം ധ്വംസിക്കുന്നു. യഥാർഥത്തിൽ, ഓരോ ശിശുവും സ്പർശിക്കപ്പെടാൻ പാടില്ലാത്ത മാഹാത്മ്യത്തിന്റെ ഉടമയാണ്. അത് ഓരോരുത്തരിലും അനിതരസാധാരണവും വ്യത്യസ്തമാംവിധം വ്യക്തമായി പ്രകാശിതമാക്കപ്പെടുന്നു; അവന്റെയും അവളുടെയും ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും അത് പ്രകാശിതമാണ്: ഗർഭധാരണ നിമിഷം മുതൽ ജനനത്തിലും ആൺകുട്ടിയോ പെൺകുട്ടിയോ എന്നവിധം വളർന്നുവരുന്നതിലും മുതിർന്ന ആളായിത്തീരുന്നതിലും ഒക്കെ. ഇത്തരത്തിലുള്ള അന്യാധീനപ്പെടുത്താനവാത്ത മാഹാത്മ്യമുള്ള ശിശുവിന് പൂർണമായും മാനുഷികമായ (കൃത്രിമമായി സന്നിവേശിപ്പിക്കപ്പെട്ടതല്ലാത്ത) ഒരു ഉദ്ഭവത്തിനും ദാതാവിന്റെയും സ്വീകർത്താവിന്റെയും മാഹാത്മ്യം പ്രകാശിതമാക്കുന്ന ജീവന്റെ ദാനം സ്വീകരിക്കാനുമുള്ള അവകാശമുണ്ട്. മാത്രമല്ല, മനുഷ്യവ്യക്തിയുടെ മാഹാത്മ്യം അംഗീകരിക്കുയെന്നാൽ, അത് അതിന്റെ ഓരോ അംശത്തിന്റെയും, പ്രത്യേകിച്ച് ദാമ്പത്യ സംയോജനത്തിന്റെയും മനുഷ്യസൃഷ്ടികർമത്തിന്റെയും, മാഹാത്മ്യം അംഗീകരിക്കുക എന്നതുമത്രേ. ഇങ്ങനെ നോക്കുമ്പോൾ, ഒരു കുഞ്ഞ് ഉണ്ടായിരിക്കുക എന്ന ന്യായമായ ആഗ്രഹത്തെ "ഒരു കുഞ്ഞ് ഉണ്ടായിരിക്കുക എന്ന അവകാശം" ആയി രൂപാന്തരപ്പെടുത്താനാവില്ല; കാരണം, അത് ജീവന്റെ ദാനത്തിന്റെ സ്വീകർത്താവ്

എന്ന നിലയിൽ ആ കുഞ്ഞിന്റെ മാഹാത്മ്യം ബഹുമാനിക്കുന്നതിൽ പരാജയപ്പെടുന്നു. [93]

50. വാടകഗർഭധാരണം സ്ത്രീയുടെ മാഹാത്മ്യത്തെയും ധ്വംസിക്കുന്നു; അതിനായി അവൾ നിർബന്ധിക്കപ്പെട്ടാലും അവൾതന്നെ സ്വതന്ത്രമായി അപ്രകാരം തീരുമാനിച്ചാലും. കാരണം, ഈ സമ്പ്രദായത്തിൽ തന്റെ ഉള്ളിൽ വളരുന്ന കുഞ്ഞിൽനിന്ന് അവൾ അകന്നിരിക്കുന്നു; അവൾ ബോധിച്ചതുപോലെയുള്ള ലാഭത്തിന്റെയോ മറ്റുള്ളവരുടെ ആഗ്രഹത്തിന്റെയോ കീഴിൽ അകപ്പെട്ട ഒരു ഉപകരണം മാത്രമായി മാറുന്നു. ഇക്കാര്യം ഓരോ മനുഷ്യവ്യക്തിയുടെയും മൗലികമായ മാഹാത്മ്യത്തിനും ഓരോ ആളും വ്യത്യസ്ത വ്യക്തിത്വമായി എപ്പോഴും അംഗീകരിക്കപ്പെടുന്നു എന്നതിനും ഒരിക്കലും ഒരാളും മറ്റൊരുടെയും ഉപകരണമായി കരുതപ്പെടാൻ പാടില്ല എന്നതിനും വിരുദ്ധമാണ്.

## ദയാവധവും തുണയ്ക്കപ്പെട്ട ആത്മഹത്യയും

51. ഏറെ പെട്ടെന്ന് വ്യാപകമാവുകയും എന്നാൽ വളരെ നിശ്ശബ്ദമായിരിക്കുകയും ചെയ്യുന്ന മനുഷ്യമാഹാത്മ്യത്തിന്റെ ഒരു പ്രത്യേകത ധ്വംസനമുണ്ട്. തീർത്തും അസാമാന്യമായ ഒന്നാണിത്, കാരണം, ഇത് മനുഷ്യമാഹാത്മ്യത്തെ സംബന്ധിച്ച തെറ്റായ ഒരു ധാരണ ഉപയോഗപ്പെടുത്തിക്കൊണ്ട് മാഹാത്മ്യം എന്ന ആശയത്തെ ജീവനെതിരായി ത്തന്നെ തിരിക്കുന്നു. ദയാവധം സംബന്ധിച്ച ചർച്ചകളിൽ ഇന്ന് ഈ കുഴമറിച്ചിൽ (confusion) സവിശേഷമാംവിധം വ്യക്തമാണ്. ഉദാഹരണത്തിന്, ദയാവധമോ തുണയ്ക്കപ്പെട്ട ആത്മഹത്യയോ അനുവദിക്കുന്ന നിയമങ്ങളെ ചിലപ്പോൾ വിളിക്കുന്നത് "മാഹാത്മ്യത്തോടെ മരിക്കാനുള്ള നിയമങ്ങൾ" ("death with dignity acts") എന്നാണ്. ഇക്കാരണത്താൽ, ദയാവധവും തുണയ്ക്കപ്പെട്ട ആത്മഹത്യയും മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തോടുള്ള ആദരത്തിന് ഒരുതരത്തിൽ ചേർന്നതാണ് എന്ന ധാരണ ഇന്ന് വളരെ വ്യാപകമായി പ്രചരിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. എന്നാൽ, ഇതിനുത്തരമായി ഒരു കാര്യം ശക്തമായി ആവർത്തിക്കപ്പെടണം, അതായത്, രോഗികളുടെ മാഹാത്മ്യം കുറയ്ക്കാൻ സഹനം ഇടവരുത്തുന്നില്ല; അവരുടെ മാഹാത്മ്യം നൈസർഗികവും അന്യാധീനപ്പെടുത്താനാവാത്തവിധത്തിലും അവരുടെ സ്വന്തമാണ്.

അതേസമയം, പരസ്പരം സ്വന്തമായി ഇരിക്കുന്നതിന്റെ ശൃംഖലകൾ ബലപ്പെടുത്താനുള്ള അവസരമായി സഹനത്തെ രൂപപ്പെടുത്താനാവും; അതുപോലെതന്നെ, ഓരോ വ്യക്തിയും മനുഷ്യകുടുംബത്തിനു മുഴുവനും അനർഘമായ മൂല്യമുള്ളതാണെന്നു മനസ്സിലാക്കാനുള്ള അവസരവുമാണത്.

52. ഗുരുതരവും ശമിക്കാത്ത രീതിയിലുള്ളതുമായ രോഗബാധിതരുടെ മാഹാത്മ്യം അവർക്ക് അനുയുക്തവും ആവശ്യമുള്ളതുമായ ചികിത്സ ലഭ്യമാക്കാൻ നമ്മെ ബാധ്യതപ്പെടുത്തുന്നു. അവരുടെ സഹനങ്ങൾ ലഘൂകരിക്കുന്നതിന് അനുയുക്തമായ ആശ്വാസദായക പരിചരണം (palliative care) നല്കുന്നതോടൊപ്പം അവർക്ക് താങ്ങാനാവാത്ത ചികിത്സാമുറകളും അനുയുക്തമല്ലാത്ത വൈദ്യശുശ്രൂഷാ പ്രക്രിയകളും ഒഴിവാക്കേണ്ടതുമാണ്. "രോഗിയുടെ ആവശ്യങ്ങളനുസരിച്ച് നിരന്തരം ഉത്തരവാദിത്വപൂർവം പ്രവർത്തിക്കുന്ന, അതായത് പരിചരണാവശ്യങ്ങളും വേദനനിവാരണവും സ്നേഹത്തിന്റെയും ആത്മീയതയുടെയും ആവശ്യങ്ങളും" [94] നിറവേറ്റിക്കൊടുക്കുന്ന സമീപനരീതിയാണിത്. എന്നാൽ, ഈ തരത്തിലുള്ള ശ്രമങ്ങൾ സഹനത്തിന്റെ ഭാരം വഹിക്കുന്ന തന്റെതന്നെയോ മറ്റൊരാളുടെയോ ജീവൻ അവസാനിപ്പിക്കാം എന്ന തീരുമാനത്തിൽനിന്ന് പൂർണമായും വിഭിന്നമാണ്; യഥാർഥത്തിൽ അതിനു കടകവിരുദ്ധംതന്നെയണ്. ദുഃഖത്തിന്റെ അവസ്ഥയിൽപ്പോലും, ഒരിക്കലും നഷ്ടപ്പെടാത്തതും വ്യവസ്ഥകളില്ലാതെ എപ്പോഴും ആദരം അർഹിക്കുന്നതും എന്നും ഉയർത്തിപ്പിടിക്കേണ്ടതുമായ മനുഷ്യജീവന്റേതായ ഒരു മാഹാത്മ്യമുണ്ട്. യഥാർഥത്തിൽ മനുഷ്യജീവന് അതിന്റെ മാഹാത്മ്യം നഷ്ടപ്പെടുകയോ തത്ഫലമായി അതിന് അറുതിവരുത്തുകയോ ചെയ്യേണ്ട സാഹചര്യങ്ങൾ ഒന്നും തന്നെയില്ല. "ജീവനെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും ഒരേ മൂല്യവും ഒരേ മാഹാത്മ്യവുമാണുള്ളത്: മറ്റുള്ള ആളിന്റെ ജീവനു നല്കുന്ന ആദരം തന്റെതന്നെ ജീവനു നല്കേണ്ട ആദരത്തിനു സമമാണ്." [95] അതിനാൽ, തന്റെ ജീവൻ എടുത്ത് ആത്മഹത്യയ്ക്ക് ഒരുങ്ങുന്ന ഒരാളെ, അയാൾ ആവശ്യപ്പെട്ടിട്ട് അയാളുടെ ആഗ്രഹം നിറവേറ്റുന്നതാണെങ്കിൽപ്പോലും, അയാളെ സഹായിക്കുക എന്നത് അതിനായി ആവശ്യപ്പെടുന്ന ആളിന്റെ മാഹാത്മ്യത്തിനെതിരായുള്ള വസ്തുനിഷ്ഠമായ തെറ്റായ പ്രവൃത്തിയായിരിക്കും: "മനുഷ്യരെ നമ്മൾ മരണംവരെ

അനുഗമനം ചെയ്യണം; അവരെ മരണത്തിനായി പ്രകോപിപ്പിക്കുകയോ ആത്മഹത്യയ്ക്കായി ഏതെങ്കിലും രീതിയിൽ സഹായിക്കുകയോ ചെയ്യരുത്. എല്ലാവർക്കും പരിചരണത്തിനും ചികിത്സയ്ക്കുമുള്ള അവകാശത്തിനാണ് എപ്പോഴും മുൻഗണന എന്ന് നാം സ്മരിക്കണം; അങ്ങനെയാണ് ഏറ്റവും ദുർബലരായവർ, ഏറെ പ്രത്യേകിച്ച് വൃദ്ധരും രോഗികളും, ഒരിക്കലും തിരസ്കരിക്കപ്പെട്ടവർ ആകാതിരിക്കുന്നത്. ജീവൻ ഒരവകാശമാണ്; മരണം അവകാശമല്ല; അതേസമയം, അത് സ്വാഗതം ചെയ്യപ്പെടേണ്ടതാണ്, എന്നാൽ നല്കപ്പെടേണ്ടതല്ല. ഈ ധാർമികതത്ത്വം, ക്രിസ്ത്യാനികളെയും വിശ്വാസികളെയും മാത്രമല്ല, എല്ലാവരെയും ബാധിക്കുന്നതാണ്." [96] മുകളിൽ സൂചിപ്പിച്ചതുപോലെ, ഓരോ വ്യക്തിയുടെയും മാഹാത്മ്യം, അത് എത്രമാത്രം ദുർബലവും സഹനത്താൽ പരിക്ഷീണിതവുമാണെങ്കിലും, നമ്മുടെ എല്ലാവരുടെയും മാഹാത്മ്യത്തോട് ചേരുന്നതാണ്.

## *വൈകല്യങ്ങളുള്ളവരുടെ പാർശ്വവൽകരണം*

53. ഒരു സമൂഹത്തിൽ അതീവ പ്രതികൂല അവസ്ഥയിൽ ആയിരിക്കുന്ന ഓരോ ആളിനെയും തുണയ്ക്കുന്നുണ്ടോ എന്നതാണ് ആ സമൂഹം ഓരോ വ്യക്തിയുടെയും മാഹാത്മ്യം നിലനിർത്തുന്നതിനായി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടോ എന്നതിന്റെ മാനദണ്ഡം. എന്നാൽ നമ്മുടെ കാലഘട്ടം അപ്രകാരമുള്ള കരുതൽ നല്കുന്നതല്ല എന്ന്



ഖേദപൂർവം പറയേണ്ടിയിരിക്കുന്നു. “ഒരു വലിച്ചെറിയൽ സംസ്കാരം” നമ്മെ വർധിതമായി ബാധിച്ചുകൊണ്ടിരിക്കുന്നു. [97] ഈ പ്രവണത പ്രതിരോധിക്കാൻ ശാരീരികമായും മാനസികമായും പരിമിതികൾ അനുഭവിക്കുന്നവരോട് പ്രത്യേക ശ്രദ്ധയും താത്പര്യവും പുലർത്തേണ്ടിയിരിക്കുന്നു. അതീവ വ്രണിതപൂർവകമായ (vulnerable) ഈ അവസ്ഥകൾ [98]–സുവിശേഷങ്ങളിൽ പലപ്പോഴും പ്രബലമായി കണ്ടുവരുന്നത് - മനുഷ്യവ്യക്തി ആയിരിക്കുക എന്നാൽ എന്ത് എന്നതരത്തിലുള്ള സർവത്രിക ചോദ്യങ്ങൾ ഉന്നയിക്കാൻ ഇടവരുത്തുന്നു, ഏറെ പ്രത്യേകിച്ച് തീവ്ര ബലഹീനതകളുടെയും വൈകല്യങ്ങളുടെയും സാഹചര്യങ്ങളിൽ. മാനുഷികമായ അപൂർണത എന്ന പ്രശ്നം വ്യക്തമായും സാമൂഹിക–സംസ്കാരിക കുരുക്കുകൾ ഉൾക്കൊള്ളുന്നു; കാരണം, ചില സംസ്കാരങ്ങൾ വൈകല്യങ്ങളുള്ള വ്യക്തികളെ പാർശ്വവൽകരിക്കുകയോ ചിലപ്പോൾ ഞെരുക്കുകതന്നെയോ ചെയ്തെന്നുവരാം; അവരെ അവർ “തിരസ്കൃതർ” (“rejects”) ആയി പരിഗണിക്കുന്നു. എന്നാൽ സത്യത്തിൽ ഓരോ മനുഷ്യവ്യക്തിയും, അവരുടെ വ്രണിതാവസ്ഥകൾക്ക് ഉപരി, അവനും അവളും ദൈവത്താൽ ഇച്ഛിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നു എന്ന ഒറ്റക്കാരണത്താൽ തന്റെ മാഹാത്മ്യം സ്വീകരിക്കുന്നു. അക്കാരണത്താൽ, ബലഹീനതകളാലും വൈകല്യങ്ങളാലും പരിക്ഷീണിതരായവരെ സമൂഹത്തിന്റെയും സഭയുടെയും ജീവിതത്തിൽ ഉൾച്ചേർക്കാനും അവർക്കു സജീവപങ്കാളിത്തത്തിന്റെ അനുഭവം ലഭ്യമാക്കാനും എല്ലാ ശ്രമങ്ങളും നടത്തേണ്ടതാണ്. [99]

54. കൂടുതൽ വിശാലമായ കാഴ്ചപ്പാടിൽ ചില കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്: “രാഷ്ട്രീയത്തിന്റെ ആത്മീയഹൃദയമാകുന്ന ഈ സ്നേഹം എപ്പോഴും ഏറ്റവും കൂടുതൽ ആവശ്യത്തിൽപ്പെട്ടവരോടു കാണിക്കുന്ന മുൻഗണനപരമായ സ്നേഹമാണ്; നാം അവർക്കുവേണ്ടി ചെയ്യുന്ന ഏതു കാര്യത്തെയും അത് പിന്തുണയ്ക്കുന്നു. [...] ‘ഒരു “വലിച്ചെറിയൽ സംസ്കാര”ത്തിലേക്ക് കൂസലില്ലാതെ നയിക്കുന്ന കാര്യമാത്രാത്മകവാദവും (functionalistic) സ്വകാര്യവത്കൃതമായ മനസ്ഥിതിയുടെയുമിടയിൽ ആവശ്യത്തിൽപ്പെട്ടവരിലേക്ക് നീങ്ങുന്നതിന് ശക്തിയും മൃദുലതയും പരിശ്രമവും ഉദാരതയും ആവശ്യമാണ് [...]. കടുത്ത പാർശ്വവൽകരണത്തിന്റെയും മനോവേദനയുടെയും സാഹചര്യങ്ങൾ

നിലനില്ക്കുന്ന ഇക്കാലഘട്ടത്തിൽ, ഉത്തരവാദിത്വം ഏറ്റെടുക്കുകയും അതിനുമേൽ മാഹാത്മ്യം പകരാൻ പ്രാപ്തിനേടുകയും ചെയ്യുക എന്നത് ഇതിൽ ഉൾച്ചേർന്നിരിക്കുന്നു.' 'മനുഷ്യവ്യക്തിയുടെ പദവിയും മാഹാത്മ്യവും സംരക്ഷിക്കാൻ എല്ലാം ചെയ്യുന്നുണ്ട്' എന്ന് ഉറപ്പുവരുത്താൻ കഠിന പരിശ്രമങ്ങൾ ചെയ്യുന്നതിന് അതു പ്രേരണ നല്കുകയും ചെയ്യും." [100]

## *ലിംഗസിദ്ധാന്തം* (Gender Theory)

55. പ്രഥമമായി സഭ ആഗ്രഹിക്കുന്ന കാര്യം, "ലൈംഗിക ആഭിമുഖ്യം എന്തെന്ന് കണക്കിലെടുക്കാതെതന്നെ ഓരോ വ്യക്തിയും, അവന്റെയും അവളുടെയും മാഹാത്മ്യത്തിനൊത്തവിധം, ബഹുമാനിക്കപ്പെടുകയും പരിഗണിക്കപ്പെടുകയും വേണം; അന്യായമായ വിവേചനത്തിന്റേതായ എല്ലാ അടയാളങ്ങളും, പ്രത്യേകിച്ച് കൈയേറ്റത്തിന്റെയും ആക്രമണത്തിന്റെയും സ്വഭാവമുള്ളവ, ഒഴിവാക്കപ്പെടണം." [101] അക്കാരണത്താൽ, തങ്ങളുടെ ലൈംഗിക ആഭിമുഖ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ചില സ്ഥലങ്ങളിൽ വളരെപ്പേർ തടവിലാക്കപ്പെട്ടിരിക്കുന്നതും മർദിക്കപ്പെട്ടിരിക്കുന്നതും, എന്നല്ല സ്വൈരജീവിതത്തിനുള്ള എല്ലാ സാധ്യതകളും നിഷേധിക്കപ്പെട്ടിരിക്കുന്നതുമായ സാഹചര്യങ്ങൾ നിലനില്ക്കുന്നത്, മാനുഷികമാഹാത്മ്യത്തിനു വിരുദ്ധമാണെന്നവിധം അപലപിക്കപ്പെടേണ്ടതാണ്.

56. അതേസമയം, നിശ്ചയമായും ലിംഗസിദ്ധാന്തത്തിൽ അന്തർലീനമായിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ സഭ ചൂണ്ടിക്കാണിക്കുന്നു. ഇക്കാര്യത്തിൽ ഫ്രാൻസിസ് പാപ്പാ ഇപ്രകാരം നമ്മെ അനുസ്മരിപ്പിച്ചിട്ടുണ്ട്: "സമാധാനത്തിന്റെ പാത മനുഷ്യാവകാശങ്ങൾ ആദരിക്കപ്പെടുന്നതിനായി നമ്മെ ക്ഷണിക്കുന്നു; മനുഷ്യാവകാശങ്ങളാകട്ടെ, വളരെ ലളിതവും വ്യക്തവുമായ രീതിയിൽ *മനുഷ്യാവകാശങ്ങൾക്കായുള്ള സാർവത്രിക പ്രഖ്യാപനത്തിൽ* (Universal Declaration of Human Rights) അവതരിപ്പിക്കപ്പെട്ടിരിക്കുന്നു; അതിന്റെ എഴുപത്തഞ്ചാം വാർഷികം നാം ഈ അടുത്തകാലത്ത് ആചരിച്ചതാണല്ലോ. ഈ തത്ത്വങ്ങൾ അവയിൽത്തന്നെ വ്യക്തവും പൊതുവായി സ്വീകരിക്കപ്പെട്ടിട്ടുള്ളവയുമാണ്. എന്നാൽ ഖേദകരം എന്നുതന്നെ പറയട്ടെ, ഈ അടുത്തകാലത്ത് അവയോടൊപ്പം പുതിയ അവകാശങ്ങൾ ചേർക്കാ

നുള്ള ശ്രമങ്ങൾ നടക്കുകയുണ്ടായി. എന്നാൽ, അപ്രകാരമുള്ളവ ആരംഭത്തിൽ നിർവചിച്ചിട്ടുള്ളവയുമായി പൊരുത്തപ്പെട്ടുപോകുന്നവയോ എല്ലായ്പ്പോഴും സ്വീകാര്യമായവയോ അല്ല. അത് പ്രത്യയശാസ്ത്രപരമായ കോളനിവൽകരണത്തിന് ഇടവരുത്തുകയും ചെയ്തിട്ടുണ്ട്; ഈ ചിന്തയിൽ ലൈംഗികസിദ്ധാന്തം വളരെ പ്രധാനപ്പെട്ട ഭാഗമാണ് നിർവഹിച്ചത്; ഇത് ഏറെ അപകടകരമായ ഒന്നാണ്, കാരണം, എല്ലാവരെയും തുല്യരായി കാണുന്നു എന്ന അവകാശത്തിൻമേൽ എല്ലാത്തരം വ്യത്യസ്തതകളെയും നിരാകരിക്കുന്ന തരത്തിലുള്ള വലിയ അപകടത്തിലേക്ക് അത് നയിക്കുന്നു." [102]

57. ലിംഗസിദ്ധാന്തത്തിലെ ശാസ്ത്രീയമായ പൊരുത്തം സംബന്ധിച്ച് വിദഗ്ധരുടെ ഇടയിൽ ശക്തമായ സംവാദം നിലനില്ക്കേ, മനുഷ്യജീവൻ അതിന്റെ എല്ലാ തലങ്ങളിലും, ഭൗതികവും ആത്മീയവുമായ തലങ്ങളിൽ, അതിനെ ദൈവത്തിൽനിന്നുള്ള ഒരു ദാനമായാണ് സഭ കണക്കാക്കുന്നത്. ഈ ദാനം കൃതജ്ഞതാപൂർവം സ്വീകരിക്കപ്പെടുകയും നന്മയുടെ ശുശ്രൂഷയ്ക്കായി സമർപ്പിക്കപ്പെടുകയും ചെയ്യേണ്ടതാണ്. ലിംഗസിദ്ധാന്തം അനുശാസിക്കുന്ന വിധത്തിൽ, വ്യക്തിപരമായ ഒരു സ്വയം നിർണയത്തിന് (self determination) ആഗ്രഹിക്കുമ്പോൾ, മനുഷ്യജീവിതം ഒരു ദാനമാണെന്ന മൗലികസത്യം അവഗണിച്ചുകൊണ്ട്, സ്വയം ദൈവമാക്കാനുള്ള ആ പുരാതന പ്രലോഭനത്തിനു വഴങ്ങുന്നതിനു തുല്യമാണ്; അത് സുവിശേഷത്തിൽ നമുക്ക് വെളിപ്പെടുത്തപ്പെട്ടിട്ടുള്ള യഥാർഥസ്നേഹത്തിന്റെ ദൈവവുമായി ഒരു മത്സരത്തിൽ ഏർപ്പെടുന്നതിനും തുല്യമാണ്.

58. ലിംഗസിദ്ധാന്തത്തിന്റെ മറ്റൊരു മുഖ്യമായ വശം അത് ജീവികൾ തമ്മിൽ നിലനില്ക്കുന്ന ഏറ്റവും അടിസ്ഥാനപരമായ വ്യത്യാസം നിഷേധിക്കാൻ താല്പര്യപ്പെടുന്നു എന്നതാണ്; അതായത്, ലിംഗപരമായ വ്യത്യാസം. ഈ അടിസ്ഥാനപരമായ വ്യത്യാസം ചിന്തിക്കാവുന്നതിൽവച്ച് ഏറ്റവും വലിയ വ്യത്യാസം ആയിരിക്കുമ്പോൾതന്നെ അത് വ്യത്യാസങ്ങളിൽ അതീവ സുന്ദരവും അതീവ ശക്തവുമായ ഒന്നാണുതാനും. സ്ത്രീ-പുരുഷജോടിയിൽ, ഈ വ്യത്യാസത്തിന്റെ അതിവിസ്മയകരമായ പരസ്പരധർമത്തിന്റെ രൂപം സാക്ഷാത്കരിക്കപ്പെടുന്നു. അപ്പോൾ അത് നമ്മെ നിരന്തരം വിസ്മയിപ്പിക്കുന്ന അദ്ഭുതത്തിന്റെ

ഉറവിടമായി മാറുന്നു; അതായത്, ഈ ലോകത്തിലേക്ക് ഒരു പുതിയ വ്യക്തിയുടെ വരവിന് അത് കാരണമാകുന്നു.

59. ഈ അർഥത്തിൽ, ലിംഗസിദ്ധാന്തത്തിന്റെ പ്രചാരണത്തിന് ഉപയോഗപ്പെടുത്താനായി മുന്നോട്ടുവയ്ക്കുന്ന പുതിയ അവകാശവാദങ്ങളുടെ പശ്ചാത്തലത്തിൽ, ഓരോ ആളിനും തന്റെയും മറ്റുള്ളവരുടെയും ശരീരത്തെക്കുറിച്ചുള്ള ആദരം നിർണായകമാണ്. ഈ പ്രത്യയശാസ്ത്രം "ലൈംഗിക വ്യത്യാസങ്ങൾ ഇല്ലാത്ത ഒരു സമൂഹത്തെ സങ്കല്പിക്കുകയും അങ്ങനെ കുടുംബത്തിന്റെ നരവംശ ശാസ്ത്രപരമായ അടിസ്ഥാനം ഒഴിവാക്കുകയും ചെയ്യുന്നു." [103] ആകയാൽ, ചില കാര്യങ്ങൾ അസ്വീകാര്യങ്ങളായി ഭവിക്കുന്നു. അതായത്, "ഇത്തരത്തിലുള്ള ചില പ്രത്യയശാസ്ത്രങ്ങൾ, ചിലപ്പോഴെങ്കിലും മനസ്സിലാക്കാവുന്ന തരത്തിലുള്ള അഭിലാഷങ്ങളോട് പ്രത്യുത്തരിക്കാൻ ശ്രമിക്കുമ്പോൾത്തന്നെ, അവ തികച്ചും സംശയരഹിതവും ചോദ്യംചെയ്യപ്പെടാനാവാത്തതും ആണെന്ന തരത്തിൽ അസന്ദിഗ്ധമായി പറയുകയും ചെയ്യുന്നതോടൊപ്പം കുട്ടികളെ വളർത്തുന്നത് എങ്ങനെയായിരിക്കണം എന്നുപോലും നിഷ്കർഷിക്കുന്നു. എന്നാൽ ഒരു കാര്യം ഉറപ്പിച്ചു പറയേണ്ടിയിരിക്കുന്നു, 'ജീവശാസ്ത്രപരമായ ലൈംഗികതയും (biological sex) സാമൂഹിക-സാംസ്കാരികതലത്തിലുള്ള ലൈംഗികതയുടെ പങ്കും (socio-cultural role of sex) തമ്മിൽ വേർതിരിച്ചറിയാനാകും, എന്നാൽ അവ വേർപെടുത്താനാവില്ല.'" [104] ആകയാൽ, പുരുഷനും സ്ത്രീയും തമ്മിലുള്ള ഒഴിവാക്കാനാവാത്ത ലൈംഗിക വ്യത്യാസം സംബന്ധിച്ച പരാമർശം തമസ്കരിക്കാനുള്ള എല്ലാ ശ്രമങ്ങളും നിരസിക്കേണ്ടതാണ്: "ദൈവത്തിന്റെ സൃഷ്ടിയുടെ പ്രവർത്തനത്തിൽനിന്ന് നമുക്ക് പുരുഷത്വവും സ്ത്രീത്വവും വേർപെടുത്താനാവില്ല; അത് നമ്മുടെ തീരുമാനങ്ങൾക്കും അനുഭവങ്ങൾക്കും മുമ്പായി നില്ക്കുന്നതാണ്; ജീവശാസ്ത്രപരമായ വശങ്ങൾ അവിടെ സന്നിഹിതമായിരിക്കുന്നത് നിരാകരിക്കാൻ സാധ്യമായ ഒന്നല്ല." [105] പരസ്പരധർമത്തിന്റെ ഭാഗമായി, ഈ വ്യത്യാസം അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുകവഴിയായി മാത്രമേ ഓരോ വ്യക്തിക്കും സ്വയം പൂർണമായി കണ്ടെത്താനും അവരവരുടെ മാഹാത്മ്യവും അവരവരുടെ സ്വത്വവും തിരിച്ചറിയാനും സാധിക്കുകയുള്ളൂ.

## *ലിംഗമാറ്റം* (Sex Change)

60. ശരീരത്തിന്റെ മാഹാത്മ്യം വ്യക്തിയുടേതിൽനിന്ന് കുറച്ചു കാണാൻ പാടില്ല. *കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം* (*Catechism of the Catholic Church*) "മനുഷ്യശരീരം 'ദൈവത്തിന്റെ ഛായയുടെ' മാഹാത്മ്യത്തിൽ പങ്കുചേരുന്നു" [106] എന്ന കാര്യം അംഗീകരിക്കാൻ നമ്മെ പ്രകടമായി ക്ഷണിക്കുന്നു. ലിംഗമാറ്റത്തിന്റെ കാര്യം വരുമ്പോൾ, സവിശേഷമായി ഈ സത്യം സ്മരിക്കേണ്ടിയിരിക്കുന്നു; കാരണം, മനുഷ്യർ അഭേദ്യമാംവിധം ശരീരവും ആത്മാവുമായി ചിട്ടപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇതിൽ, ആത്മാവിന്റെ ആന്തരികത അതിൽത്തന്നെ വിരചിതമാകുന്നതിനും പ്രകാശിതമാകുന്നതിനുമുള്ള സജീവമായ സ്ഥിതിവിശേഷമായി ശരീരം നിലകൊള്ളുന്നു; അപ്രകാരംതന്നെയാണ് മാനുഷികബന്ധങ്ങളുടെ ശൃംഖലകളിലും അത് വർത്തിക്കുന്നത്. വ്യക്തിയുടെ ഉണ്മ രൂപവത്കരിച്ചുകൊണ്ട്, ഓരോ വ്യക്തിയെയും പ്രതിഫലിപ്പിക്കുന്ന മാഹാത്മ്യത്തിൽ ആത്മാവും ശരീരവും പങ്കുചേരുന്നു. [107] മാത്രമല്ല, ശരീരം, സവിശേഷമായി ലിംഗപരമായി വ്യവസ്ഥചെയ്തിരിക്കുന്ന സാഹചര്യത്തിൽ, വൈയക്തികമായ അർഥങ്ങളാൽ അലംകൃതമായി പ്രസ്തുത മാഹാത്മ്യത്തിൽ പങ്കുചേരുന്നു. [108)] ഒരു വ്യക്തി അവനും അവളുമായി മറ്റുള്ളവരാൽ ജനിപ്പിക്കപ്പെട്ട ആളാണെന്ന് മനസ്സിലാക്കുന്നത് ശരീരത്തിലൂടെയാണ്; തങ്ങളുടെ ശരീരങ്ങൾവഴിയാണ് സ്ത്രീപുരുഷന്മാർക്ക് മറ്റു വ്യക്തികളെ ജനിപ്പിക്കത്തക്കവിധത്തിലുള്ള സ്നേഹപൂർവകമായ ഒരു ബന്ധം സംസ്ഥാപിക്കാൻ സാധിക്കുന്നതും. മനുഷ്യവ്യക്തിയെ സംബന്ധിച്ച സ്വാഭാവികക്രമം ആദരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഫ്രാൻസിസ് പാപ്പാ ഇപ്രകാരം ഉറപ്പിച്ചുപറയുകയുണ്ടായി: "സൃഷ്ടി നമുക്കുമുമ്പ് ഉണ്ടായതാണ്; അതിനെ ഒരു ദാനമായി സ്വീകരിക്കേണ്ടതാണ്. അതേസമയം, നമ്മുടെ മാനുഷികത സംരക്ഷിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു; അതിന്റെ അർഥം, ഒന്നാമതായി, അതിനെ സ്വീകരിക്കുകയും അതിനെ സൃഷ്ടിക്കപ്പെട്ട രീതിയിൽ ആദരിക്കുകയും ചെയ്യുക എന്നതാണ്." [109] അപ്രകാരമാണെങ്കിൽ, ലിംഗമാറ്റത്തിനായുള്ള ഏതുതരം ശസ്ത്രക്രിയയും, യഥാർഥത്തിൽ വ്യക്തിക്ക് ഉദരത്തിൽ ഉരുവാക്കപ്പെട്ട നേരംമുതൽ ലഭ്യമായ അനിതരസാധാരണമായ മാഹാത്മ്യം അപകടപ്പെടുത്തുന്ന ഭീഷണി ഉയർത്തുന്നു എന്നത്രേ.

എന്നാൽ ജന്മനാ തന്നെയോ പിന്നീടോ ലൈംഗികമായി ക്രമരഹിതമായ പ്രശ്നങ്ങൾ ഉള്ളവർക്ക് പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ ആരോഗ്യ പരിപാലനപ്രവർത്തകരുടെ സഹായം തേടുന്നത് ഇവിടെ ഒഴിവാക്കുന്നില്ല. ഈ സാഹചര്യത്തിൽ നടത്തപ്പെടുന്ന വൈദ്യശാസ്ത്രപ്രക്രിയകൾ ഇവിടെ ഉദ്ദേശിക്കുന്നതരത്തിലുള്ള ലിംഗമാറ്റത്തിനു വഴിതെളിക്കുന്നതായിരിക്കുകയില്ല.

## *വിവരവിതരണ സംബന്ധമായ അതിക്രമം* (*Digital Violence*)

61. മനുഷ്യമാഹാത്മ്യത്തിന്റെ വിവിധങ്ങളായ സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവരവിതരണ സാങ്കേതിക വിദ്യകളുടെ (digital technologies) പുരോഗതി സഹായകമാണെങ്കിലും, അത് വർധിതമാം വിധം ചൂഷണവും ഒഴിവാക്കലും ഹിംസയും വളരുന്ന ഒരു ലോകം സൃഷ്ടിക്കുന്നതിനും കാരണമാകുന്നു; മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തെപ്പോലും ഹനിക്കത്തക്കരീതിയിൽ അത് ആയിത്തീരുന്നു. ഉദാഹരണത്തിന്, ഇവയുടെ സഹായത്തോടെ അവാസ്തവമായ വാർത്തയും (fake news) ദുരാരോപണവും വഴിയായി ഒരു വ്യക്തിയുടെ സൽപേര് കളങ്കിതമാക്കാൻ സാധിക്കുന്നത് എത്ര എളുപ്പമാണ്! ഇക്കാര്യത്തിൽ ഫ്രാൻസിസ് പാപ്പാ പറയുന്നു: “ആശയ വിനിമയത്തെ



കേവലം വെർച്വൽ സമ്പർക്കവുമായി (virtual contact) കൂട്ടിക്കുഴയ്ക്കുന്നത് ശരിയല്ല. യഥാർഥത്തിൽ, 'ഡിജിറ്റൽ പരിസരം (digital environment) ഏകാന്തതയുടെയും കൃത്രിമംകാട്ടലിന്റെയും ചൂഷണത്തിന്റെയും അക്രമത്തിന്റെയും അങ്ങേയറ്റം "ഇരുണ്ടവല" (dark web) യുടെയും പോലും ഒന്നാണ്. യഥാർഥമായ വ്യക്ത്യന്തര ബന്ധങ്ങളുടെ വികസനം തടഞ്ഞുകൊണ്ട്, ആസക്തി, ഒറ്റപ്പെടൽ, മൂർത്ത യാഥാർഥ്യവുമായുള്ള ബന്ധത്തിന്റെ ക്രമേണയുള്ള ശോഷണം എന്നീ അപകടങ്ങൾക്കു ആളുകളെ വിധേയരാക്കാൻ ഡിജിറ്റൽ മീഡിയായ്ക്ക് കഴിയും. സാമൂഹിക മാധ്യമങ്ങളിലൂടെ അക്രമത്തിന്റെ പുതിയ രൂപങ്ങൾ വ്യാപിക്കുകയാണ്. അതിന്റെ ഉദാഹരണമാണ് സൈബർ ബുള്ളിയിങ്. ഇന്റർനെറ്റ് അശ്ലീലസാഹിത്യപ്രചാരണത്തിനും ലൈംഗികലക്ഷ്യങ്ങൾക്കായോ ചൂതുകളിയിലൂടെയോ വ്യക്തികളെ ചൂഷണം ചെയ്യുന്നതിനും വേണ്ടിയുള്ള ഒരു ചാനലായി മാറ്റപ്പെടുന്നു.'" [110] ഈ രീതിയിൽ, വൈരുധ്യാത്മകം എന്നു പറയാം, ഈ രംഗത്ത് പരസ്പരം ബന്ധപ്പെടാനുള്ള അവസരങ്ങൾ എത്രമാത്രം വർധിക്കുന്നുവോ അതിലേറെ വ്യക്ത്യന്തര ബന്ധങ്ങളിൽ മനുഷ്യർ ഒറ്റപ്പെട്ടവരും ദരിദ്രരും ആയി ഭവിക്കുന്നു: "എല്ലാ കാര്യങ്ങളും തുറന്നുകാണിക്കാൻ ഡിജിറ്റൽ ആശയസമ്പർക്കം താത്പര്യപ്പെടുന്നു. അങ്ങനെ ആളുകളുടെ ജീവിതം സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമാക്കുകയും നഗ്നമാക്കപ്പെടുകയും പൂർണമായ വിവരം കൂടാതെ നിരന്തരസംസാര വിഷയമാക്കപ്പെടുകയും ചെയ്യുന്നു; ആരാണിതു ചെയ്യുന്നതെന്ന് വ്യക്തമാക്കപ്പെടുകയുമില്ല. മറ്റുള്ളവരോടുള്ള ബഹുമാനം ശിഥിലമാക്കപ്പെടുന്നു; മറ്റുള്ളവരെ നാം തള്ളിക്കളയുകയും അവഗണിക്കുകയും അകലെ നിറുത്തുകയും ചെയ്യുമ്പോൾത്തന്നെ അവരുടെ ജീവിതത്തിന്റെ ഓരോ വിശദാംശത്തിലേക്കും നാണമില്ലാതെ ഒളിഞ്ഞുനോക്കാൻ തയ്യാറാകുന്നു." [111] ഇത്തരത്തിലുള്ള പ്രവണതകൾ ഡിജിറ്റൽ പുരോഗതിയുടെ ഇരുണ്ട വശമാണ് വെളിവാക്കുന്നത്.

62. ഈ കാഴ്ചപ്പാടിൽ, സാങ്കേതികവിദ്യ മനുഷ്യമാഹാത്മ്യത്തെ ഹനിക്കുകയല്ല ശുശ്രൂഷിക്കുകയാണ് ചെയ്യേണ്ടതെങ്കിൽ, അക്രമമല്ല സമാധാനമാണ് പ്രോത്സാഹിപ്പിക്കേണ്ടതെങ്കിൽ, മനുഷ്യസമൂഹം പരപ്രേരണകൂടാതെ മുൻകൈയെടുത്ത് ഈ പ്രവണതകൾ മനുഷ്യ

മാഹാത്മ്യത്തിനും നന്മയുടെ പ്രോത്സാഹനത്തിനുംവേണ്ടി ഉപയോഗപ്പെടുത്തണം. "ആഗോളവത്കൃതമായ ഇന്നത്തെ ലോകത്ത് 'പരസ്പരം കൂടുതൽ അടുപ്പമുള്ളവരായിത്തോന്നാൻ സഹായിക്കുന്നതിന്, മനുഷ്യകുടുംബത്തിന്റെ ഐക്യത്തെക്കുറിച്ചുള്ള ബോധം സൃഷ്ടിച്ചുകൊണ്ട് സഹായിക്കുന്നതിന് മീഡിയായ്ക്കു കഴിയും. ആ ഐക്യബോധം എല്ലാവർക്കും കൂടുതൽ മാഹാത്മ്യമുള്ള ജീവിതം ഉറപ്പുവരുത്താൻ ഐക്യദാർഢ്യത്തെയും ഗൗരവപൂർണമായ പരിശ്രമങ്ങളെയും പ്രചോദിപ്പിക്കും. [...] മാനുഷിക വാർത്താവിനിമയത്തിന്റെ നെറ്റ്‌വർക്കുകൾ അപൂർവ മുന്നേറ്റങ്ങൾ നടത്തിയിരിക്കുകയാൽ ഇക്കാലത്ത് പ്രത്യേകിച്ച്, ഇക്കാര്യത്തിൽ നമ്മെ വലിയതോതിൽ സഹായിക്കാൻ മീഡിയായ്ക്കു കഴിയും. പ്രത്യേകിച്ച്, ഇന്റർനെറ്റ് കണ്ടുമുട്ടലിനും ഐക്യദാർഢ്യത്തിനുമുള്ള അനന്ത സാധ്യതകൾ നല്കുന്നു. ഇത് സത്യത്തിൽ നല്ലൊരു കാര്യമാണ്; ദൈവത്തിൽ നിന്നുള്ള ഒരു ദാനമാണ്.' അതിനാൽ, ചില കാര്യങ്ങൾ നാം ഉറപ്പുവരുത്തേണ്ടതുണ്ട്; അതായത്, വാർത്താവിനിമയത്തിന്റെ ഇന്നത്തെ രൂപങ്ങൾ യഥാർഥത്തിൽ ഉദാരതയോടെ മറ്റുള്ളവരെ കണ്ടുമുട്ടാനും മുഴുവൻ സത്യത്തെയും നിസ്വാർഥമായി അന്വേഷിക്കാനും ശുശ്രൂഷ ചെയ്യാനും ആനുകൂല്യങ്ങൾ ഇല്ലാത്തവരുടെ പക്കലേക്ക് അടുപ്പിക്കാനും പൊതുനന്മ വളർത്താനുമായി നമ്മെ നയിക്കുന്നതാകണം." [112]

## ഉപസംഹാരം

63. *ആഗോള മനുഷ്യാവകാശ പ്രഖ്യാപനം* (*Universal Declaration of Human Rights*) (1948) നിലവിൽ വന്നതിന്റെ 75-ാം വാർഷികം ആഘോഷിച്ചവേളയിൽ, രേഖയെക്കുറിച്ച് ഇപ്രകാരം ഫ്രാൻസിസ് പാപ്പാ പറഞ്ഞു: "ഇത് ഭാവിപരിപാടികളെക്കുറിച്ചുള്ള ഒരു പദ്ധതിരേഖയാണ് (master plan); ഇതിൽനിന്നു ധാരാളം ചുവടുവയ്പ്പുകൾ നടത്തിയിട്ടുണ്ട്; ഇനിയും മറ്റനേകം നടത്താനുണ്ട്; ഇതിൽനിന്നു ചിലപ്പോൾ ദൗർഭാഗ്യകരമാംവിധം പിന്നാക്കം പോയിട്ടുമുണ്ട്. മനുഷ്യാവകാശങ്ങൾക്കായുള്ള പ്രതിജ്ഞാബദ്ധത ഒരിക്കലും അവസാനിക്കുന്നില്ല! ഇക്കാര്യത്തിൽ, നിത്യേനയുള്ള സാധാരണ ജീവിതക്രമത്തിൽ കണക്കിലെടുക്കപ്പെടാത്തവരുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതുവഴിയായി കാര്യമായ പ്രത്യക്ഷപ്രദർശനമൊന്നും കൂടാതെ വ്യക്തിപരമായി വിലകൊടുക്കുന്ന ആളുകളുടെ ചാരേ ഞാനുമുണ്ട്." [113]

64. ഈ ചൈതന്യത്തിൽ, ഈ പ്രഖ്യാപനംവഴിയായി, സഭ അടിയന്തര മായി ഒരു കാര്യം വ്യക്തമാക്കുന്നു: *എല്ലാ സാഹചര്യങ്ങൾക്കും ഉപരിയായി മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തോടുള്ള ആദരം സഭ പ്രതിഷ്ഠിക്കുന്നു*; പൊതുനന്മയ്ക്കായുള്ള പ്രതിജ്ഞാബദ്ധതയുടെ കേന്ദ്രസ്ഥാനത്തും അതോടൊപ്പം ഏതു നൈയാമിക വ്യവസ്ഥയുടെ കേന്ദ്രസ്ഥാനത്തും അതിനെ പ്രതിഷ്ഠിക്കുന്നു. യഥാർഥത്തിൽ, അധികാരത്തിന്റെ ശക്തിക്കുപരി ന്യായമായ നിയമത്തിൽ അടിസ്ഥാന പ്പെടുത്തിയിരിക്കുന്നു എന്ന് അവകാശപ്പെടുന്ന ഏതു സമൂഹത്തി ന്റെയും അസ്തിത്വത്തിന്റെ ഒഴിച്ചുകൂടാനാവാത്ത അടിത്തറ ഓരോ മനുഷ്യവ്യക്തിയുടെയും മാഹാത്മ്യത്തോടുള്ള ആദരമാണ്. മാനു ഷികമാഹാത്മ്യം അംഗീകരിക്കുന്നതാണ് മൗലിക മനുഷ്യാവകാശ ങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന്റെ ആധാരമായിരിക്കുന്നത്; അതാണ് എല്ലാത്തരം സാമൂഹികസഹവർത്തിത്വത്തിന്റെയും മുമ്പിൽ നില്ക്കു ന്നതും അടിസ്ഥാനമായിരിക്കുന്നതും. [114]

65. മനുഷ്യമാഹാത്മ്യത്തിന്റെ മൂർത്തവും സത്യവുമായ സാക്ഷാത്കാര ത്തിന് ഓരോ വ്യക്തിയും ഓരോ മനുഷ്യസമൂഹവും ഉത്തരവാദിത്വം പേറുന്നു. അതോടൊപ്പം, മനുഷ്യമാഹാത്മ്യം സംരക്ഷിക്കാൻ ഓരോ രാജ്യവും കടപ്പെട്ടിരിക്കുന്നു; എന്നു മാത്രമല്ല, സമഗ്രമനുഷ്യവ്യക്തി ത്വത്തിന്റെ വികാസത്തിനുവേണ്ട എല്ലാത്തരം സാഹചര്യങ്ങളും ഉറപ്പു വരുത്താനും രാഷ്ട്രങ്ങൾക്കു കടമയുണ്ട്: "രാഷ്ട്രീയ പ്രവർത്തനത്തിൽ ഒരു കാര്യം നാം ഓർക്കണം. 'അതായത്, എങ്ങനെ കാണപ്പെടുന്നു എന്നതിനപ്പുറത്ത്, ഓരോ വ്യക്തിയും അളവറ്റ വിശുദ്ധിയുള്ളയാളും അങ്ങനെ നമ്മുടെ സ്നേഹവും സമർപ്പണവും അർഹിക്കുന്നയാളു മാണ്.'" [115]

66. ഇന്നും, മനുഷ്യമാഹാത്മ്യം വിവിധങ്ങളായവിധത്തിൽ ധ്വംസിക്ക പ്പെടുന്നതുവഴി മനുഷ്യകുടുംബത്തിന്റെ ഭാവിക്ക് ഗൗരവതരമാംവിധം ഭീഷണി ഉയർത്തപ്പെടുമ്പോൾ വേളയിൽ, സഭ ഓരോ മനുഷ്യവ്യക്തി യുടെയും മാഹാത്മ്യം പ്രോത്സാഹിപ്പിക്കപ്പെടാൻ താത്പര്യപ്പെടുന്നു; അത് ആളുകളുടെ ശാരീരികവും മാനസികവും മതപരവുമായ സവി ശേഷതകൾക്കും ഉപരിനിന്നുകൊണ്ടാണ്. പ്രത്യാശാപൂർവമാണ് സഭ ഇപ്രകാരം വർത്തിക്കുന്നത്; ഉത്ഥിതനായ ക്രിസ്തുവിൽനിന്നു പ്രവഹിക്കുന്ന ശക്തിയിൽ അടിസ്ഥാനപ്പെടുത്തിയാണ് അവൾ ഇതു

ചെയ്യുന്നത്; കാരണം, അവിടന്ന് ഓരോ സ്ത്രീയുടെയും പുരുഷന്റെയും സമഗ്രമായ മാഹാത്മ്യം പൂർണമായി വെളിപ്പെടുത്തുകയുണ്ടായി. ഈ സുനിശ്ചിതത്വം നമ്മോട് ഓരോരുത്തരോടും നടത്തുന്ന ഒരു ആഹ്വാന മായി ഫ്രാൻസിസ് പാപ്പായുടെ വാക്കുകളിൽ മാറുന്നു: "നമ്മുടേതായ ഈ മാഹാത്മ്യം മറക്കരുത് എന്ന് ലോകം മുഴുവനിലുമുള്ള ഓരോ വ്യക്തിയോടും ഞാൻ അഭ്യർഥിക്കുന്നു. അതു നമ്മിൽനിന്ന് എടുത്തു മാറ്റാൻ ആർക്കും അവകാശമില്ല." [116]

*2024 ഫെബ്രുവരി 28-ാം തീയതി വിശ്വാസപ്രബോധന സംബന്ധ മന്ത്രാലയത്തിന്റെ സാധാരണ സമ്മേളനത്തിൽ തീർപ്പാക്കപ്പെട്ട ഈ പ്രഖ്യാപനം (Declaration) താഴെ ഒപ്പു വച്ചിരിക്കുന്ന പ്രസ്തുത മന്ത്രാലയത്തിന്റെ പ്രീഫെക്ടിനും അതിന്റെ പ്രബോധനവിഭാഗത്തിന്റെ സെക്രട്ടറിക്കും പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2024 മാർച്ച് 25-ാം തീയതി നല്കിയ കൂടിക്കാഴ്ചയിൽ അംഗീകരിക്കുകയും ഇത് പ്രസിദ്ധീകരിക്കുന്നതിന് ഉത്തരവ് ഇടുകയും ചെയ്തു.*

*റോമിലെ വിശ്വാസപ്രബോധനസംബന്ധ മന്ത്രാലയത്തിൽ നിന്ന് 2024 ഏപ്രിൽ 2-ാം തീയതി, വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ മരണത്തിന്റെ 19-ാം വാർഷിക ദിനത്തിൽ നല്കപ്പെട്ടത്.*

വിക്ടർ മാനുവൽ കർദിനാൾ ഫെർണാണ്ടസ്
പ്രീഫെക്ട്

മോൺ. അർമാൻഡോ മത്തേയോ
സെക്രട്ടറി, പ്രബോധനവിഭാഗം

കൂടിക്കാഴ്ചദിനം, 25.03.2024
ഫ്രാൻസിസ് പാപ്പാ

Notes :

[1] John Paul II, *Angelus in the Cathedral of Osnabrück* (16 November 1980): *Insegnamenti III/2* (1980), 1232.

[2] Francis, Apostolic Exhortation *Laudate Deum* (4 October 2023), no. 39: *L'Osservatore Romano* (4 October 2023), III.

[3] In 1948, the United Nations adopted the *Universal Declaration of Human Rights*, which consists of thirty articles. The word "dignity" appears there five times, in strategic places: in the first words of the *Preamble* and in the first sentence of *Article One*. This dignity is declared to be "inherent in all members of the human family" (*Preamble*) and "all human beings are born free and equal in dignity and rights" (Article 1).

[4] Paying attention only to the modern era, we see how the Church has progressively accentuated the importance of human dignity. The theme was particularly developed in Pope Leo XIII's Encyclical *Rerum Novarum* (1891), Pope Pius XI's Encyclical *Quadragesimo Anno* (1931) and Pope Pius XII's *Address to the Congress of the Italian Catholic Union of Midwives* (1951). The Second Vatican Council, then, developed this issue, devoting an entire document to the subject with the Declaration *Dignitatis Humanae* (1965) and discussing human freedom in the Pastoral Constitution *Gaudium et Spes* (1965).

[5] Paul VI, *General Audience* (4 September 1968): *Insegnamenti VI* (1968), 886.

[6] John Paul II*, Address to the Third General Conference of the Latin American Episcopate* (28 January 1979), III.1-2: *Insegnamenti II/1* (1979), 202-203.

[7] Benedict XVI, *Address to Participants in the General Assembly of the Pontifical Academy for Life* (13 February 2010): *Insegnamenti VI/1* (2011), 218.

[8] Benedict XVI, *Address to Participants in the Meeting of the Development Bank of the Council of Europe* (12 June 2010): *Insegnamenti VI/1* (2011), 912-913.

[9] Francis, Apostolic Exhortation *Evangelii Gaudium* (24 November 2013), no. 178: *AAS* 105 (2013), 1094; quoting John Paul II*, Angelus in the Cathedral of Osnabrück* (16 November 1980): *Insegnamenti III/2* (1980), 1232.

[10] Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 8: *AAS* 112 (2020), 971. [11] *Ibid.,* no. 277: *AAS* 112 (2020), 1069.

[12] *Ibid.,* no. 213: *AAS* 112 (2020), 1045.

[13] *Ibid.,* no. 213: *AAS* 112 (2020), 1045; quoting Id., *Message to Participants in the International Conference "Human Rights in the Contemporary World: Achievements, Omissions, Negations"* (10 December 2018): *L'Osservatore Romano*, (10-11 December 2018), 8.

[14] The 1948 UN Declaration was followed and further elaborated by the 1966 UN *International Covenant on Civil and Political Rights* and the 1975 *Helsinki Final Act of the Conference on Security and Cooperation in Europe.*

[15] Cf. International Theological Commission, *Dignity and Rights of the Human Person* (1983), Introduction, 3. A compendium of Catholic teaching on human dignity can be found in the *Catechism of the Catholic Church*, in the chapter entitled, "The Dignity of the Human Person," nos. 1700-1876.

[16] Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 22: *AAS* 112 (2020), 976.

[17] Boethius, *Contra Eutychen et Nestorium,* c. 3: PL 64, 1344: "*persona est rationalis naturae individua substantia*." Cf. Bonaventure, *In I Sent.*, d. 25, a. 1, q. 2; Thomas Aquinas, *Summa Theologiae* I, q. 29, a. 1, *resp.*

[18] Since it is not the purpose of this Declaration to draw up an exhaustive treatise on the notion of dignity, for the sake of brevity, only the so-called classical Greek and Roman culture is mentioned here as an example, as the point of reference for early Christian philosophical and theological reflection.

[19] For example, see Cicero, *De Officiis* I, 105-106: "*Sed pertinet ad omnem officii quaestionem semper in promptu habere, quantum natura hominis pecudibus reliquisque beluis antecedat* […] *Atque etiam si considerare volumus, quae sit in natura excellentia et dignitas, intellegemus, quam sit turpe diffluere luxuria et delicate ac molliter vivere quamque honestum parce, continenter, severe, sobrie*" (Id., *Scriptorum Latinorum Bibliotheca Oxoniensis*, ed. M. Winterbottom, Oxford 1994, 43). In English translation: "But it is essential to every inquiry about duty that we keep before our eyes how far superior man is by nature to cattle and other beasts

[...] And if we will only bear in mind the superiority and dignity of our nature, we shall realize how wrong it is to abandon ourselves to excess and to live in luxury and voluptuousness, and how right it is to live in thrift, self-denial, simplicity, and sobriety" (Id., *On Duties*, tr. W. Miller, Loeb Classical Library 30, Harvard University Press, Cambridge 1913, 107-109).

[20] Cf. Paul VI, *Address to the Pilgrimage to the Holy Land: Visit to the Basilica of the Annunciation in Nazareth* (5 January 1964): *AAS* 56 (1964), 166-170.

[21] For example, see Clement of Rome, 1 Clem. 33, 4f: PG 1, 273; Theophilus of Antioch, Ad Aut. I, 4: PG 6, 1029; Clement of Alexandria, *Strom.* III, 42, 5-6: PG 8, 1145; Ibid., VI, 72, 2: PG 9, 293; Irenaeus of Lyons, *Adv. Haer*. V, 6, 1: PG 7, 1137-1138; Origen, *De princ.* III, 6, 1: PG 11, 333; Augustine, *De Gen. ad litt.* VI, 12: PL 34, 348; *De Trinitate* XIV, 8, 11: PL 42, 1044-1045.

[22] Thomas Aquinas, *Summa Theologiae*, I, q. 29, a. 3, *resp*.: «*persona significat id, quod est perfectissimum in tota natura, scilicet subsistens in rationali natura*».

[23] Cf. Giovanni Pico della Mirandola and his well-known text, *Orartio de Hominis Dignitate* (1486).

[24] For a Jewish thinker, such as E. Levinas (1906-1995), the human being is qualified by his freedom insofar as he discovers himself as infinitely responsible for another human being.

[25] Some great Christian thinkers of the nineteenth and twentieth centuries—such as St. J.H. Newman, Bl. A. Rosmini, J. Maritain, E. Mounier, K. Rahner, H. U. von Balthasar, and others—have succeeded in proposing a vision of the human person that can validly dialogue with all the currents of thought present in the early twenty- first century, whatever their inspiration, even Postmodernism.

[26] This is why the "*Universal Declaration of Human Rights* […] implicitly suggests that the source of inalienable human rights is found in the dignity of every human person" (International Theological Commission, *In Search of a Universal Ethics: A New Look at the Natural Law* [2009], no. 115).

[27] Second Vatican Ecumenical Council, Pastoral Constitution *Gaudium et Spes* (7 December 1965), no. 26: *AAS* 58 (1966), 1046. The entire first chapter of the first part of the Pastoral Constitution (nos. 11-22) is devoted to the "Dignity of the Human Person."

[28] Second Vatican Ecumenical Council, Declaration *Dignitatis Humanae* (7 December 1965), no. 1: *AAS* 58 (1966), 929.

[29] *Ibid.,* no. 2: *AAS* 58 (1966), 931.

[30] Cf. Congregation for the Doctrine of the Faith, Instruction *Dignitas Personae* (8 September 2008), no. 7: *AAS* 100 (2008), 863. Cf. also Irenaeus of Lyons, *Adv. Haer*. V, 16, 2: PG 7, 1167-1168.

[31] Since "by his Incarnation, the Son of God has united himself in a certain way with every man," the dignity of every man

is revealed to us by Christ in its fullness (Second Vatican Ecumenical Council, Pastoral Constitution *Gaudium et Spes* [7 December 1965], no. 22: *AAS* 58 [1966], 1042).

[32] Second Vatican Ecumenical Council, Pastoral Constitution *Gaudium et Spes* (7 December 1965), no. 19: *AAS* 58 (1966), 1038.

[33] John Paul II, Encyclical Letter *Evangelium Vitae* (25 March 1995), no. 38: *AAS* 87 (1995), 443, quoting Irenaeus of Lyons, *Adv. Haer*. IV, 20, 7: PG 7, 1037-1038.

[34] Indeed, Christ has given the baptized a new dignity, that of being "sons of God": cf. *Catechism of the Catholic Church*, nos. 1213, 1265, 1270, 1279.

[35] Second Vatican Ecumenical Council, Declaration *Dignitatis Humanae* (7 December 1965), no. 9: *AAS* 58 (1966), 935.

[36] Cf. Irenaeus of Lyons, *Adv. Haer*. V, 6, 1. V, 8, 1. V, 16, 2: PG 7, 1136-1138. 1141-1142. 1167-1168; John Damascene, *De fide orth*. 2, 12: PG 94, 917-930.

[37] Benedict XVI, *Address at Westminster Hall* (17 September 2010): *Insegnamenti VI/2* (2011), 240.

[38] Francis, *General Audience* (12 August 2020): *L'Osservatore Romano* (13 August 2020), 8; quoting John Paul II, *Address to the United Nations General Assembly* (2 October 1979), 7 and Id., *Address to the United Nations General Assembly* (5 October 1995), 2.

[39] Cf. Congregation for the Doctrine of the Faith, Instruction

*Dignitas Personae* (8 September 2008), no. 8: *AAS* 100 (2008), 863-864.

[40] International Theological Commission, *Religious Freedom for the Good of All* (2019), no. 38.

[41] Cf. Francis, *Address to Members of the Diplomatic Corps Accredited to the Holy See for the Presentation of New Year's Greetings* (8 January 2024): *L'Osservatore Romano* (8 January 2024), 3.

[42] John Paul II, Encyclical Letter *Evangelium Vitae* (25 March 1995), no. 19: *AAS* 87 (1995), 422.

[43] Francis, Encyclical Letter *Laudato Si'* (24 May 2015), no. 69: *AAS* 107 (2015), 875; quoting *Catechism of the Catholic Church*, no. 339.

[44] Francis, Apostolic Exhortation *Laudate Deum* (4 October 2023), no. 67: *L'Osservatore Romano* (4 October 2023), IV.

[45] *Ibid.,* no. 63: *L'Osservatore Romano* (4 October 2023), IV.

[46] *Catechism of the Catholic Church,* no. 1730.

[47] Benedict XVI, *Message for the Celebration of the 44th World Day of Peace* (1 January 2011), no. 3: *Insegnamenti VI/2* (2011), 979.

[48] Pontifical Council for Justice and Peace, *Compendium of the Social Doctrine of the Church*, no. 137.

[49] Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 109: *AAS* 112 (2020), 1006.

[50] Pontifical Council for Justice and Peace, *Compendium of the Social Doctrine of the Church*, no. 137.

[51] Francis, *Address to Participants in the World Meeting of Popular Movements* (28 October 2014): *AAS* 106 (2014), 858.

[52] Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 107: *AAS* 112 (2020), 1005-1006.

[53] Second Vatican Ecumenical Council, Pastoral Constitution *Gaudium et Spes* (7 December 1965), no. 27: *AAS* 58 (1966), 1047.

[54] *Ibid*.

[55] *Ibid*.

[56] Cf. *Catechism of the Catholic Church*, no. 2267, and Congregation for the Doctrine of the Faith, *Letter to Bishops Regarding the New Revision of Number 2267 of the Catechism of the Catholic Church on the Death Penalty* (1 August 2018), nos. 7-8.

[57] Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 269: *AAS* 112 (2020), 1065.

[58] John Paul II, Encyclical Letter *Sollicitudo Rei Socialis* (30 December 1987), no. 28: *AAS* 80 (1988), 549.

[59] Benedict XVI, Encyclical Letter *Caritas in Veritate* (29 June 2009), no. 22: *AAS* 101 (2009), 657, quoting Paul VI, Encyclical Letter *Populorum Progressio* (26 March 1967), no. 9: *AAS* 59 (1967), 261-262.

[60] Francis, Encyclical Letter *Fratelli Tutti* (3 October 2020), no.

21: *AAS* 112 (2020), 976; quoting Benedict XVI, Encyclical Letter *Caritas in Veritate* (29 June 2009), no. 22: *AAS* 101 (2009), 657.

[61] Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 20: *AAS* 112 (2020), 975-976. Cf. also the “Prayer to the Creator” at the end of this encyclical.

[62] *Ibid.,* no. 116: *AAS* 112 (2020), 1009; quoting Francis, *Address to Participants in the World Meeting of Popular Movements* (28 October 2014): *AAS* 106 (2014), 851-852.

[63] Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 162: *AAS* 112 (2020), 1025; quoting Francis, *Address to Members of the Diplomatic Corps Accredited to the Holy See* (12 January 2015): *AAS* 107 (2015), 165.

[64] Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 25: *AAS* 112 (2020), 978; quoting Francis, *Message for the 2016 World Day of Peace* (1 January 2016): *AAS* 108 (2016), 49.

[65] Francis, *Message to Participants in the Sixth Edition of the “Forum de Paris sur la Paix”* (10 November 2023): *L’Osservatore Romano* (10 November 2023), 7; quoting Id., *General Audience* (23 March 2022): *L’Osservatore Romano* (23 March 2022), 3.

[66] Francis, *Address to the Conference of Parties to the United Nations Framework Convention on Climate Change (COP 28)* (2 December 2023): *L’Osservatore Romano* (2 December 2023), 2.

[67] Cf. Paul VI, *Address to the United Nations* (4 October 1965): *AAS* 57 (1965), 881.

[68] John Paul II, Encyclical Letter *Redemptor Hominis* (4 March 1979), no. 16: *AAS* 71 (1979), 295.

[69] Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 258: *AAS* 112 (2020), 1061.

[70] Francis, *Address to the Security Council of the United Nations* (14 June 2023): *L'Osservatore Romano* (15 June 2023), 8.

[71] Francis, *Address on the World Day of Prayer for Peace* (20 September 2016): *L'Osservatore Romano* (22 September 2016), 5.

[72] Cf. Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 38: *AAS* 112 (2020), 983: "For this reason, 'there is also a need to reaffirm the right not to emigrate, that is, to remain in one's homeland'"; quoting Benedict XVI, *Message for the 99th World Day Migrants and Refugees* (12 October 2012): *AAS* 104 (2012), 908.

[73] Cf. Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 38: *AAS* 112 (2020), 982-983. [74] *Ibid.,* no. 39: *AAS* 112 (2020), 983.

[75] Benedict XVI, Encyclical Letter *Caritas in Veritate* (29 June 2009), no. 62: *AAS* 101 (2009), 697.

[76] Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 39: *AAS* 112 (2020), 983.

[77] We might recall here Pope Paul III's declaration on the dignity of those people found in the lands of the "New World" in

the Bull *Pastorale Officium* (29 May 1537), where the Holy Father established—under penalty of excommunication—that the inhabitants of those territories, "even if outside the bosom of the Church, are not […] to be deprived, of their freedom or the ownership of their goods, for they are men and, therefore, capable of faith and salvation" («*licet extra gremium Ecclesiae existant, non tamen sua libertate, aut rerum suarum dominio* […] *privandos esse, et cum homines, ideoque fidei et salutis capaces sint*»): DH 1495.

[78] Francis, *Address to Participants in the Plenary of the Pontifical Council for the Pastoral Care of Migrants and Itinerant People* (24 May 2013): *AAS* 105 (2013), 470-471.

[79] Francis, *Address to the United Nations Organization*, New York (25 September 2015): *AAS* 107 (2015), 1039.

[80] Francis, *Address to New Ambassadors Accredited to the Holy See on the Occasion of the Presentation of the Letters of Credence* (12 December 2013): *L'Osservatore Romano* (13 December 2013), 8.

[81] Francis, *Address to Participants in the International Conference on Human Trafficking* (11 April 2019): *AAS* 111 (2019), 700.

[82] XV Ordinary General Assembly of the Synod of Bishops, *Final Document* (27 October 2018), no. 29.

[83] Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 23: *AAS* 112 (2020), 977, quoting Francis, Apostolic

Exhortation *Evangelii Gaudium* (24 November 2013), no. 212: *AAS* 105 (2013), 1108.

[84] John Paul II, *Letter to Women* (29 June 1995), no. 4: *Insegnamenti XVIII/1* (1997), 1874.

[85] *Ibid.,* no. 5: *Insegnamenti XVIII/1* (1997), 1875.

[86] *Catechism of the Catholic Church*, no. 1645.

[87] Francis, *Address on the Occasion of the Marian Celebration – Our Lady of the Gate* (20 January 2018): *AAS* 110 (2018), 329.

[88] Francis, *Address to the Participants in the Plenary Assembly of the Congregation for the Doctrine of the Faith* (21 January 2022): *L'Osservatore Romano* (21 January 2022), 8.

[89] John Paul II, Encyclical Letter *Evangelium Vitae* (25 March 1995), no. 58: *AAS* 87 (1995) 466-467. On the subject of the respect due to human embryos, see Congregation for the Doctrine of the Faith, Instruction *Donum Vitae* (22 February 1987): "The practice of keeping alive human embryos *in vivo* or *in vitro* for experimental or commercial purposes is totally opposed to human dignity" (I, 4): *AAS* 80 (1988), 82.

[90] Francis, Apostolic Exhortation *Evangelii Gaudium* (24 November 2013), no. 213: *AAS* 105 (2013), 1108.

[91] *Ibid*.

[92] Francis, *Address to Members of the Diplomatic Corps Accredited to the Holy See* (8 January 2024): *L'Osservatore Romano* (8 January 2024), 3.

[93] Cf. Congregation for the Doctrine of the Faith, Instruction *Dignitas Personae* (8 September 2008), no. 16: *AAS* 100 (2008), 868-869. All these aspects are recalled in the then-Congregation's Instruction *Donum Vitae* (22 February 1987): *AAS* 80 (1988), 71-102.

[94] Congregation for the Doctrine of the Faith, Letter *Samaritanus Bonus* (14 July 2020), V, no. 4: *AAS* 112 (2020), 925.

[95] Cf. *Ibid.,* V, no. 1: *AAS* 112 (2020), 919.

[96] Francis, *General Audience* (9 February 2022): *L'Osservatore Romano* (9 February 2022), 3.

[97] See especially Francis, Encyclical Letter *Fratelli Tutti* (3 October 2020), nos. 18-21: *AAS* 112 (2020), 975- 976: "A 'Throwaway' World." No. 188 of the same Encyclical goes so far as to identify a "throwaway culture."

[98] Cf. Francis, *Address to Participants in the Conference Organized by the Pontifical Council for Promoting the New Evangelization* (21 October 2017): *L'Osservatore Romano* (22 October 2017), 8: "Vulnerability is intrinsic to the essential nature of the human person."

[99] Cf. Francis, *Message for the International Day of Persons with Disabilities* (3 December 2020): *AAS* 112 (2020), 1185-1188.

[100] Francis, Encyclical Letter *Fratelli Tutti* (3 October 2020), nos. 187-188: *AAS* 112 (2020), 1035-1036; cf. Id., *Address to the European Parliament*, Strasbourg (25 November 2014): *AAS* 106 (2014), 999, and Id., *Address at the Meeting with*

*Authorities and the Diplomatic Corps in the Central African Republic*, Bangui (29 November 2015): *AAS* 107 (2015), 1320.

[101] Francis, Post-Synodal Apostolic Exhortation *Amoris Laetitia* (19 March 2016), no. 250: *AAS* 108 (2016), 412-413; quoting *Catechism of the Catholic Church*, no. 2358.

[102] Francis, *Address to Members of the Diplomatic Corps Accredited to the Holy See for the Presentation of New Year's Greetings* (8 January 2024): *L'Osservatore Romano* (8 January 2024), 3.

[103] Francis, Apostolic Exhortation *Amoris Laetitia* (19 March 2016), no. 56: *AAS* 108 (2016), 334.

[104] *Ibid*.; quoting Fourteenth Ordinary General Assembly of the Synod of Bishops, *Relatio Finalis* (24 October 2015), 58.

[105] *Ibid.,* no. 286: *AAS* 108 (2016), 425.

[106] *Catechism of the Catholic Church*, no. 364.

[107] This also applies to the respect due to the bodies of the deceased; for example, see Congregation for the Doctrine of the Faith, Instruction *Ad Resurgendum cum Christo* (15 August 2016), no. 3: *AAS* 108 (2016), 1290: "By burying the bodies of the faithful, the Church confirms her faith in the resurrection of the body, and intends to show the great dignity of the human body as an integral part of the human person whose body forms part of their identity." More generally, see also International Theological Commission, *Current Problems of Eschatology* (1990), no. 5: "People Called to Resurrection."

[108] Cf. Francis, Encyclical Letter *Laudato si'* (24 May 2015), no. 155: *AAS* 107 (2015), 909.

[109] Francis, Apostolic Exhortation *Amoris Laetitia* (19 March 2016), no. 56: *AAS* 108 (2016), 344.

[110] Francis, Post-Synodal Apostolic Exhortation *Christus Vivit* (25 March 2019), no. 88: *AAS* 111 (2019), 413, quoting the XV Ordinary General Assembly of the Synod of Bishops, *Final Document* (27 October 2018), no. 23.

[111] Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 42: *AAS* 112 (2020), 984.

[112] Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 205: *AAS* 112 (2020), 1042; quoting Id., *Message for the 48th World Communications Day* (24 January 2014): *AAS* 106 (2014), 113.

[113] Francis, *Angelus* (10 December 2023): *L'Osservatore Romano* (11 December 2023), 12.

[114] Cf. International Theological Commission, *Propositions on the Dignity and Rights of the Human Person* (1983), no. 2.

[115] Francis, Encyclical Letter *Fratelli Tutti* (3 October 2020), no. 195: *AAS* 112 (2020), 1038, quoting Id., Apostolic Exhortation *Evangelii Gaudium* (24 November 2013), no. 274: *AAS* 105 (2013), 1130.

[116] Francis, Encyclical Letter *Laudato si'* (24 May 2015), no. 205: *AAS* 107 (2015), 928.



# അനന്ത മാഹാത്മ്യം

*(Dignitas Infinita)*

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതാണ് മനുഷ്യന്റെ മാഹാത്മ്യത്തിന്റെ അടിസ്ഥാനകാരണം. മനുഷ്യമാഹാത്മ്യം ഓരോ വ്യക്തിയുടെയും ഉണ്മയിൽ അഭേദമാം വിധം ഇഴുകിച്ചേർന്നിരിക്കുന്നു. യുക്തികൊണ്ടുമാത്രംപോലും പൂർണമായും തിരിച്ചറിയാനാകുന്ന ഈ തത്ത്വമാണ് മനുഷ്യവ്യക്തിത്വത്തിന്റെ പ്രാമുഖ്യത്തിനും മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിനും ആധാരമായി നില്ക്കുന്നത്. ഈ പശ്ചാത്തലത്തിൽ മനുഷ്യമാഹാത്മ്യത്തിന് വിരുദ്ധമായി നില്ക്കുന്ന അതിക്രമങ്ങളെക്കുറിച്ച് രേഖ പ്രതിപാദിക്കുക്കുകയും എന്ത് വിലകൊടുത്തും അത് സംരക്ഷിക്കപ്പെടണമെന്ന് ഊന്നിപ്പറയുകയും ചെയ്യുന്നു.

TO SERVE IN TRUTH AND LOVE

Pastoral Orientation Centre,
Secretariat, Kerala Catholic Bishops' Council,
Palarivattom, Kochi 682 025, Kerala, India
Ph: +91484 2805722, 2805815
E-mail: pocpublications@gmail.com

9 789383 423729

₹ 130